# പ്രത്യാശയുടെ പ്രഭാതം

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# പ്രത്യാശയുടെ പ്രഭാതം

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS PVT. LTD., EDAPPALLY,
KOCHI - 682 024

●

*copy right reserved*

●

# ആമുഖം

അമേരിക്കൻ മാനസികാപഗ്രഥന ശാസ്ത്രത്തിന്റെ ജനയിതാവായി കരുതപ്പെടുന്ന മഹാനായിരുന്നു വില്യം ജെയിംസ്. (1842 - 1910). അദ്ദേഹം ഒരിക്കൽ പറഞ്ഞു. “The greatest discovery of my generation is that human beings can alter their lives by altering their attitudes of mind.” മനുഷ്യന് തന്റെ മനോഭാവം മാറ്റുന്നതിൽ കൂടെ ജീവിതമാകെ മാറ്റാൻ കഴിയുമെന്നുള്ളതാണ് എന്റെ തലമുറയിലെ ഏറ്റവും വലിയ കണ്ടുപിടിത്തം. വില്ല്യം ജെയിംസിന്റെ തലമുറയിലാണ് ഏറ്റവും കൂടുതൽ കണ്ടുപിടിത്തങ്ങളുണ്ടായത്. പക്ഷേ ഏറ്റവും വലിയ കണ്ടുപിടിത്തം മനോവിപ്ലവത്തിലൂടെ ജീവിതമാകെ മാറ്റിമറിക്കാം എന്നതായിരുന്നു.

ശ്രീബുദ്ധൻ പറഞ്ഞു. “മനസ്സാണ് എല്ലാം. നാം എന്തു ചിന്തിക്കുന്നുവോ അതായിത്തീരും.” (Mind is everything. We become what we think) സുപ്രസിദ്ധ ശാസ്ത്രജ്ഞനായ തോമസ് ആൽവാ എഡിസന്റെ മകനായ ചാൾസ് എഡിസൺ ഒരു

കാലത്ത് ന്യൂജേഴ്സിയുടെ ഗവർണർ ആയിരുന്നു. മകനോട് അപ്പൻ പറയാറുണ്ട്. ശരീരത്തിന്റെ പ്രഥമ ധർമ്മം തലച്ചോറിനെ വഹിക്കുക എന്നതാണ്. (The primary function of the body is to carry the brain.)

ഈ മഹാന്മാരെല്ലാം പറഞ്ഞതിന്റെ പൊരുൾ മനസ്സിന്റെ ഭാവം, ചിന്ത, നിരൂപണം എന്നിവ ജീവിതത്തെ ആസകലം രൂപപ്പെടുത്തുന്നു എന്നതാണ്. മനോഭാവത്തിന്റെ നിയന്ത്രണം യേശുക്രിസ്തുവിനു കൊടുക്കുന്നതാണ് മാനസാന്തരം. ജീവിതത്തിൽ നേരിടുന്ന യാതനകളെയും ദുരിതങ്ങളെയും ജീവിതത്തെ ചിട്ടപ്പെടുത്തുവാനും രൂപപ്പെടുത്തുവാനും സഹായകമാക്കി എടുക്കുന്നതിൽ യേശുക്രിസ്തുവിനുള്ള സ്വാധീനവും ശക്തിയും ആയിരങ്ങളുടെ അനുഭവമാണ്.

മാനസാന്തരത്തിന്റെ മാസ്മര ശക്തിയുടെ അദൃശ്യ സ്പർശത്തിലേക്ക് അനേകരെ ആനയിക്കുക എന്നുള്ളതാണ് എന്റെ പുസ്തകങ്ങളുടെയെല്ലാം രചനയുടെ പ്രചോദക ഘടകം. മാനസാന്തരം മൂലം എനിക്ക് എന്റെ പ്രതിസന്ധികളെ നേരിടുവാനും ജീവിത ക്ലേശങ്ങളെയും വിഘ്നങ്ങളെയും പുഞ്ചിരിയോടെ നോക്കിക്കാണാനും സാധിച്ചു എന്നുള്ളതു കൊണ്ടാണ് പ്രത്യാശയുടെ സുപ്രഭാതത്തിലേക്ക് ഞാൻ ഏവരെയും സ്വാഗതം ചെയ്യുന്നത്.

എന്റെ നാല്പത്തൊൻപതാമത്തെ ഗ്രന്ഥമാണ് **"പ്രത്യാശയുടെ പ്രഭാതം"** ഇയ്യോബിന്റെയും യെശയ്യാവിന്റെയും ജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ട് പ്രകാശമാനമായ ഭാവിയിലേക്ക് ആർക്കും എത്തിച്ചേരാം എന്ന പ്രത്യാശ പകരാനാണ് ഈ ഗ്രന്ഥത്തിൽ എന്റെ എളിയ ഉദ്ദേശം.

ഈ ഗ്രന്ഥരചനയിലും അച്ചടി, ഡിറ്റിപി, എഡിറ്റിംഗ് തുടങ്ങിയ വിവിധ യത്നങ്ങളിലും എന്നെ സഹായിച്ച

ആത്മീയ സഹോദരങ്ങൾ വളരെ പേരാണ്. അവർക്കെല്ലാം എന്റെ കൃതജ്ഞതയെക്കാളുപരി കർത്താവ് പ്രതിഫലം നൽകട്ടെ എന്നു ഞാനാശംസിക്കുന്നു.

ഏവരുടെയും സൗമനസ്യസമന്വിതമായ സഹകരണവും നിർദ്ദേശങ്ങളും ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

എന്ന്,

നിങ്ങളുടെ വിനീത വിധേയൻ,
എം.വൈ. യോഹന്നാൻ

കടയിരുപ്പ്
20.12.2008

## ഒന്ന്

"അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും, ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും ; മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവകളായും തീരും......"

യെശയ്യാവു . 35 : 5 – 7

കുരുടന്മാരുടെ കണ്ണു തുറന്നുവരും, ആന്തരീകമായ കാഴ്ച ലഭിക്കും. അകത്തെ മനുഷ്യനു വെളിവു ലഭിക്കും. കുരുട്ടു കണ്ണുകൾ തുറക്കും. ഉൾവെളിവ് ഉണ്ടാകും.

കണ്ണു തുറന്നു കിട്ടും എന്നു പറയുന്നതു എന്താണ്? ഞാൻ ആരാണ് എന്നു അറിയും. ദൈവം ആരാണെന്നു കാണും. അപ്പോൾ ഞാൻ ആയിരിക്കുന്നതുപോലെതന്നെ എന്നെ കാണും.

യെശയ്യാ പ്രവാചകൻ പ്രവാചകശുശ്രൂഷ ചെയ്യുന്നവനായിരുന്നു. പ്രവാചകൻ ദൈവത്തെ കണ്ടു. ഉന്നതനായ ദൈവത്തെ കണ്ടപ്പോൾ തന്നെത്താൻ കണ്ടു. നാം തന്നെത്താൻ കാണണമെങ്കിൽ ദൈവത്തെ കാണണം.

ദൈവത്തെ എങ്ങനെ കാണും? നിത്യനായ ദൈവത്തെ എങ്ങനെ കാണും? “ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും” ഹൃദയം വിശുദ്ധമാകും. അശുദ്ധമായ ഹൃദയം വിശുദ്ധമാകും. ദുഷ്ടതയുള്ള ഹൃദയം വിശുദ്ധമാകും. എപ്പോഴും മറ്റുള്ളവരെക്കുറിച്ചു ചീത്തമാത്രം ചിന്തിക്കുന്ന ഹൃദയം സ്നേഹം മാത്രമായിത്തീരും. ഹൃദയശുദ്ധിയുള്ളവർ, അവരാണ് ദൈവത്തെ കാണുന്നത്.

തേജോമയനായ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നതാണ് പ്രവാചകൻ കണ്ടത്. സാറാഫുകൾ ചുറ്റും നിന്നു ആർത്തു ആഘോഷിക്കുന്നതു കണ്ടു. ആറാറുചിറകുള്ള സ്രോപ്പേ മാലാഖമാർ രണ്ടുചിറകുകൊണ്ടു മുഖം മൂടി, രണ്ടു ചിറകുകൊണ്ടു കാലുമൂടി, രണ്ടു ചിറകുകൊണ്ടു പറന്നുനിന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു ആർത്താഘോഷിക്കുന്നതു കണ്ടു.

അപ്പോൾ യെശയ്യാവു തന്നെത്തന്നെ കണ്ടു. അയ്യോ ഞാൻ ഇതു കാണാൻ യോഗ്യനല്ലല്ലോ. ഈ ദൈവത്തെ കാണാൻ എനിക്കു അർഹതയില്ലല്ലോ. അയ്യോ ഞാൻ നശിച്ചു. “എനിക്കു അയ്യോ കഷ്ടം! ഞാൻ നശിച്ചു. ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ.” ഇതാണു ശരിയായ കാഴ്ചപ്പാട്, ഇതു തന്നെയാണ് സത്യകുമ്പസാരം.

ഞാൻ എല്ലാ തെറ്റും ചെയ്തുപോയി എന്നു പറയുന്ന

തല്ല കുമ്പസാരം. വളരെ കൃത്യമായി ഇന്നസ്ഥാനത്ത്, ഇന്ന കാര്യത്തിൽ, ഇന്ന രീതിയിൽ എനിക്കു തെറ്റു പറ്റി എന്ന് തുറന്നു പറയണം. അതിനു പകരം ഞാൻ എല്ലാ പാപവും ചെയ്തുപോയി എന്ന് പറഞ്ഞാൽ എല്ലാം തീർന്നു എന്നാണു പലരുടെയും വിചാരം. ഇതല്ല ശരിയായ കുമ്പസാരം.

ശരിയായ പാപബോധം വരുന്നു. എനിക്കു അയ്യോ കഷ്ടം എന്ന നെടുവീർപ്പു വരുന്നു. അയ്യോ എനിക്കു ഇങ്ങനെ സംഭവിച്ചുപോയല്ലോ എന്ന ദു:ഖം വരുന്നു.

എന്റെ കണ്ണു അശുദ്ധിയുള്ള കണ്ണാണ്. ഈ അശുദ്ധി യുള്ള കണ്ണുകൊണ്ട് പരിശുദ്ധനായ നിത്യദൈവത്തെ കണ്ടു പോയല്ലോ. എന്റെ ഈ നാവു അശുദ്ധിയുള്ള നാവാണ്. അതുകൊണ്ടു ഞാൻ ദൈവത്തിന്റെ വചനം പറഞ്ഞുപോയ ല്ലോ. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനു ഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ ഞാൻ വസിക്കുന്നു. എന്റെ കണ്ണ് സ്വർഗ്ഗീയരാജാവായ ദൈവത്തെ കണ്ടുവല്ലോ. അവയവം അവയവം പ്രതി എനിക്കു തെറ്റുണ്ടെന്നു കണ്ടുപിടിച്ച് ഓരോന്നും കൃത്യമായി പറയുകയാണ്.

പാപം എങ്ങനെയാണ് ഏറ്റുപറയേണ്ടത് എന്ന് തിരുവ ചനം പറയുന്നുണ്ട് :

> "യേശുവ ആഖാനോടു : മകനേ, യിസ്രായേ ലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്തു അവനോടു ഏറ്റുപറക; നീ എന്തു ചെയ്തു എന്നു പറക; എന്നോടു മറച്ചുവയ്ക്ക രുത് എന്നു പറഞ്ഞു." യോശുവ – 7 : 19

പാപം വെറുതേ പറഞ്ഞാൽ പോരാ, അനുതാപത്തോടെ

പറയണം. കുറ്റബോധത്തോടെ പറയണം. പിടിക്കപ്പെടുന്നതിനുമുമ്പേ പറയണം. മാത്രമല്ല കൃത്യമായി പറയണം.

യോശുവ ആഖാനോടു പറയുന്നുണ്ട്, മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്ത് അവനോടു ഏറ്റുപറയുക. മകനെ നീ എന്തു ചെയ്തു എന്നാണ് പറയേണ്ടത്. വെറുതെ പറഞ്ഞാൽ പോരാ, എന്തു ചെയ്തു എന്നു കൃത്യമായി പറയണം. അതു വളരെ വ്യക്തമായിരിക്കണം. വേദനയോടും അനുതാപത്തോടും, കണ്ണീരോടും കൂടെ യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്തുകൊണ്ടു അവനോടു ഏറ്റപറയണം. ഒന്നും മറെച്ചുവയ്ക്കാതെ പറയണം.

ജനത്തെ നടത്തുവാൻ ദൈവം നിയോഗിച്ച ദൈവത്തിന്റെ പ്രവാചകൻ ആണ് പറയുന്നത്, നീ എന്തുചെയ്തു എന്നു കൃത്യമായി ദൈവത്തോടു ഏറ്റുപറയുക. പോര, എന്നോടും നീ അതുപോലെ തുറന്നു പറയണം. എന്നോടു നീ മറച്ചു വയ്ക്കരുത്.

ആഖാൻ എന്തു ചെയ്തു?

> ആഖാൻ യോശുവയോടു : ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോടു പിഴച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും, ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു, അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു ; വെള്ളി അടിയിൽ ആകുന്നു

എന്നു ഉത്തരം പറഞ്ഞു.” യോശുവ 7 : 20, 21

ഞാൻ മോഷ്ടിച്ചു എന്നു ചുമ്മാ പറയുകയല്ല, പകരം ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും, ഇരുന്നൂറു ശേക്കെൽ വെള്ളിയും, അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു. മോഹിച്ചു, എടുത്തു, അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു, വെള്ളി അടിയിൽ ആകുന്നു. എന്തു കൃത്യതയോടെയാണു ഏറ്റു പറയുന്നത്!

ഞാൻ മോഷ്ടിച്ചു എന്നു പറഞ്ഞിട്ടുകാര്യമില്ല. പാപം ക്ഷമിച്ചു കിട്ടുകയില്ല. സ്വർഗ്ഗത്തിലെ ദൈവം പാപത്തിന്റെ ബന്ധനം അഴിക്കണമെങ്കിൽ, പാപത്തിന്റെ മേൽ അവകാശം പറഞ്ഞുനില്ക്കുന്ന പിശാചിനെ മാറ്റണമെങ്കിൽ നീ എന്തു ചെയ്തു എന്ന് അല്പം പോലും മറച്ചുവയ്ക്കാതെ ഉള്ളതു ഉള്ളതുപോലെ തുറന്നു പറയണം.

ആഖാൻ എന്തു കൃത്യതയോടെയാണു പറയുന്നത്. ഇന്നിന്ന സാധനങ്ങൾ കണ്ടു, മോഹിച്ചു, എടുത്തു. ഒളിച്ചു വച്ചു. നോക്കൂ, ഇതാണു സത്യകുമ്പസാരം.

ആഖാൻ കുമ്പസാരിച്ചു എങ്കിലും മോചനം കിട്ടിയില്ല. കാരണം സമയം കഴിഞ്ഞുള്ള ഏറ്റുപറച്ചിലായിരുന്നു അത്.

യോശുവ പകൽ മുഴുവൻ അവസരം കൊടുത്തതാണ്. തലേന്നു ജനത്തിനു അനർത്ഥം വന്നു. യോശുവ മനസ്സിലാക്കി. ആർക്കോ തെറ്റു പറ്റി. എന്തുകൊണ്ടു ഈ ശാപം വന്നു?

“യിസ്രായേലേ നിന്റെ നടുവിൽ ഒരു ശാപം ഉണ്ടു. ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കാതിരുന്നാൽ

നിങ്ങൾക്കു യഹോവ ജയം തരികയില്ല. ദൈവം നിങ്ങളോടുകൂടെ ഇരിക്കുകയില്ല" എന്ന് യോശുവ മുന്നറിയിപ്പു കൊടുത്തിരുന്നു. ഇസ്രായേൽക്കാർ സ്വയശോധന ചെയ്ത് ഓരോരുത്തരും വന്ന് പാപം ഏറ്റുപറയേണ്ടതായിരുന്നു. ആഖാൻ തന്റെ പാപം മറച്ചുവയ്ക്കാതെ തുറന്നു പറയേണ്ടതായിരുന്നു. ലഭിച്ച അവസരം ആഖാൻ നഷ്ടപ്പെടുത്തി.

യോശുവ അന്നു ആഹാരം കഴിച്ചിട്ടില്ല. ദൈവത്തിന്റെ പ്രവാചകൻ അന്നു ഉപവാസമാണ്. ഭക്ഷണം കഴിക്കാതെയിരുന്നു പ്രാർത്ഥിക്കുകയാണ്. വേദനയോടെ അനുതാപത്തോടെ പ്രവാചകൻ കരയുകയാണ്.

എന്തിന്? അയ്യോ കർത്താവേ, ഞങ്ങൾക്കു ഈ കെടുതി വന്നല്ലോ; യെരീഹോ കോട്ട പിടിക്കാൻ എനിക്കു കൃപ തന്നിരുന്നു. കോട്ട പിടിച്ചു. ശത്രുക്കളെ സംഹരിച്ചുതന്നിരുന്നു.

എന്നാൽ ഹായിക്കോട്ട പിടിക്കാൻ പോയപ്പോൾ ശത്രുക്കളുടെ മുന്നിൽ ഞങ്ങൾ തോറ്റുപോയല്ലോ. ഞങ്ങൾക്ക് ഈ പരാജയം വന്നല്ലോ. എന്താണു കർത്താവെ കാരണം? ദൈവപുരുഷൻ ദൈവസന്നിധിയിൽ സങ്കടം ബോധിപ്പിച്ചു കരയുകയാണ്.

ദൈവം വെളിപ്പെടുത്തി. "യിസ്രായേലേ നിങ്ങളുടെ നടുവിൽ ഒരു ശാപം ഉണ്ട്. ശാപം നിങ്ങളുടെയിടയിൽ നിന്നു നീക്കാതിരുന്നാൽ യഹോവയായ ദൈവം നിങ്ങളോടു കൂടെയിരിക്കുകയില്ല."

അവസരം കൊടുത്തു. പക്ഷേ ആരും മിണ്ടുവാൻ തയ്യാറായില്ല. ആഖാന് അപ്പോൾ ഓടി വരാമായിരുന്നു. ഞാൻ ആണ് ഉത്തരവാദി. ഈ ശാപത്തിന്റെ കാരണക്കാരൻ ഞാനാണ്. ഞാൻ മൂലമാണ് ഈ വലിയ കെടുതി വന്നത്. ദൈവ

ജനത്തിനു വന്ന അപമാനത്തിനു കാരണം ഞാനാണ്. ഞാൻ ഒരുത്തൻ മൂലമാണ് ഈ അപകടം സംഭവിച്ചുപോയത്. അയ്യോ ഞാൻ യഹോവയോടു പാപം ചെയ്തുപോയി. ഞാൻ മോഷണം ചെയ്തുപോയി. ഇന്നിന്നതു ഇന്നിന്നവിധത്തിൽ ഞാൻ ചെയ്തുപോയി. എന്നിങ്ങനെയെല്ലാം പറയാമായിരുന്നു. മോചനം കിട്ടുമായിരുന്നു. പക്ഷെ ആരും വന്നു പറഞ്ഞില്ല.

ദൈവം വെളിപ്പെടുത്തികൊടുത്തു. ആഖാനെത്തന്നെ പേർ ചൊല്ലി വിളിക്കാനിടയായി. നോക്കൂ, ദൈവാത്മാവു വെളിപ്പെടുത്തി. ആത്മാവു വെളിപ്പെടുത്തുവാൻ കാത്തു നില്ക്കരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുവാൻ മടിച്ചു നില്ക്കരുത്.

എന്തു സംഭവിച്ചു? ദൈവത്തിന്റെ ആത്മാവു വെളിപ്പെടുത്തിയപ്പോൾ ആഖാനു പിന്നെ തുറന്നു പറയാതിരിക്കാൻ നിർവാഹമില്ല. പറഞ്ഞു. അങ്ങനെ വശമില്ലാതെ, നിർവാഹമില്ലാതെ പറയുകയല്ല വേണ്ടത്.

പാപം ഏറ്റുപറയുന്നതു വേറെ ആർക്കും വേണ്ടിയല്ല. എന്റെ ആവശ്യമാണ്. എന്റെ ബന്ധനം അഴിയുക എന്നുള്ളതു എന്റെ ആവശ്യമാണ്.

അത് ദൈവത്തിന്റെ വേല ചെയ്യുന്ന ദൈവദാസന്മാരുടെ ആവശ്യമല്ല. അതു അപ്പന്റെയും അമ്മയുടെയും ആവശ്യമല്ല. അതു സഭയുടെ ആവശ്യമല്ല. പാപം ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കുക, ശാപം മാറുക, ബന്ധനം അഴിയുക – അതു അവനവന്റെ ആവശ്യമാണ്.

സമയം കഴിഞ്ഞുള്ള ഏറ്റു പറച്ചിൽ നിഷ്പ്രയോജനമാണ്. അതിനാൽ ആഖാനു ശിക്ഷയേൽക്കേണ്ടിവന്നു.

വേറെ ഒരാളുടെ ഒരു ഏറ്റു പറച്ചിൽ ദൈവവചനത്തിൽ നാം വായിക്കുന്നുണ്ട്.

> "അവനെ ശിക്ഷക്കു വിധിച്ചു എന്നു അവനെ കാണിച്ചു കൊടുത്ത യൂദ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശു മഹാപുരോഹിതന്മാരു ടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്കു എന്ത്? നീ തന്നേ നോക്കിക്കൊൾക എന്നു അവർ പറ ഞ്ഞു. അവൻ ആ വെള്ളിക്കാശു മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു."
>
> മത്താ. 27 : 3 - 5

യൂദ കണ്ടു അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശു മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മട ക്കിക്കൊണ്ടുവന്നു. പാപത്തിന്റെ കൂലി കിട്ടിയ ആ മുപ്പതു വെള്ളിക്കാശു മടക്കിക്കൊണ്ടുവന്നു. ഞാൻ ഇന്ന കാര്യം ഇന്ന വിധത്തിൽ ചെയ്തു. കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ ഞാൻ പാപം ചെയ്തു.

ശരിയായ ഏറ്റു പറച്ചിലാണ്. മഹാപുരോഹിതന്മാരു ടെയും മൂപ്പന്മാരുടെയും അടുക്കൽ വന്നു പറഞ്ഞു. പാപം ഏറ്റുപറയേണ്ടവരോടു തന്നെയാണ് ഏറ്റുപറഞ്ഞത്. ശരിയായ വിധത്തിൽത്തന്നെ യൂദ ഏറ്റു പറഞ്ഞു. പിന്നെ എന്താണു മോചനം കിട്ടാതെ പോയത്? അവൻ ആ വെള്ളിക്കാശു മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടി ഞാന്നു ചത്തു കളഞ്ഞു എന്നാണ് നാം വായിക്കുന്നത്.

കർത്താവായ യേശുക്രിസ്തു പത്ത് അവസരങ്ങൾ അഥവാ മുന്നറിയിപ്പുകൾ യുദായ്ക്കു കൊടുത്തു. നിങ്ങൾക്കു ലഭിക്കുന്ന മുന്നറിയിപ്പുകൾ അവഗണിച്ചുപോകരുത്. ആരെങ്കിലും മുന്നറിയിപ്പു തരുമ്പോൾ അദ്ദേഹത്തിനു എന്നോടു ഇഷ്ടമില്ലാത്തതുകൊണ്ടാണ് എന്നോട് ഒരു മയമില്ലാതെ സംസാരിക്കുന്നതു എന്നു തോന്നരുത്. കൂട്ടായ്മക്കാർക്കു ഇങ്ങനെ ഒരു അപകടമുണ്ട്. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ സ്നേഹിച്ച് നിങ്ങൾക്കു തരുന്ന മുന്നറിയിപ്പുകളാണ്. അതുകൊണ്ട് ദൈവം തരുന്ന മുന്നറിയിപ്പുകളെയും മുൻ സൂചനകളെയും അവഗണിച്ചുകളയരുത്. അപകടം നിങ്ങൾ ക്ഷണിച്ചു വരുത്തരുത്.

യൂദായ്ക്കു പത്തു അവസരങ്ങൾ കൊടുത്തു. അവസാനം കർത്താവു ഒടുവിലത്തെ അത്താഴത്തിന്റെ സമയത്തു കർത്താവ് തന്നെ ആദ്യത്തെ വി.കുർബ്ബാന യൂദക്കു കൊടുത്തു. എന്നിട്ടു പറഞ്ഞു :

എന്നോടു കൂടെ കൈ താലത്തിൽ മുക്കുന്നവൻ എന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നവനാണ്. അതു കഴിഞ്ഞു അവസാനം പറഞ്ഞു “നീ ചെയ്യുന്നത് വേഗത്തിൽ ചെയ്ക” യൂദ എന്തു ചെയ്യുമെന്ന് കർത്താവ് മുൻകണ്ടിരുന്നു.

> “ഞാൻ അപ്പഖണ്ഡം മുക്കികൊടുക്കുന്നവൻ തന്നേ എന്നു യേശു ഉത്തരം പറഞ്ഞു; ഖണ്ഡം മുക്കി ശീമോൻ ഈസ്കര്യ്യോത്താവിന്റെ മകനായ യൂദയ്ക്കു കൊടുത്തു. ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു. യേശു അവനോടു : നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക എന്നു പറഞ്ഞു.” യോഹന്നാൻ 13 : 26, 27

വിശുദ്ധ കുർബ്ബാന ഭക്ഷിച്ചു കഴിഞ്ഞ ഉടനെ സാത്താൻ അവനിൽ കടന്നു.

വിശുദ്ധ കുർബ്ബാന ഭക്ഷിച്ചാൽ അങ്ങനെ വരുമോ? അനുതാപമില്ലാതെ വിശുദ്ധ കുർബ്ബാന കൈക്കൊള്ളരുത്. ദൈവവചനം പറയുന്നു.

> "അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു."
>
> 1 കൊരിന്ത്യർ 11 : 27 – 30

ശരിയായ അനുതാപത്തോടെ വേണം വി.കുർബ്ബാന കൈക്കൊള്ളേണ്ടത്. ശരിയായ രീതിയിൽ ആണോ നിങ്ങൾ നാളിതുവരെ കുർബ്ബാന സ്വീകരിച്ചിട്ടുള്ളത്?

പാപ ബോധം കൊണ്ടു നിങ്ങളുടെ ഹൃദയം അനുതപിച്ചുവോ? അയ്യോ ഇതെല്ലാം എന്റെ ജീവിതത്തിൽ സംഭവിച്ചു പോയല്ലോ എന്ന ദു:ഖം നിങ്ങളുടെ ഉള്ളിൽ ഉണ്ടായോ? എന്റെ ആയുസ്സിൽ ഇനി ഈ പാപങ്ങൾ ഒന്നിനും ഇടം കൊടുക്കുകയില്ല എന്ന ഉറച്ച തീരുമാനത്തോടു കൂടിയാണോ

നിങ്ങൾ പാപങ്ങൾ എണ്ണിയെണ്ണി ഏറ്റു പറഞ്ഞത് ? അതോ ഒരു ചടങ്ങുപോലെ, ആണോ നിങ്ങൾ പാപങ്ങൾ ഏറ്റുപറഞ്ഞത്? അങ്ങനെയെങ്കിൽ പാപമോചനം കിട്ടുകയില്ല.

ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു. യേശു അവനോടു നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക എന്നു പറഞ്ഞു.

എന്താണത്? നീ എന്നെ വേഗത്തിൽ ഒറ്റിക്കൊടുത്തോളാൻ അല്ല പറഞ്ഞത്. അതിന്റെ അർത്ഥം അതല്ല. എന്താണെന്നു അറിയാമോ? ഇനിയും അവസരമുണ്ട്. പത്ത് അവസരം നിനക്കു തന്നില്ലേ. ഇതുവരെ നീ അനുതപിച്ചില്ലല്ലോ. ഇതു നിന്റെ ഒടുവിലത്തെ അവസരമാണ്. ഇനിയെങ്കിലും നീ ചെയ്യാനുള്ളതു വേഗത്തിൽ ചെയ്ക.

യൂദാ കർത്താവിന്റെ അടുക്കൽ അവസാനം വന്നപ്പോൾ കർത്താവു അവനെ കണ്ടിട്ട് “സ്നേഹിതാ നീ വന്ന കാര്യം എന്ത്?” എന്നു ചോദിച്ചു. കർത്താവിനു അറിയാമല്ലോ യൂദാ വന്നകാര്യം ഒറ്റിക്കൊടുക്കാനാണെന്ന്.

ആ ഒടുവിലത്തെ സന്ദർഭത്തിലും അവന് കർത്താവ് സ്നേഹം കൊടുത്തുകൊണ്ട് “നീ വന്നകാര്യമെന്ത്” എന്ന ചോദ്യത്തിൽക്കൂടെ അവന് അനുതപിക്കുവാനൊരവസരം കൂടി നൽകുകയായിരുന്നു.

അവൻ വന്ന് യേശുവിനെ ചുംബിച്ചു. യേശു ചോദിച്ചു “മനുഷ്യപുത്രനെ ചുംബനം കൊണ്ടോ ഒറ്റിക്കൊടുക്കുന്നത്?” ചുംബനം കൊണ്ടോ എല്പിച്ചു കൊടുക്കുന്നത്?

ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്തവരാണ് അനേകർ. ശാപങ്ങൾ ഏറ്റു വാങ്ങിയവരാണു അനേകർ.

നിങ്ങൾ സൂക്ഷിച്ചു കൊള്ളുക. നിങ്ങളുടെ ജീവിതത്തി ലേക്കു തിരിഞ്ഞുനോക്കിക്കൊള്ളുക.

ദൈവത്തിന്റെ മുന്നറിയിപ്പുകിട്ടിയിട്ടും യൂദയ്ക്കു പാപം വിടാൻ കഴിഞ്ഞില്ല. അതിന്റെ കയ്പേറിയ ഫലം വന്ന പ്പോൾ അവൻ അനുതപിച്ചു, ദു:ഖിതനായി. അയ്യോ എന്തു വേണ്ടൂ, വെപ്രാളമായി. എന്നിട്ട് അതു കഴിഞ്ഞു അവൻ വന്നു. ചെയ്യേണ്ടതുപോലെ തന്നെയാണ് കുമ്പസാരിച്ചത്. പക്ഷേ അനുതാപം കിട്ടിയില്ല. അനുതാപം ശരിയായില്ല. മാത്രമല്ല അവന്റെ ഹൃദയം തകർന്നില്ല. എന്തുകൊണ്ട്? പ്രത്യാശ വന്നില്ല.

വചനം വായിക്കുന്ന അനേകർ പാപം ഏറ്റുപറയുന്നുണ്ട്. അതു ഓർത്തു ദു:ഖിക്കുന്നുണ്ട്. അയ്യോ വേണ്ടായിരുന്നു എന്നു ചിന്തിക്കുന്നുണ്ട്. പക്ഷേ നിങ്ങൾക്കു പ്രത്യാശ വരു ന്നില്ല.

ക്രിസ്തുവിൽ വിശ്വാസം വരണം. എന്റെ കർത്താവെ, നിന്റെ തിരുരക്തം കഴിഞ്ഞതെല്ലാം ക്ഷമിക്കുവാൻ മതിയാ യതാണല്ലോ എന്ന ബോദ്ധ്യം, വിശ്വാസം വരണം.

വിശ്വാസത്തോടെ യൂദ ഏറ്റുപറഞ്ഞില്ല. പ്രത്യാശയോടെ യൂദ ഏറ്റു പറഞ്ഞില്ല. നിരാശ ജീവിതത്തിൽ നിന്നു പോയി ല്ല.

യൂദയ്ക്കു മോചനം കിട്ടിയില്ല. അവൻ ഞാൻ കുറ്റമി ല്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതിനു മഹാപുരോഹിതന്മാർ "അതിനു ഞങ്ങൾക്കെന്തു? നീ തന്നെ നോക്കിക്കൊൾക".

അവർ കൈ മലർത്തി.

അയ്യോ, ഞാൻ പാപം ചെയ്തുപോയി. എന്തുവേണ്ടൂ എന്നു പറഞ്ഞ് നീ ചെന്നാൽ യേശുതമ്പുരാൻ നീ നോക്കിക്കോ എന്നു പറയുകയില്ല. യേശുക്രിസ്തുവിന്റെ തിരുരക്തം നിന്നെ കഴുകി എടുക്കും. നിനക്ക് പാപമോചനം ലഭിക്കും. അവൻ വെടിപ്പാക്കി തരും. പാപം സത്യമായി അനുതാപത്തോടെ ഏറ്റു പറഞ്ഞാൽ മോചനം കിട്ടും.

> "അപ്പോൾ ഞാൻ, എനിക്കു അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു."
>
> യെശയ്യാവ് 6 : 5

എന്റെ അശുദ്ധമായ കണ്ണു രാജാവിനെ കണ്ടുവല്ലോ. അവയവം പ്രതി പാപം വന്നതു എണ്ണി എണ്ണി ഏറ്റു പറയണം.

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
>
> സദൃശവാക്യങ്ങൾ 28 : 13

പാപം ഏറ്റുപറഞ്ഞാൽ മാത്രം പോരാ, ഉപേക്ഷിക്കണം. ഇനി എന്റെ ജീവിതത്തിൽ ഈ പാപം വരികയില്ല എന്ന് ആത്മാർത്ഥമായി ഏറ്റുപറയണം. അതാണു യഥാർത്ഥമായ കുമ്പസാരം.

> "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല

അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്ക വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.”
1 യോഹന്നാൻ 1 : 9

അതിനു പല ഘട്ടങ്ങൾ ഉണ്ട്. ഓരോന്നായി ചിന്തിക്കാം.

ഒന്ന് : കുറ്റബോധം കിട്ടുന്നു. (Conviction)

ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യ മാണ് പാപബോധമുണ്ടാവുക എന്നത്. പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോഴാണ് പാപബോധമുണ്ടാകുന്നത്.

അയ്യോ ഞാൻ ഇതുവരെ ജീവിച്ചതുപോലെ ജീവിച്ചാൽ പോരല്ലോ എന്ന ചിന്ത ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് തരുന്നത്.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്നു വചനം കേട്ടു പാപബോധം കിട്ടിയ ഒരു ദൈവ പൈതലാണ് സാലി. M.sc ക്ക് കോലഞ്ചേരി കോളേജിൽ പഠിച്ചുകൊണ്ടിരുന്ന പ്പോൾ സാലി എല്ലാം ഒന്നു തുറന്നു പറഞ്ഞു. അത് കർത്താവു കേട്ടു. പാപങ്ങൾ ക്ഷമിച്ചു കൊടുത്തു. കർത്താവു ബന്ധനങ്ങൾ അഴിച്ചുകൊടുത്തു.

സാലിയുടെ ഭർത്താവാണ് സാജു. സാജു കോതമംഗലം കോളേജിൽ ഡിഗ്രിക്കു പഠിക്കുന്ന സമയത്ത് ക്ലാസ്സിൽ ഒരു മണിക്കൂർ കഴിഞ്ഞ് റൂമിലേക്കു പോരും. പകൽ ക്ലാസ്സിൽ പോകാതെ മുറിയിൽ കിടന്നു ഉറങ്ങും. ഒരുപറ്റം കൂട്ടുകാരു ണ്ട്. രാത്രി ഇവരുടെ ജോലി എന്താണെന്നറിയാമോ? പല പറമ്പുകളിലും പോയി അവിടവിടെയുള്ള പനകളിൽ നിന്നെല്ലാം മാട്ടം ഇറക്കി കള്ളെടുക്കും. പല വീടുകളിലും പോയി കോഴിയെ മോഷ്ടിക്കും. കരിക്കു ഇട്ടു കുടിക്കും.

കോഴിയെ പാകം ചെയ്ത് രാത്രി മുഴുവനും കൂട്ടുകാരു മൊത്ത് കുടിച്ച് മദിച്ച് കൂത്താടും.

സാജു വചനം കേട്ടു. മാനസാന്തരപ്പെട്ടു ഇതെല്ലാം തുറന്നു ഏറ്റുപറഞ്ഞു. ഇതിൽ നിന്നെല്ലാം മോചനം വേണം എന്നാഗ്രഹിച്ചു.

കോതമംഗലം കോളേജിന്റെ പരിസരത്തുള്ള ഓരോ വീട്ടിലും സാജു കയറിയിറങ്ങി.

പാപബോധം കിട്ടും, മാനസാന്തരം കിട്ടും. അതു രണ്ടും കഴിഞ്ഞിട്ടുവേണം ഏറ്റുപറയാൻ.

> "അപ്പോൾ ഞാൻ : എനിക്കു അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു, എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്നു കൊടിൽ കൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചു കൊണ്ടു എന്റെ അടുക്കൽ പറന്നു വന്നു, അതു എന്റെ വായ്ക്കു തൊടുവിച്ചു. ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു."
>
> യെശയ്യാവ് 6 : 5 – 7

പ്രവാചകൻ പാപത്തെയോർത്തു അനുതപിച്ചപ്പോൾ, ഒരു മാലാഖ പറന്നു വന്നു. മാലാഖയ്ക്കു തൊടാൻ പേടി. ആ തീയ്ക്കടുത്ത മാലാഖ ഇതാ വിറയലോടും ഭയത്തോടും

കൊടിൽ കൊണ്ടു ഒരു തീക്കനൽ എടുത്തുകൊണ്ടു പറന്നു വന്നു.

യഥാർത്ഥമായ പശ്ചാത്താപത്തോടെ മനം തിരിയുന്നുവെങ്കിൽ ദൈവത്തിന്റെ മാലാഖ പറന്നുവരും. വൈകില്ല. ഒരു സെക്കൻഡുപോലും വൈകില്ല, പാപം മോചിക്കുവാൻ, മാലാഖ തീക്കനലുമായി പറന്നു വരും.

കൊടിൽകൊണ്ടു തീക്കനൽ എടുത്തു. മാലാഖമാർ പേടിക്കുന്നതാണ്, ഇന്നു അനേകർ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതു, സ്വർഗ്ഗത്തിന്റെ തീക്കട്ടയാണ്, കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാണ്.

അതു യെശയ്യാ പ്രവാചകന്റെ ചുണ്ടിലേക്കു തൊടുവിച്ചു. എവിടെ തെറ്റു പറ്റി എന്നു പറഞ്ഞുവോ അവിടെത്തന്നെ തീക്കനൽ തൊടുവിച്ചു. ഇതാ ഈ തീക്കനൽ നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു. നിങ്ങൾ പ്രാർത്ഥിക്കുമോ?

എന്റെ കർത്താവേ, സ്വർഗ്ഗത്തിന്റെ തീക്കനൽ ഞങ്ങളുടെ മേൽ ഒന്നു തൊടേണമേ ഞങ്ങളുടെ തെറ്റുപറ്റിയ അവയവങ്ങളിൽ ഈ തീക്കനൽ തൊടണമേ, നാഥാ അസഭ്യവാക്കുകൾ പറഞ്ഞ നാവിൽ തീക്കനൽ ഒന്നു തൊടണമേ, അഴുക്കു ചിന്തകൾ ചിന്തിച്ച ഈ തലച്ചോറിൽ ഈ തീക്കനൽ ഒന്നു തൊടണമേ, വൈരാഗ്യം വെച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിൽ തീക്കനൽ ഒന്നു തൊടണമെ, അശുദ്ധ വികാരങ്ങളും മ്ലേച്ഛമോഹങ്ങളും ഉള്ള ഹൃദയത്തിൽ ഈ തീക്കനൽ ഒന്നു തൊടണമേ, അശുദ്ധി പറ്റിയ ശരീരഭാഗങ്ങളിൽ ഈ തീക്കനൽ ഒന്നു തൊടണമേ.

ദൈവ മക്കളെ, നിങ്ങൾ അനുതാപത്തോടും തകർന്ന ഹൃദയത്തോടും ക്രിസ്തുവിന്റെ തിരുമുഖത്തേക്കു ഒന്നു നോക്കൂ. പാപത്തെ വെറുത്തു ഉപേക്ഷിച്ചുകൊണ്ട് യേശുവിനെ വിളിക്കൂ.

ഈ തീക്കനൽ നിങ്ങളെ തൊടുവാൻ ഇപ്പോൾ അടുത്തു വന്നിരിക്കയാണ്. അഗ്നിമയന്മാരാരെ നോക്കി വിറച്ചീടുന്നു അവനെ മേശയിലപ്പം വീഞ്ഞായി നാം കാണുന്നവൻ, നിങ്ങളുടെ അരികിലേക്കു വന്നിരിക്കുകയാണ്. രാജാധിരാജാവായ, കർത്താധികർത്താവായ മശിഹാതമ്പുരാൻ നിന്റെ അരികത്തേയ്ക്കു വന്നിരിക്കുകയാണ്.

നിങ്ങൾ വാസ്തവമായി പാപത്തോടു യാത്ര പറയുന്നു എങ്കിൽ ഇപ്പോൾ ഈ തീക്കനൽ നിങ്ങളുടെ അഴുക്കു പറ്റിയ ഭാഗങ്ങളിൽ തൊടും. കോപിച്ച നിങ്ങളുടെ നാവിൽ തൊടും. അശുദ്ധി വിചാരിച്ച നിങ്ങളുടെ തലച്ചോറിൽ തൊടും. മ്ലേഛത വിചാരിച്ച നിങ്ങളുടെ ഹൃദയങ്ങളിൽ തൊടും. മദ്യം കുടിച്ച നിങ്ങളുടെ നാവിൽ തൊടും. മദ്യം പകർന്ന ആമാശയത്തിൽ തൊടും. പുകവലിച്ച ശ്വാസകോശത്തിൽ തൊടും. ഈ തീക്കനൽ നിങ്ങളുടെ രോഗമുള്ള ഭാഗത്തു തൊടും. നിങ്ങളുടെ കേടുള്ള ഭാഗത്തു തൊടും. നിങ്ങളുടെ ശാപം പറ്റിയ ഭാഗത്തു തൊടും.

“ഇതു നിന്റെ അധരത്തെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു.”

സ്വർഗ്ഗത്തിലെ തീക്കനൽ ഇപ്പോൾ നിങ്ങളെ തൊടുകയും നിങ്ങളുടെ അകൃത്യം നീക്കി പാപത്തിനു പരിഹാരം തരികയും ചെയ്യട്ടെ. പുതിയ ജീവിതം തുടങ്ങട്ടെ.

# രണ്ട്

“അന്നു കുരുടന്മാരുടെ കണ്ണു തുറന്നുവരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും, ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും, മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടി പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവകളായും തീരും.”

യെശയ്യാവ് 35 : 5 – 7

ഈ വാക്യത്തിനു വർത്തമാനകാല അർത്ഥമുണ്ട്. അതിനു ഭാവികാല അർത്ഥമുണ്ട്. യേശുക്രിസ്തു രണ്ടാമതു എഴു ന്നള്ളി വന്ന് വാഴുന്ന ആയിരമാണ്ടുവാഴ്ചയിൽ എങ്ങനെ യെല്ലാമായിരിക്കും അന്നത്തെ മനുഷ്യൻ എന്നു ഈ ഭാഗം പ്രവചനാത്മകമായി മുൻകൂട്ടി പറയുകയാണ്. നല്ലൊരു ശുഭ കാലം ഇനിയും സംഭവിക്കാൻ പോകുന്നുണ്ട്.

ഇന്നു ഈ ഭൂമിയിൽ സഹിച്ചു ജീവിക്കുന്നവർ അന്നു കൂടെ വാഴുന്ന ഒരു നല്ല കാലം വരും. നാം ഇന്നു സഹി

ക്കുന്നുവെങ്കിൽ അന്നു കൂടെ വാഴും. അങ്ങനെ അന്നു ജീവനുള്ള ക്രിസ്തുവിന്റെ വിശുദ്ധ മണവാട്ടിയായി നാം വസിക്കുകയും അത്രമാത്രം അടുത്ത ബന്ധത്തിൽ നാം വാഴുകയും ചെയ്യും. വിശ്വാസ വീരന്മാരായി വിശുദ്ധന്മാരായി ഈ ഭൂമിയിൽ ജീവിച്ചവരെല്ലാരും അന്നു ക്രിസ്തുവിന്റെ രാജ്യത്തിൽ ക്രിസ്തുവിനോടുകൂടെ ഭരിക്കുകയും വാഴുകയും ചെയ്യും.

എന്നാൽ ഇന്നത്തെ അവസ്ഥയും ഇതിനോടു ബന്ധപ്പെടുത്തിയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവു നമുക്കു തരുന്നത്. ഈ കാലയളവിലും കുരുടന്മാരുടെ കണ്ണു തുറന്നു വരും. ഈ കാലയളവിലും ചെകിടന്മാരുടെ ചെവി തുറന്നു വരും. ഈ കാലയളവിലും ഊമന്മാർ സംസാരിക്കും. ഇന്നും മരുഭൂമിയിൽ നീരുറവ ഉളവാകും. വരണ്ടനിലം നനവുള്ള തോട്ടം പോലെയാകും. ഇന്നു ഈ ഭൂമിയിൽ ആൾപ്പാർപ്പില്ലാത്ത ദേശത്ത് ആളുകൾ തിങ്ങിപ്പാർക്കുകയും എല്ലാവിധത്തിലുള്ളതായ പരിഷ്കാരങ്ങളും സംസ്കാരങ്ങളും ഉണ്ടാവുകയും ചെയ്യും.

കർത്താവായ യേശുക്രിസ്തു മനുഷ്യഹൃദയത്തിൽ രാജാവായി വാഴുമ്പോൾ ഈ മഹാത്ഭുതങ്ങൾ സംഭവിക്കും. മനുഷ്യന്റെ കൊച്ചു ഹൃദയത്തിൽ യേശു വസിക്കുന്ന ഒരനുഭവം ഉണ്ട്. എല്ലാ ദു:ഖങ്ങളും ഹൃദയത്തിന്റെ തേങ്ങലുകളും ആകുലങ്ങളും, യേശുവിനോടു ഉള്ളു തുറന്നു പങ്കിടുന്നതായ ഒരനുഭവം. അവൻ ആശ്വാസമായി തഴുകുന്ന ഭാഗ്യകരമായ ഒരനുഭവം. രാവെന്നില്ല, പകലെന്നില്ല എപ്പോഴും ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വാഴുന്ന ഒരനുഭവം.

അതു നാം ഓരോരുത്തരും കൊതി പൂണ്ടു ആഗ്രഹിക്കേണ്ടതാണ്. അതിന്നായി നമ്മുടെ ജീവിതം സമർപ്പിക്കേ

ണ്ടതാണ്. അതാണു ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുക എന്നു പറയുന്നത്. അത് വളരെ ശ്രേഷ്ഠമായ ഒരനുഭവമാണത്.

യെശയ്യാ പ്രവാചകന്റെ കണ്ണു തുറന്നത് എപ്പോഴാണ്? പ്രവാചകന്റെ കണ്ണു തുറന്നതു ദൈവത്തെ കണ്ടപ്പോഴാണ്. ദൈവത്തെ കണ്ടപ്പോൾ പ്രവാചകൻ തന്നെത്തന്നെ കണ്ടു. അപ്പോൾ പ്രവാചകനു കുറ്റബോധം ഉണ്ടായി. Conviction ഉണ്ടായി.

എങ്ങനെയാണു പ്രവാചകൻ ദൈവത്തെ കാണുവാൻ ഇടയായത്? അതിനു കാരണം യെശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ തന്നെ കാണാം. എന്തുകൊണ്ടാണ് പ്രവാചകൻ മുകളിലേക്കു നോക്കിയത്? പ്രവാചകൻ അതുവരെ മുകളിലേക്കു നോക്കിയില്ലേ? നോക്കിക്കാണും. പക്ഷേ ഇപ്പോഴത്തെ നോട്ടത്തിന് കൂടുതൽ ആവശ്യബോധമുണ്ട്.

ഇതിനു മുമ്പെല്ലാം നോക്കിയതു ദൈവാശ്രയം തന്നെയാണ്. ദൈവത്തെ ആദരിക്കുന്ന ദൈവപൈതൽ തന്നെയാണ്. ദൈവത്തിന്റെ വേല ചെയ്യുന്ന ദൈവപുരുഷൻ തന്നെയാണ്. പക്ഷേ ഇതുവരെ നോക്കിയതു പോലെയല്ല ഇപ്പോൾ പ്രവാചകൻ മുകളിലേക്കു നോക്കിയത്. ആ നോട്ടത്തിന്റെ പ്രത്യേകത എന്തെന്നു നമുക്കു നോക്കാം.

"ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ" - ഇതുവരെയും പ്രവാചകനു ഒരു മനുഷ്യാശ്രയം ഉണ്ടായിരുന്നു. യെശയ്യാ പ്രവാചകനു രാജകുടുംബവുമായി ഒരു ബന്ധമുണ്ടായിരുന്നു. വളരെ അടുത്ത ഒരു ബന്ധം. രാജകുടുംബത്തിൽ പിറന്നവനാണ് പ്രവാചകൻ. ദൈവത്തിന്റെ വേലക്കാരൻ, ദൈവ

ത്തിന്റെ ശുശ്രൂഷകൻ. ഈ ഭൂമിയിലെ സ്ഥാനമാനങ്ങളിൽ അഭയം കണ്ടെത്തിയിരുന്നു. പ്രവാചകനു ആശ്രയിക്കാൻ ഈ ഭൂമിയിൽ പല സ്ഥാനങ്ങളുമുണ്ടായിരുന്നു.

നമുക്കും ആശ്രയിക്കാൻ പലതും ഉണ്ട്. ആശ്രയിപ്പാൻ നമുക്കു ധനമുണ്ടായിരിക്കാം. ബന്ധുബലമുണ്ടായിരിക്കാം. സ്നേഹിതന്മാരുണ്ടായിരിക്കാം. നമ്മെ സഹായിക്കുകയും നമുക്കു തുണ തരികയും ചെയ്യുന്ന നല്ല സ്ഥാപനങ്ങളുണ്ടായിരിക്കാം. ഓരോരുത്തർക്കും ആശ്രയിക്കാൻ ഇവിടെ പലതും പലതും കണ്ടേക്കാം.

ഭർത്താവിലാശ്രയിക്കുന്നവരുണ്ട്. രാഷ്ട്രീയ നേതാക്കന്മാരിലും ആശ്രയിക്കുന്നവരുണ്ട്. അവരെല്ലാം എനിക്കു സ്വന്തമായിട്ടുണ്ട് എന്ന് അഭിമാനിക്കുന്നവരുണ്ട്. സമുദായ നേതാക്കന്മാരിൽ ആശ്രയിക്കുന്നവരുണ്ട്.

ഉയർന്ന ധനസമൃദ്ധിയുള്ളവരെന്റെ കൂടെയുണ്ട് എന്നതിൽ അഹങ്കരിക്കുന്നവരുണ്ട്. സ്വന്തം ശരീരത്തിന്റെ ആരോഗ്യത്തിൽ അഭിമാനം കൊള്ളുന്നവരുണ്ട്. വിദ്യാഭ്യാസത്തിൽ അഭിമാനം കൊള്ളുന്നവരുണ്ട്. നമ്മിൽ പലരും അങ്ങനെയല്ലേ?

യെശയ്യാ പ്രവാചകനും ഒരു ആശ്രയമുണ്ടായിരുന്നു. രാജകൊട്ടാരത്തിലാശ്രമുണ്ടായിരുന്നു. ഉസ്സിയാ രാജാവിലാശ്രയമുണ്ടായിരുന്നു. ഉസ്സിയാ രാജാവ് പ്രവാചകനു ധൈര്യം കൊടുക്കുന്നുണ്ടായിരുന്നു. രാജകൊട്ടാരവുമായുള്ള ബന്ധം, രാജാവുമായുള്ള ചാർച്ച, രാജാവുമായുള്ള സുഹൃത്ബന്ധം, പോരാ രാജാവുമായുള്ള കുടുംബബന്ധം അതെല്ലാം യെശയ്യാ പ്രവാചകന്റെ കൈമുതലായിരുന്നു. അതെല്ലാമുള്ളപ്പോഴും പ്രവാചകൻ ദൈവത്തിലാശ്രയിച്ചിരുന്നു. എന്നാൽ പിടിവിട്ടാ

ശ്രയിച്ചിരുന്നില്ല.

എന്നാൽ ഉസ്സിയാ രാജാവ് മരിച്ചു. ആശ്രയസ്ഥാനം തകർന്നു. ആ രാജാവു ഉണ്ടായിരുന്ന കാലത്തോളം യെശയ്യാ പ്രവാചകനു ആരെയും പേടിക്കേണ്ടിയിരുന്നില്ല. ദൈവത്തിന്റെ വചനം ധൈര്യമായി പറയാം. ദൈവത്തിന്റെ വചനം പറഞ്ഞാൽ ആരും കയ്യേറ്റം ചെയ്യുകയില്ല.

ഉസ്സിയാ രാജാവ് മരിച്ചു കഴിഞ്ഞു. ഉയർന്ന സ്ഥാനത്തു പിടിപാടുള്ള ആരും ഇല്ലാതായി. ഇനി പ്രവാചകനു വേറെ പിടിക്കുവാനോ, ആശ്രയിക്കുവാനോ ആരുമില്ല.

അങ്ങനെ സകല ആശ്രയവും വിട്ടപ്പോൾ പ്രവാചകൻ മുകളിലേക്കു നോക്കി. ഇതിനുമുൻപും നോക്കിയിട്ടുണ്ട്. ഇതിനുമുൻപ് ദൈവത്തോടു പ്രാർത്ഥിച്ചിട്ടുണ്ട്. ഇതിനു മുൻപ് ദൈവത്തിന്റെ വേല ചെയ്തിട്ടുണ്ട്. പക്ഷേ ഇപ്പോൾ അങ്ങനെയല്ല, പിടിവിട്ടാശ്രയം വന്നു.

നമ്മുടെയും ചില ആശ്രയസ്ഥാനങ്ങൾ ഇളകുന്നതു നല്ലതാണ്. ആരോഗ്യം തകരുന്നതു ആ അളവിൽ നല്ലതാണ്. ജീവിതത്തിൽ കടം വരുന്നതു ആ ഒരർത്ഥത്തിൽ നല്ലതാണ്. ജീവിതത്തിൽ ഞെരുക്കങ്ങൾ വരുന്നതു ആ ഒരർത്ഥത്തിൽ നല്ലതാണ്. നമുക്ക് നമ്മുടെ ജീവിതത്തില പ്രശ്നങ്ങൾ വരുന്നതു നാം വാസ്തവമായും പിടി വിട്ട് ആശ്രയിക്കേണ്ടവനെ പിടിക്കാൻ ഉതകുന്ന ചില സാഹചര്യങ്ങളാണ്.

എന്റെ ജീവിതത്തിൽ പതിനേഴാമത്തെ വയസ്സിൽ വലിയൊരു സമർപ്പണം എടുക്കുകയും സത്യമായ ഒരു മാനസാന്തരം എനിക്കു കിട്ടുകയും ചെയ്തതാണ്. എന്നാൽ അതിനുശേഷവും എന്റെ ചില മനോഭാവങ്ങൾ മാറിയിരുന്നില്ല. പ്രകടമായ പാപത്തിനൊന്നും ഞാൻ പോയിട്ടില്ല. ഇന്നു

പലരുടെയും പാപങ്ങൾ കേൾക്കുമ്പോൾ ഞാൻ അമ്പരക്കുകയും, ഇതെല്ലാം പാപമാണോ എന്ന് അതിശയിക്കുകയും ചെയ്യുന്നു. യാതൊരു പാപത്തിന്റെയും കുരുക്കുകളിൽ പെടാൻ ഭാഗ്യവശാൽ എനിക്കു ഇടയായില്ല.

എന്നാൽ എന്റെ ഹൃദയത്തിൽ അഹങ്കാരമുണ്ടായിരുന്നു. എന്റെ ഹൃദയത്തിൽ ഉന്നതനാകണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നു. ആളുകളെന്നെ മാനിക്കണം എന്ന ആഗ്രഹമുണ്ടായിരുന്നു. അതൊന്നും ഒരു പാപമാണെന്നു കരുതിയിരുന്നുമില്ല.

ചിലരോടെല്ലാം കൊടിയ നീരസവും വൈരാഗ്യവുമുണ്ടായിരുന്നു. പകയും വിദ്വേഷവും ഉണ്ടായിരുന്നു. എന്നെ ആദരിക്കുന്നവരോടു സ്നേഹം, എന്നെ ഏതെങ്കിലും തരത്തിൽ അവഗണിക്കുന്നവരോടു ഒരു അകൽച്ച. അതെല്ലാം പാപമാണെന്നു മനസ്സിലായിട്ടുപോലുമുണ്ടായിരുന്നില്ല. പറഞ്ഞു തരാനോ ആരുമുണ്ടായിരുന്നില്ല. പക്ഷേ ഞാൻ അന്നും സുവിശേഷം പ്രസംഗിക്കുന്നവനായിരുന്നു.

ആ കാലയളവിൽ ഞാൻ മീനങ്ങാടി പ്രദേശത്തു പോയി പ്രസംഗിച്ചതു ഇന്നും നല്ലപോലെ ഓർക്കുന്നു. അന്നു പാത്രയർക്കീസു വിഭാഗവും ഓർത്തഡോക്സ് ഭാഗവും ഒരുമിച്ചു നില്ക്കുന്ന സമയമാണ്. എന്തു വലിയ ജനക്കൂട്ടമായിരുന്നു. ധാരാളം പട്ടക്കാരും വേദിയിൽ ഉണ്ടായിരുന്നു. ഞാൻ അതിശയത്തോടെ ഓർക്കുന്നു. അന്നു യൗവ്വനത്തിന്റെ ആരംഭത്തിലാണ് ആദ്യമായി ഞാൻ മീനങ്ങാടി പള്ളിയിൽ ചെന്നു പ്രസംഗിച്ചത്. അന്നു അനുഗൃഹീതമായ ശുശ്രൂഷ കഴിഞ്ഞു തിരികെ വന്ന് ആ ആഴ്ചകളിൽ ഞാൻ ഏറ്റിരുന്ന ചില കൺവെൻഷനുകൾ ക്യാൻസൽ ചെയ്യേണ്ടിവന്നു. കാരണം ഞാൻ രോഗിയായിട്ടാണു തിരിച്ചുവന്നത്.

അന്നു രോഗം വരുന്നതെന്താണെന്നു എനിക്കു അറിഞ്ഞുകൂടായിരുന്നു. അതു ഒരു സാധാരണരോഗം എന്നേ കരുതിയുള്ളൂ. പക്ഷേ അതു പിശാചിന്റെ വലിയൊരു തിരിച്ചടിയായിരുന്നുവെന്നു അന്ന് എനിക്കു അറിയുവാൻ വയ്യാ. ഇന്നു എനിക്കു മനസ്സിലാകുന്നുണ്ട്. അനുഗൃഹീതമായ ശുശ്രൂഷ കഴിഞ്ഞാൽ, കർത്താവിന്റെ കൃപയാൽ ദൈവത്തിന്റെ വേല ചെയ്തു കഴിഞ്ഞാൽ പിശാചിനു വൈരാഗ്യം വർദ്ധിക്കുമെന്നും അവൻ അടിച്ചു വീഴിയ്ക്കാൻ നോക്കുമെന്നും മറ്റുമുള്ളതായ കാര്യങ്ങൾ ഇന്നെനിക്കു മനസ്സിലാകുന്നുണ്ട്.

അന്നു ഞാൻ കേവലം ബാല്യക്കാരനാണ്. ആത്മീയമായും എനിക്കു ശൈശവപ്രായമാണ്. ദൈവം കൃപ ചെയ്തു, എന്നിൽ കൂടെ ചില വചനങ്ങൾ വന്നു. പക്ഷേ വാസ്തവത്തിൽ ഞാൻ ആത്മാവിന്റെ ആഴങ്ങൾ വേണ്ടതുപോലെ ഗ്രഹിച്ചിരുന്നില്ല.

എന്നാൽ വർഷങ്ങൾ പിന്നെയും മുന്നോട്ടു പോയി. കൺവൻഷനുകൾ, ധാരാളം ധാരാളമായി പ്രസംഗിച്ചു. തെക്കും വടക്കും കേരളത്തിനുപുറത്തും പോയി ധാരാളം പ്രസംഗങ്ങൾ ചെയ്തു. പക്ഷേ പ്രിയപ്പെട്ടവരേ, ഞാൻ ഒരു ശരാശരി ആത്മീയനായിട്ടാണ് വേല ചെയ്തു പോന്നത്. എന്നു പറഞ്ഞാൽ പ്രകടമായ പാപങ്ങളൊന്നുമില്ല. മാനസാന്തരപ്പെട്ടവനാണ്. കർത്താവിന്റെ വേല ശുദ്ധോദ്ദേശത്തോടെ ചെയ്യുന്നു. അങ്ങനെയെല്ലാമുള്ള ഒരു താൽക്കാലിക ആത്മീയനായിട്ടാണ് വേല ചെയ്തുകൊണ്ടിരുന്നത്.

ആഴത്തിലുള്ള ആത്മീയം ഞാൻ ഗ്രഹിച്ചില്ല. ആഴത്തിലുള്ള സമർപ്പണം എന്താണെന്നു പോലും ഞാനറിഞ്ഞില്ല. അതിലേക്കു പോകുവാൻ എനിക്കു മനസ്സുവന്നില്ല. അതു

എന്റെ ഹൃദയത്തിൽ ഒരു ചിന്താവിഷയമായില്ല. എന്നാൽ 1973-ൽ എന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ വലിയോരു സമർപ്പണത്തിലേക്കു കർത്താവെന്നെ നടത്തി.അതിനെ തുടർന്ന് ഒരു വലിയ അനുഭവമെനിക്കുണ്ടായി.

വലിയൊരു ശുദ്ധീകരണത്തിനുവേണ്ടി ജീവിതം മുഴുവൻ യേശുവിനു ഞാൻ സമർപ്പിച്ചു. "ഞാനും എനിക്കുള്ളതെല്ലാം യേശുവിന്. യേശുവിന്റെ ഹിതപ്രകാരമേ ഒരു സെക്കന്റുപോലുമുള്ളൂ" -

ഞാൻ അന്നും കോളേജിൽ ജോലി ചെയ്യുകയാണ്. പക്ഷേ കോളേജിലെ ജോലി ഞാൻ ഉപേക്ഷിച്ചില്ല. രാജി വയ്ക്കാൻ ഞാൻ തയ്യാറായിരുന്നു. എനിക്കങ്ങനെ ഒരു നിർദ്ദേശം കിട്ടിയിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ രാജി വയ്ക്കുമായിരുന്നു. ഞാൻ അന്നു വിവാഹിതനാണ്. ഭാര്യയെ ഉപേക്ഷിച്ചില്ല. ഞാൻ കർത്താവിന്റെ വേലക്കാരനെന്നു പറഞ്ഞ് വീട്ടിലെ കാര്യങ്ങൾ ഉപേക്ഷിച്ചില്ല.

ഞാൻ കോളേജിലെ ജോലി ഏറ്റവും വിശ്വസ്തമായി ഏറ്റവും അച്ചടക്കമായി ചെയ്തു.

1982-ൽ എനിക്കു ഒരു സ്കൂട്ടർ അപകടം ഉണ്ടായി. അതിനെ തുടർന്ന് ഒന്നരമാസം ആശുപത്രിയിൽ കിടന്നു. അതു കഴിഞ്ഞപ്പോൾ ഫെബ്രുവരി മാസം അവസാനിക്കാറായി. ഞാൻ ഓർത്തു, മാർച്ചിൽ കുട്ടികളുടെ പരീക്ഷയാണ്. യൂണിവേഴ്സിറ്റി പരീക്ഷയാണ്. കാറിൽ വേറൊരാൾ എന്നെ ഓടിച്ചു കൊണ്ടുപോയി കോളേജിന്റെ വരാന്തയുടെ അരികിൽ കാർ നിർത്തി, ഞാൻ മുടന്തി ക്ലാസ്സിൽ കയറി പഠിപ്പിച്ചു, എന്റെ ക്ലാസുകളെല്ലാം, മൂന്നാം നിലയിൽനിന്നും രണ്ടാം നിലയിൽനിന്നും താഴെ കൊണ്ടുവന്നു. സുഖമുണ്ടാ

യിട്ടല്ല, കുട്ടികളുടെ ഭാവിയെ കരുതി അദ്ധ്വാനിച്ചു. സമർപ്പ ണമെടുത്താൽ ജോലിയിൽ അവിശ്വസ്തത വരികയില്ല, പകരം വിശ്വസ്തത വർദ്ധിക്കുകയേയുള്ളൂ.

അതിനെ തുടർന്ന് ഞാൻ പ്രാർത്ഥിച്ചു.

ഒന്ന് : എനിക്കു വിശുദ്ധിയെ തികയ്ക്കണം.

രണ്ട് : എനിക്കു വേലയെ തികയ്ക്കണം

ഞാൻ തീരുമാനിച്ചു. സഭയും സമുദായവുമല്ല മാറേണ്ട ത്, ഹൃദയമാണ് മാറേണ്ടത്. ആത്മീയ പ്രവർത്തനം കൊണ്ട് സ്വന്തമായി പണം സമ്പാദിക്കില്ല.

എന്റെ പ്രാർത്ഥന എന്റെ സ്വർഗ്ഗത്തിലെ അപ്പൻ കേട്ടു. വിളിച്ചാൽ വിളികേൾക്കുന്ന ഒരപ്പൻ നമുക്ക് സ്വർഗ്ഗത്തിലു ണ്ട്.

എനിക്കു നിങ്ങളോടു ഒരു വാക്ക് പറയുവാനുണ്ട്. സമർപ്പി ച്ചുകൊള്ളുക. അതു എത്രയും വേഗം. ഒട്ടും വൈകരുത്.

ഞാൻ ഇപ്പോഴും യേശുവിനോടു പറയുന്നതെന്താണെന്നു അറിയാമോ? “കർത്താവെ ചെയ്യേണ്ടതു ഒന്നും ഞാൻ ചെയ്തിട്ടില്ല. ഇന്നും ആകേണ്ടതുപോലെ ഒന്നും ആയിട്ടില്ല.” ഹൃദയം തുറന്നു പറയുന്നത് അങ്ങനെയാണ്.

കർത്താവെ എനിക്കു തന്ന സാഹചര്യങ്ങളുണ്ട്. എനിക്കു തന്ന സൗകര്യങ്ങളുണ്ട്. എനിക്കു തന്നതായ ചില സ്വാധീ നങ്ങളുണ്ട്. ഇതൊന്നും ഞാൻ വേണ്ടതുപോലെ ഉപയോഗി ച്ചില്ല. ഇനി ഉള്ളകാലം, ചുരുങ്ങിയ കാലമല്ലേ ഉള്ളൂ, ഉള്ളതു യേശുവിനായി ചെലവഴിച്ചു കടന്നുപോകണം.

യെശയ്യാ പ്രവാചകൻ എല്ലാ ആശ്രയവും വിട്ടപ്പോൾ

സ്വർഗ്ഗത്തിലേക്കു നോക്കി. നിങ്ങളും സ്വർഗ്ഗത്തിലേക്കു നോക്കുക. നിത്യനായ ദൈവത്തെ, തേജോമയനായ ദൈവത്തെ കണ്ടാൽ കണ്ണുനീർ തോരും. രോഗം നിങ്ങൾക്കു വിഷയമല്ലാതായിത്തീരും. പണത്തിന്റെ ഞെരുക്കം നിങ്ങളെ അലട്ടുകയില്ല.

കുടുംബത്തിലെ ഞെരുക്കം, മക്കളുടെ ദേഷ്യം, ഭർത്താവിന്റെ കോപം ഭാര്യയുടെ പരിഭവം, അതൊന്നും നിങ്ങൾക്കു വിഷയമല്ലാതാകും. കുടുംബത്തിലെ വഴക്കുകളും അലോഹ്യങ്ങളും നിങ്ങളെ തൊടാതിരിക്കും. എന്തുകൊണ്ടാണെന്നറിയാമോ? നിങ്ങൾ ദൈവത്തെ കാണുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ തീ കത്തിത്തുടങ്ങും.

ദൈവത്തെ കാണുമ്പോൾ നിങ്ങൾ നിങ്ങളെ കാണാൻ തുടങ്ങും. നിങ്ങളെ കാണാൻ തുടങ്ങുമ്പോൾ നിങ്ങളുടെ മുഖം ലജ്ജകൊണ്ടു താഴും. "എനിക്കയ്യോ കഷ്ടം," യെശയ്യാവ് അങ്ങനെയാണ് പറഞ്ഞത്. "ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ. ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ ദൈവമായ രാജാവിനെ കണ്ടുവല്ലോ." പാപബോധം അഥവാ കുറ്റബോധം (Conviction) വരുന്നു.

ഒരു ദൈവപൈതൽ സാക്ഷ്യം പറഞ്ഞതു ഒരിക്കൽ ഞാൻ കൗതുകത്തോടെ കേട്ടു. പറഞ്ഞതിങ്ങനെയാണ്. അതുവരെയും ഭാര്യ നന്നാവട്ടെ, നന്നാവട്ടെ എന്നാണു ചിന്തിച്ചുകൊണ്ടിരുന്നത്. പിന്നീടു ചിന്തിച്ചു ഞാനാണ് നന്നാകേണ്ടതെന്ന്. അതാണ് ശരിയായ കാഴ്ചപ്പാട്. യേശുക്രിസ്തു അകത്തു വന്നാൽ ശരിയായ കാഴ്ചപ്പാടു കിട്ടും. വെളിവു കിട്ടിയവരുടെ കാഴ്ചപ്പാട് അങ്ങിനെയാണ്. എന്റെ അപ്പനല്ല

നന്നാകേണ്ടത്, അമ്മായിയമ്മയല്ല നന്നാകേണ്ടത്, എന്റെ മരുമകളല്ല നന്നാകേണ്ടത്, എന്റെ ഭർത്താവല്ല നന്നാകേണ്ടത്, എന്റെ ഭാര്യയോ, മക്കളോ അല്ല നന്നാകേണ്ടത്, എന്റെ കൂടെ ജോലി ചെയ്യുന്നവരല്ല നന്നാകേണ്ടത്, ഞാനാണ് നന്നാകേണ്ടത്. എനിക്കാണ് മാറ്റം വരേണ്ടത്.

ഇങ്ങനെ നിങ്ങൾ നിങ്ങളെത്തന്നെ കാണാൻ തുടങ്ങുമ്പോഴാണ് ഹൃദയത്തിൽ പരിശുദ്ധാത്മാവു വ്യാപരിക്കാൻ തുടങ്ങുന്നത്. പരിശുദ്ധാത്മാവു വന്നാൽ ഹൃദയം തകരും.

ഒന്ന് : കുറ്റബോധം വരുന്നു - Conviction.

രണ്ട് : ഹൃദയത്തകർച്ചവരുന്നു - Contrition

ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു." ഹൃദയം നുറുങ്ങുക - ഹൃദയം തകരുക. യെശയ്യാവിന്റെ ഹൃദയം തകർന്നു. എനിക്കു അയ്യോ കഷ്ടം, ഞാൻ നശിച്ചു. ശുദ്ധിയില്ലാത്ത അധരങ്ങളുള്ളൊരു മനുഷ്യൻ - Contrition.

മൂന്ന് : മാനസാന്തരം ലഭിക്കുന്നു - Conversion.

ഇങ്ങനെ ജീവിച്ചാൽ പോരാ. ഇനി ഒരിടത്തും തെറ്റുപറ്റാതെ നില്ക്കണം എന്ന ചിന്ത ഉണ്ടാകുന്നു. അങ്ങനെ മാനസാന്തരത്തോടെ പുതിയ ജീവിതം തുടങ്ങുന്നു.

നാല് : കുമ്പസാരം - Confession.

പാപങ്ങളെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നു. സത്യമായ കുമ്പസാരം നടത്തുന്നു. പാപങ്ങൾ ക്ഷമിച്ചു കിട്ടി എന്ന ഉറപ്പു ലഭിക്കുന്നു.

അഞ്ച് : വി.കുർബ്ബാന - Communion

സ്വർഗ്ഗത്തിലെ തീക്കനൽ അധരങ്ങളെ തൊടുന്നു. അനുഭവം കിട്ടും. കളയാതിരുന്നാൽ മതി. തീ ഇറങ്ങിയാൽ ഇറങ്ങിയതു തന്നെയാണ്. സംശയിക്കാതിരുന്നാൽ മതി. ഇനി പാപം വരില്ലയെന്നു തീരുമാനിച്ചാൽ പേടിക്കണ്ടാ, നിരാശപ്പെടണ്ടാ, തളരണ്ടാ, മുഖം പ്രകാശിക്കും, മനം തെളിയും.

സ്വർഗ്ഗത്തിലെ തീക്കനലാണ് കർത്താവായ യേശുക്രിസ്തു. തീക്കനൽ വന്നു തൊടുന്നു. The Holy Communion. സ്വർഗ്ഗീയ സംസർഗ്ഗം, പരിശുദ്ധാത്മ സംസർഗ്ഗം അതാണ് Communion. ക്രിസ്തു ഒരുവന്റെ ഹൃദയത്തിലേക്കു കടന്നു വരുന്നതാണത്. ക്രിസ്തുവിന്റെ വചനം ഹൃദയത്തിലേക്കു പ്രവേശിക്കുന്നതാണ്. കർത്താവു പറഞ്ഞു : ഞാൻ നിങ്ങളോടു സംസാരിച്ച വചനം തന്നേ ആത്മാവും ജീവനും ആകുന്നു.

എന്താണു വിശുദ്ധ കുർബ്ബാന? "ഈ കുർബ്ബാന അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവും ആകുന്നു" അതു അനുഗ്രഹമാണ്, ബലിയാണ്, സമാധാനമാണ്, സ്തോത്രമാണ്.

എന്താണ് ഈ സ്തോത്രം? "ഭയത്തോടു കൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു."

എങ്ങിനെയാണ് ഈ സ്തോത്രം അർപ്പിക്കേണ്ടത്? നാം അട്ടഹസിച്ചു പറയണം. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമുറകൾ വരെയും തനിക്കു സ്തുതി, ഹാലേലൂയ്യാ.

അട്ടഹസിച്ചു പറയേണ്ടതാണ്. മദ്ബഹായിൽ നിന്നുള്ള

കല്പനയാണ്. പേടിക്കണ്ടാ, സ്തുതിക്കാൻ നാണിക്കണ്ടാ, നാം അട്ടഹസിച്ചു പറയണമെന്നാണു പിതാക്കന്മാർ പറഞ്ഞിട്ടുള്ളത്.

ഹൃദയത്തിൽ നിന്നു സ്തോത്രം വരണം. ഹൃദയത്തിൽ നിന്നു സ്തോത്രം വരണമെങ്കിൽ എന്തുവേണം? "കർത്താവെ നിന്റെ നാമത്തിനു സ്തോത്രം ചെയ്യേണ്ടതിനു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കേണമേ." കാരാഗൃഹത്തിൽ നിന്നു ആത്മാവു പുറത്തു വരണം. പിശാചിന്റെ ബന്ധനം അഴിയണം. അപ്പോൾ സ്തോത്രം ഉള്ളത്തിൽ നിന്നു വരും.

ഇന്നു പുറമെ സ്തോത്രമുണ്ട്. ഇന്നു പുറമേ സ്തുതിയുണ്ട്. എന്നാൽ അകത്തു നിന്നു സ്തുതി വരണം. അകത്തു നിന്നു സ്തുതി വരുന്നതാണ്, സാക്ഷാൽ സ്വർഗ്ഗത്തിലെ അഗ്നി തൊടുന്ന അനുഭവം. ഈ തീ തൊട്ടാൽ മദ്യപാനം കരിഞ്ഞുപോകും.

ഇനി മദ്യപാനം വേണ്ട എന്ന ചിന്ത നിങ്ങൾക്കു വരുന്നുണ്ടോ? ഇനി പ്രേമബന്ധങ്ങൾ വേണ്ടാ എന്നു ചിന്തവരുന്നുണ്ടോ? ഇനി കഞ്ചാവു വേണ്ടാ, ഇനി പാപം വേണ്ടാ എന്നീ ചിന്തകൾ നിങ്ങൾക്കു വരുന്നുണ്ടോ? വിവാഹപൂർവ്വ ബന്ധങ്ങളും വിവാഹേതരബന്ധങ്ങളും പാപമാണെന്ന് അറിയുന്നുണ്ടോ?

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്നു വചനം കേട്ടു മാനസാന്തരപ്പെട്ട ഒരു യുവാവാണ് അനീഷ്. മണിക്കൂറിനു 300 രൂപാ കിട്ടുന്ന ജോലിയായിരുന്നു അനീഷിന്റേത്. എന്താണ് ജോലി എന്നു കേൾക്കണമോ? കൂലിത്തല്ല്, തല്ലാൻ പോയാൽ മതി, കൂലി 300 രൂപ. അരമണിക്കൂർ ജോലി.

ചിലപ്പോൾ തല്ലാൻ കൂടണമെന്നൊന്നും ഇല്ല. അവിടെ കുറു വടിയും പിടിച്ചു നിന്നാൽമതി. കുറെ പേരുണ്ട് എന്നു കാണിച്ചാൽ മതി. തല്ല് വേറെ വല്ലവരും നടത്തികൊള്ളും. രൂപ 300 കയ്യിൽകിട്ടും. നല്ല എളുപ്പമുള്ള ജോലി. വചനം കേട്ടപ്പോൾ ഇനി ഇല്ല എന്നു തീരുമാനിച്ചു. എന്തുകൊണ്ടാണ്? തീയുടെ ചൂടടിച്ചു. സ്വർഗ്ഗത്തിലെ തീ വന്നു തൊട്ടു. ആ തീ കർത്താവായ യേശുക്രിസ്തു ആണ്.

മാലാഖ സ്വർഗ്ഗത്തിന്റെ ആ തീക്കനൽ ഉയരത്തിൽ നിന്നു കൊടിൽ കൊണ്ടു എടുത്തു കൊണ്ടുവന്നു. പറന്നു വന്ന് യെശയ്യാവിന്റെ അധരത്തെ തൊട്ടു. “ഇത് നിന്റെ അധരത്തെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി, നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു.”

മോനെ നിന്റെ അഴുക്കു പറ്റിയ അധരം വിശുദ്ധമായിത്തീർന്നിരിക്കുന്നു. സ്വർഗ്ഗത്തിലെ തീ തൊട്ടതേയുള്ളൂ, അവിടെയെല്ലാം ശുദ്ധിയുള്ളതായി മാറിയിരിക്കുന്നു.

യെശയ്യാപ്രവാചകൻ പിന്നെ സംശയിച്ചില്ല. കർത്താവേ, നീ തൊട്ടതു തന്നെയാണോ, നീ തന്നെയാണോ തൊട്ടതു, സംശയമില്ല.

നിങ്ങൾ സംശയിക്കേണ്ടാ. നല്ല ധൈര്യമായി ഉറച്ചുകൊള്ളൂ. ഈ വചനം വായിച്ചുകൊണ്ടിരിക്കുന്ന സമയത്തു സ്വർഗ്ഗത്തിലെ തീ നിന്നെ തൊടുകയാണ്. കർത്താവെ, സ്വർഗ്ഗത്തിലെ തീ എന്നെ തൊടുമ്പോൾ, എന്റെ അവയവങ്ങളിൽ തൊടുമ്പോൾ, എന്റെ ഹൃദയത്തിൽ തൊടുമ്പോൾ, കർത്താവെ, അതു വിശ്വാസത്താൽ ഞാൻ കൈക്കൊള്ളുന്നു. വിശ്വാസത്താൽ ഞാൻ സ്വീകരിക്കുന്നു.

അതിനുള്ള തെളിവു ഒന്നുമാത്രമേയുള്ളൂ. ഇനിമേലിൽ

ഞാൻ ഒരു പുതിയ സൃഷ്ടിയായിരിക്കും. ഇനിമേൽ ഞാൻ ഒരു പുതിയ മനുഷ്യനായിരിക്കും. ഇനി മേലിൽ ഒരു പുതിയ കാഴ്ചപ്പാടോടുകൂടി ഞാൻ ജീവിക്കും. ആ കാര്യം ഉറപ്പാണ്. ഈ ഉറപ്പു നിങ്ങൾക്കു വന്നുവെങ്കിൽ ഈ തീ തൊട്ടു എന്നു ഉറച്ചുകൊള്ളൂ. അവിശ്വസിക്കണ്ടാ.

ഇതുകഴിഞ്ഞപ്പോൾ എന്തുണ്ടായി?

> "അനന്തരം ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു; അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു." യെശയ്യാവ് 6 : 8

ക്രിസ്തുവിനെ കൈക്കൊണ്ടുകഴിഞ്ഞാൽ പിന്നെ കേൾക്കാം ഒരു ശബ്ദം. ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? ഈ തീയുടെ കാര്യം ജനത്തെ അറിയിച്ചുകൊടുക്കാൻ എനിക്ക് ആരെങ്കിലും വേണമല്ലോ. ഈ തീയുടെ സ്പർശനമേറ്റുകൊണ്ടു നില്ക്കുവാൻ എനിക്ക് ആരെങ്കിലും വേണമല്ലോ. ഈ തീയുടെ അനുഭവത്തോടു കൂടി നില്ക്കുവാൻ എനിക്കു ഈ തലമുറയിൽ ആരെങ്കിലും വേണമല്ലോ. ഞാൻ ആരെ അയയ്ക്കേണ്ടൂ. സ്വർഗ്ഗത്തിന്റെ ദാഹമാർന്ന വിളിയാണ്. സ്വർഗ്ഗത്തിന്റെ ദാഹമാണ് "ഞാൻ ആരെ അയയ്ക്കേണ്ടു. ആർ നമുക്കു വേണ്ടി പോകും."

അനേകർ അന്ധരായി കഴിയുന്നു. അവരെ ക്രിസ്തുവിന്റെ സന്നിധിയിലേക്കു ആനയിക്കാൻ കണ്ണു കാഴ്ച കിട്ടിയവർ വേണം. കണ്ണു തുറന്നു കിട്ടിയവർ വേണം, കണ്ണു കാഴ്ച കിട്ടിയവർക്കേ കാഴ്ചയില്ലാത്തവരെ ശരിയായ വഴി

യിലൂടെ നയിക്കാൻ പറ്റുകയുള്ളൂ. കുരുടന് കുരുടനെ വഴി കാണിക്കാൻ പറ്റുകയില്ല. ഞാൻ ആരെ അയയ്ക്കേണ്ടൂ. ആർ നമുക്കു വേണ്ടി പോകും.

അവനുവേണ്ടി പോകുവാൻ വിദ്യാഭ്യാസ യോഗ്യത വേണ്ടാ. പ്രസംഗ പാടവം വേണ്ടാ, വേദപുസ്തക പാണ്ഡിത്യം വേണ്ടാ, നിനക്കു നിന്നെത്തന്നെ ദൈവത്തിനു കൊടുക്കാൻ പറ്റുമോ? ഒരു പൂർണ്ണ വിശുദ്ധനായി ജീവിക്കാൻ പറ്റുമോ? അതു മാത്രം മതി. അവൻ നിന്നെ ഉപയോഗിക്കും. അവൻ നിന്നെ അയയ്ക്കും.

അവൻ നിന്നെ ഉപയോഗിച്ചുകൊണ്ടു ആദ്യം നിന്റെ കുടുംബത്തിൽ തന്നെ അവന്റെ വേല തുടങ്ങും. നിന്റെ ഭാര്യയിൽ, നിന്റെ ഭർത്താവിൽ, നിന്റെ ഓമനക്കുഞ്ഞുങ്ങളിൽ, നിന്റെ മാതാപിതാക്കളിൽ, നിന്റെ സഹോദരങ്ങളിൽ, നിന്റെ അമ്മായപ്പനിൽ, അമ്മായിയമ്മയിൽ ഇവരിലേയ്ക്കെല്ലാം ആ തീ ആളിപ്പടരും. പിന്നെ പിന്നെ അതു കുറച്ചു കൂടി വിശാലതയിലേയ്ക്കു നീങ്ങും. ഞാൻ ആരെ അയയ്ക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും. സ്വർഗ്ഗത്തിന്റെ വിളിയാണ്.

പാതാളത്തിന്റെ വിളിയുണ്ട്. “ലാസറിനെ ഒന്നു അയയ്ക്കണമേ” എന്ന്. എന്തിന്? സാക്ഷ്യം പറയാൻ. ഭൂമിയിൽ ജീവിച്ച കാലത്തു ഈ ധനവാൻ സാക്ഷ്യം കേൾക്കാൻ പോയിട്ടുമില്ല, സാക്ഷ്യമുള്ളിടത്തു പോകണമെന്നു തോന്നിയിട്ടുമില്ല. കഴിയുമെങ്കിൽ അതു തടഞ്ഞിട്ടേയുള്ളൂ. പരിശുദ്ധാത്മാവിന്റെ വചനമുള്ള യോഗങ്ങളെ എതിർത്തിട്ടേയുള്ളൂ.

പക്ഷേ ഇപ്പോൾ പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ ആബ്രഹാം പിതാവിനോടു പറയുകയാണ്.

അബ്രാഹാം പിതാവേ, എന്നോടു ഒന്നു കനിയണമേ, ആ ലാസറിനെ, ഇപ്പോൾ നിന്റെ മടിയിൽ ഇരുത്തിയിട്ടുള്ള ലാസറിനെ ഒന്ന് ഇങ്ങ് അയയ്ക്കാമോ? ഈ പാതാളത്തിൽ യാതനാസ്ഥലത്തേയ്ക്ക് . അവൻ എന്റെ വീടിന്റെ പടിപ്പുര യ്ക്കൽ കിടന്ന്, ഞാൻ പെറുക്കിക്കളയുന്ന എച്ചിൽക്കഷണ ങ്ങൾ തിന്നു ജീവിച്ചവനാണ്. ലാസർ അന്നു ദരിദ്രനായിരുന്നു. മാത്രമല്ല കുഷ്ഠരോഗിയുമായിരുന്നു. ഇപ്പോൾ നല്ല അന്ത സ്സായിട്ടു അവിടെ ഇരിക്കുന്നു. അവനെ ഒന്നു ഇങ്ങോട്ടു അയയ്ക്കാമോ?

അന്നു അവന്റെ കുഷ്ഠരോഗം പിടിച്ച കൈകൊണ്ടു തൊട്ടതു എനിക്കു തൊടാൻ പോലും അറപ്പായിരുന്നു. എന്നാൽ ഇന്ന് ആ കൈകൾ നല്ല പരിശുദ്ധമായി ഞാൻ കാണുന്നു. ആ കൈ വെള്ളത്തിൽ മുക്കിയിട്ടു എന്റെ നാവിനെ തൊട്ടു തണുപ്പിക്കുവാൻ ആ ലാസറിനെ ഒന്നു അയയ്ക്കാമോ? ഞാൻ ജ്വാലയിൽ കിടന്നു യാതന അനു ഭവിക്കുകയാണ്.

അബ്രാഹാം പിതാവ് പറഞ്ഞു, “ഇവിടെ നിന്നു അങ്ങോട്ടു വരാൻ വയ്യാ. വലിയ പിളർപ്പുകണ്ടോ?, പിളർപ്പു ഉണ്ടാക്കി യിരിക്കയാണ്. ഇവിടെ നിന്നു അങ്ങോട്ടു വരാനും അവിടെ നിന്നു ഇങ്ങോട്ടു വരാനും സാദ്ധ്യമല്ല. പാതാളത്തിനും പറു ദീസ്സായ്ക്കും ഇടയ്ക്കു ഒരു വലിയ പിളർപ്പ് ഉണ്ട്. എന്തു ചെയ്യും?”

എന്നാൽ ആബ്രാഹാം പിതാവേ, ഒരു കാര്യം ചെയ്താൽ മതി. എന്റെ കാര്യം ഏതായാലും നശിച്ചു. എന്നെ പ്പോലെതന്നെയുള്ള അഞ്ചുസഹോദരന്മാർ എനിക്കുണ്ട്. അവർ ഭൂമിയിൽ കൂട്ടായ്മയിൽ ഒന്നും പോകുന്നവരല്ല. മരിച്ച ഒരാൾ ചെന്നു സാക്ഷ്യം പറയട്ടെ :

“നിങ്ങളുടെ ചേട്ടൻ മരിച്ചിട്ടു നിങ്ങൾ ആ നാട്ടിലുള്ള പള്ളിക്കുരിശു പോരാഞ്ഞിട്ട് വേറെ നാട്ടിൽ പോയി പള്ളിക്കുരിശു കൊണ്ടുവന്നു മോടിയായിട്ടു ശവസംസ്കാരം ഒക്കെ നടത്തിയല്ലോ. വലിയ അനുശോചന യോഗങ്ങൾ വിളിച്ചു കൂട്ടിയല്ലോ. ആ ചേട്ടൻ മരിച്ചിട്ടു ഇപ്പോൾ എന്താണെന്നറിയാമോ? ഇപ്പോൾ യാതനയാണ്.

ദിവസം പ്രതി പട്ടും ധൂമ്രവസ്ത്രവും ധരിച്ചു നടന്ന മനുഷ്യനാണ്. ഇപ്പോൾ അവിടെ നിത്യമായ യാതനയിലാണ്. ആ യാതനയിൽ കിടന്നു അതിവേദനപ്പെടുകയാണ്. ആ കാര്യം ഞാൻ നേരിട്ടു കണ്ടിട്ടാണ് വരുന്നത്. ഞാനും മരിച്ചുപോയതു നിങ്ങൾക്കറിയാമല്ലോ. നിങ്ങളെ ഈ കാര്യമൊന്നു അറിയിച്ചേച്ചുപോകാൻ, സാക്ഷ്യം പറയാൻ, വന്നതാണ്. അബ്രാഹാം പിതാവു പ്രത്യേകം അയച്ചതുകൊണ്ടാണ് വന്നത്. എന്നൊക്കെ എന്റെ സഹോദരങ്ങളോടു സാക്ഷ്യം പറഞ്ഞാൽ അവരെങ്ങനെയെങ്കിലും ഒന്നു മാനസാന്തരപ്പെട്ടു കിട്ടും. എന്റെ അബ്രാഹാം പിതാവേ അങ്ങനെ ഒന്നു ചെയ്യണേ!

സാക്ഷ്യം പറയാൻ അയച്ചോ? ഇല്ലല്ലോ. അവർക്കവിടെ മോശയും പ്രവാചകന്മാരും, മാത്രമല്ല പ്രത്യേകം നിയോഗിക്കപ്പെട്ട ദൈവമക്കളുമുണ്ട്. അവർ പറയുന്നതു കേട്ടാൽ മതിയെന്നാണ് പറഞ്ഞത്. ഇന്നു സാക്ഷ്യം പറയുന്നതു കേൾക്കുന്നതിനു മടിയുള്ളവർ അന്നു സാക്ഷ്യത്തിനുവേണ്ടി കൊതിക്കും.

ഇവിടെ പാതാളത്തിന്റെ വിളിയാണ് നാം കേട്ടത്. പാതാളത്തിന്റെ അയ്യം വിളി. “സാക്ഷ്യം പറയാൻ ഒരാളെ അയയ്ക്കണമേ” സ്വർഗ്ഗത്തിന്റെ വിളി – “ഞാൻ ആരെ അയയ്ക്കേണ്ടൂ, ആർ നമുക്കുവേണ്ടി പോകും”

സമൂഹത്തിന്റെ വിളികേൾക്കണമോ?, “കടന്നു വന്നു ഞങ്ങളെ സഹായിക്ക” മക്കദോന്യയിൽ നിന്നുള്ള വിളി. യൂറോപ്പിൽ മാസിഡോണിയായിൽ നിന്നുള്ള വിളി. കടന്നു വന്നു ഞങ്ങളെ സഹായിക്കേണമേ! നിങ്ങൾക്ക് നിങ്ങളെത്തന്നെ കണ്ടുകൊണ്ട് പറയാമോ?

പൗലോസ് ശ്ലീഹാ ആ വിളികേട്ട് പുറപ്പെട്ടു. യൂറോപ്പിനെ സുവിശേഷീകരിച്ചു. മിഷ്യണറി യാത്രകൾ നടത്തി. അനേകർക്ക് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തുവിനെ കാണിച്ചുകൊടുത്തു.

കർത്താവെ ഞാൻ മദ്യപാനിയായിരുന്നു. ഞാൻ വഴക്കാളിയായിരുന്നു. കർത്താവെ ഞാൻ അശുദ്ധ ജീവിതമുള്ളവനായിരുന്നു. ഞാൻ വ്യഭിചാരാസക്തിയുള്ളവനായിരുന്നു. ഞാൻ സിനിമയും, വെറിക്കൂത്തുമായി കഴിഞ്ഞവനായിരുന്നു. കർത്താവേ, ഞാൻ അതെല്ലാം എന്നന്നേയ്ക്കുമായി ഉപേക്ഷിച്ചല്ലോ. നിന്റെ തീക്കനൽ എന്നെ തൊട്ടല്ലോ. എന്റെ കർത്താവെ, നിനക്കുവേണ്ടി ഈ തലമുറയിൽ തീ പകരാൻ കർത്താവെ ഞാനും വരുന്നു. എനിക്കു സമ്മതമാണ്. എനിക്ക് ആശയാണ്.

“ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും?” യെശയ്യാവ് പറഞ്ഞു : അടിയൻ ഇതാ, അടിയനെ അയക്കേണമേ.” കിട്ടാവുന്നതിലേയ്ക്കും ഏറ്റവും നല്ല ഉദ്യോഗം ക്രിസ്തുവിന്റെ വേലക്കാരനാവുക എന്നതാണ്. സമർപ്പിക്കൂ. പ്രാർത്ഥിക്കൂ.

ഈ അല്പകാലജീവിതം, ഈ ക്ഷണികമായ ആയുസ്സു കർത്താവേ, ഇതു ഞാൻ നിനക്കു തരികയാണ്. വക്രതയും, കൗശലവും, വളവും, സൂത്രവും, ദ്രവ്യാഗ്രഹവും, പണക്കൊ

തിയും, കള്ളത്തരവും, കള്ളക്കണക്കും എല്ലാം ഉണ്ടായിരുന്നു. ഞാൻ കടം മേടിച്ചതു കൊടുക്കാനുള്ള താത്പര്യം എനിക്കുണ്ടായിരുന്നില്ല. കർത്താവെ, എനിക്കു നിന്റെ വേലക്കാരനാകാൻ യോഗ്യതയില്ല. ഞാൻ വാങ്ങിയതിനെക്കാൾ കൂടുതൽ കൊടുക്കാൻ നിർബ്ബന്ധമുള്ളവനായി തീർന്നില്ല എന്നുള്ള മഹാപാപം ഏറ്റുപറയുകയാണ്.

കർത്താവേ, വാങ്ങുവാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ കൊടുക്കാൻ ഞാൻ ചിന്തിച്ചില്ല. അതെന്റെ വിഷയമായില്ല. അതൊരു പാപമാണെന്നു ഞാൻ ഓർത്തില്ല. അയ്യോ എന്റെ കയ്യിൽ ഉണ്ടായിരുന്നിട്ടും കൊടുത്തില്ല. കർത്താവേ ക്ഷമിക്കേണമേ, മാപ്പു തരണമേ.

തിരുത്താനുള്ളത് വേഗം തിരുത്തിക്കൊള്ളൂ. ഒട്ടും വൈകരുത്. തിരുത്താനുള്ളതു തിരുത്താതെ വേലയ്ക്കു വേണ്ടി ഇറങ്ങരുത്. കർത്താവിനുവേണ്ടി സംസാരിക്കണമെങ്കിൽ ശുദ്ധീകരണം പ്രാപിക്കേണ്ടതെല്ലാം ശുദ്ധീകരണം പ്രാപിച്ചുകൊള്ളണം. കഴുകേണ്ടതെല്ലാം കഴുകിക്കൊള്ളണം. അല്ലാതെ നിങ്ങൾ വേലയ്ക്കിറങ്ങിയാൽ നഷ്ടമാണ്. ദോഷമാണ്. അതു ശാപമാണ്. അപകടം വിളിച്ചു വരുത്തരുത്. നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും കേടു വരുത്തരുത്.

## മൂന്ന്

> “അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും. ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും. ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും. മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും.” യെശയ്യാവ് 35 : 5 – 6

എല്ലാവീടുകളിലും കഷ്ടപ്പാടു തന്നെ. ഉള്ളവരെന്നും ഇല്ലാത്തവരെന്നും ഭേദമില്ല. ചെറിയവരെന്നോ, വലിയവ രെന്നോ, വിദ്യാഭ്യാസം ഉള്ളവരെന്നോ, ഇല്ലാത്തവരെന്നോ ഭേദമില്ല. എല്ലാവർക്കും ഉണ്ട് ദുരിതങ്ങൾ. പല തരത്തിലുള്ള പ്രശ്നങ്ങളിൽ കൂടി കടന്നുപോകുന്നു ഓരോരുത്തരും. എല്ലാ വരുടെയും മുഖം വാടിയിരിക്കുന്നു.

ഏറ്റവും പ്രിയപ്പെട്ടവർ കടന്നുപോയ തീരാദു:ഖത്തിൽ വലയുന്നവരുണ്ട്. ശരീരത്തിൽ രോഗം വന്നതിൽ ഉള്ളു നൊന്തു ആശയറ്റ് കഴിയുന്നവരുണ്ട്. കടത്തിൽ വീർപ്പുമുട്ടി ജീവിതം അവസാനിപ്പിച്ചാൽ മതിയെന്നോർത്തു വിഷമിച്ചു

കഴിയുന്നവർ ഉണ്ട്. കുടുംബത്തിലെ അസ്വാസ്ഥതകൾ, അഭിപ്രായ വ്യത്യാസങ്ങൾ, അതുമൂലം ഇനിയും ജീവിതത്തിൽ ഒരു നല്ല കാലം കിട്ടുകയില്ല എന്നു വിചാരിച്ചു ഉള്ളു വാടി കഴിയുന്നവർ ഉണ്ട്.

നമുക്കു സഭാഭേദങ്ങൾക്കും സമുദായ വ്യത്യാസങ്ങൾക്കും അതീതമായി മനുഷ്യജീവിതത്തിലെ പ്രശ്നങ്ങൾക്കു ഒരു പരിഹാരം കണ്ടെത്തുകയാണല്ലൊ ഇന്നത്തെ അടിയന്തിരാവശ്യം. മനുഷ്യഹൃദയത്തിന്റെ ദു:ഖത്തിനു ഒരു ശാന്തി കണ്ടെത്തുക, മനുഷ്യജീവിതത്തിൽ സമാധാനം കിട്ടുക, അതാണ് നമുക്കെല്ലാവർക്കും വേണ്ടത്.

ഈ ലോകത്തിൽ കിട്ടുന്ന സമാധാനം മാത്രം പോരാ നമുക്ക്. നാം കുറെക്കൂടി ആഴമേറിയ അനുഭവം പ്രാപിക്കണം. നമുക്കു കണ്ണു കാഴ്ച കിട്ടണം. നമുക്ക് ആന്തരീകമായ കാഴ്ച കിട്ടണം.

കുരുടന്മാരുടെ കണ്ണു തുറന്നു വരുന്നു, ഈ ലോകം മായയാണെന്നു നമുക്കു മനസ്സിലാകുന്നു. ഇവിടെയുള്ള ജീവിതം ക്ഷണികം ആണ്. ഇന്നു കാണുന്നു, നാളെ കാണുന്നില്ല. എങ്ങോട്ടാണ് ഞാൻ പോകുന്നത്? അതൊന്നും ചിന്തിക്കുവാൻ നമുക്കു നേരമില്ല.

ഈ ലോകത്തിലെ കഷ്ടപ്പാടുകളിൽ തട്ടി മുട്ടി വലഞ്ഞു പോവുന്ന മനുഷ്യനു നാളെ എന്ത്, മരണശേഷം എന്ത് എന്നു ചിന്തിക്കുവാൻ തോന്നാറില്ല.

മരണശേഷം ഒരു നിത്യസ്വർഗ്ഗമുണ്ട്, നിത്യ നരകമുണ്ട്. സ്വർഗ്ഗത്തിൽ ഞാൻ എത്തിയില്ലെങ്കിൽ അതു തീരാനഷ്ടമാണ് എന്നു ഓർക്കാൻ നമ്മിൽ പലർക്കും പലപ്പോഴും സാധിക്കാറില്ല. കാരണം വീർപ്പു മുട്ടുന്ന പ്രശ്നങ്ങൾ നമ്മെ

വലയം ചെയ്തു നില്ക്കുന്നു. നമുക്കു മുന്നോട്ടു ഒരു ചുവടുപോലും വയ്ക്കുവാൻ വയ്യാത്തവിധം ആകുലങ്ങൾ നമ്മെ അലട്ടുന്നു. ആവലാതികൾ നമ്മെ ചുഴന്നു നില്ക്കുന്നു. കൊടുംങ്കാറ്റുകൾ നമ്മുടെ നേരെ ആഞ്ഞടിച്ചു വരുന്നു, പ്രതിസന്ധികൾ നമ്മെ വീർപ്പുമുട്ടിക്കുന്നു, അതുകൊണ്ടു മരണത്തിനുശേഷമുള്ളതു പിന്നെയല്ലേ, ഇവിടെ ജീവിച്ചിട്ടു വേണ്ടേ മരണത്തിനുശേഷമുള്ള കാര്യം ചിന്തിക്കാൻ എന്നാണ് പലരും ആലോചിച്ചു പോകുന്നത്.

അതിലും അതിശയമില്ല. മരണത്തിനുശേഷമുള്ള കാര്യത്തെക്കുറിച്ചു ചിന്തിക്കാൻ സാധിക്കാത്തവിധം മനുഷ്യ മനസ്സ് ഇന്നു മരവിച്ചിരിക്കയാണ്. ആന്തരീക കണ്ണ് അടഞ്ഞ് ആന്തരീക അന്ധത ബാധിച്ചു കാണേണ്ടതു കാണാതെ ഇന്ന് അനേകർ കണ്ണുകാഴ്ചയില്ലാതെയിരിക്കയാണ്.

ഷാന്റിയുടെ പാട്ടു നിങ്ങൾ കേൾക്കാറുണ്ടല്ലോ. വളരെ മധുരമായ പാട്ട്. ഹൃദ്യമായ പാട്ടു ഹൃദയത്തെ സ്പർശിക്കുന്നു. ഹൃദയത്തിന്റെ തന്ത്രികളെ മീട്ടിയുണർത്തുന്ന അനുഗൃഹീതമായ ഗാനം. ഷാന്റി അന്ധയാണ്. പതിനാലു വയസ്സുവരെ കണ്ണുകാണുമായിരുന്നു. എന്നിട്ടാണ് കാഴ്ച നഷ്ടപ്പെട്ടത്. അത് ചിന്തിക്കാൻ തന്നെ പ്രയാസമാണ്. ലോകം കണ്ടിരുന്നതാണ്. മാതാപിതാക്കളുടെ മുഖം കണ്ടിരുന്നതാണ്. സഹോദരങ്ങളുടെ മുഖം കണ്ടിരുന്നതാണ്. ചിരിച്ചു കളിച്ചു നടന്നിരുന്നതാണ്. പുസ്തകം വായിച്ചിരുന്നതാണ്. പതിന്നാലു വയസ്സുവരെ. പക്ഷേ കാഴ്ച കുറഞ്ഞുകുറഞ്ഞു വന്നു. ചുരുങ്ങിയ കാലം കൊണ്ടു കാഴ്ച തീർത്തും അസ്തമിച്ചുപോയി.

പക്ഷേ ഭാഗ്യവശാൽ ആദ്യത്തെ ദിവസങ്ങൾ വലിയ ദു:ഖവും വലിയ പ്രയാസവും നെടുവീർപ്പുമായിരുന്നെങ്കിലും

ഹൃദയം കർത്താവു തുറന്നുകൊടുത്തു. ഉൾക്കണ്ണു കർത്താവു തുറന്നുകൊടുത്തു. പുറമെയുള്ള കണ്ണിന്റെ കാഴ്ച പോയെങ്കിലും അകത്തെ കണ്ണ് കർത്താവു തുറന്നു. തന്മൂലം ക്രിസ്തുവിനെ കണ്ടെത്തി.

അതൊരു വലിയ അത്ഭുതമാണ്. അകത്തെ കണ്ണു തുറക്കുമ്പോൾ ക്രിസ്തുവിനെ കണ്ടെത്തും, ക്രിസ്തുവിനെ കാണേണ്ടതുപോലെ കാണും. ക്രിസ്തുവിനെ അറിയേണ്ടതു പോലെ അറിയും. അകത്തെ കണ്ണു തുറക്കുമ്പോൾ വലിയൊരു വെളിവുണ്ടാകും. നിങ്ങൾക്കു ഈ അകത്തെകണ്ണു തുറന്നുകിട്ടിയിട്ടുണ്ടോ. അകത്തെ കണ്ണു തുറന്നു കിട്ടുന്ന ഭാഗ്യം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ആത്മലോകം നിങ്ങൾ വിശ്വാസത്താൽ കാണുന്നുണ്ടോ?

അന്തരീക്ഷത്തിൽ എത്രയോ അണുക്കളാണുള്ളത്. അതുപോലെ ഈ അന്തരീക്ഷത്തിൽ അനേക ദുരാത്മാക്കൾ ഉണ്ട്. അതു നാം കാണാത്തതുകൊണ്ടാണ് നമുക്കു ഭയം വരാത്തത്. അതുകൊണ്ടാണ് നമുക്ക് സൂക്ഷ്മതയില്ലാത്തത്. നാം അതിനെക്കുറിച്ചു ജാഗരൂകരല്ലാത്തതു അതുകൊണ്ടാണ്.

ഭീകരന്മാരായ ദുരാത്മാക്കൾ നമ്മെ നശിപ്പിച്ച് നരകത്തിന്റെ ഭീകരമായ യാതനയിലേക്ക് കൊണ്ടുപോകുവാൻ ഇങ്ങനെ വലയം ചെയ്തു നില്ക്കുന്നുണ്ട്. അത് കാണണമെങ്കിൽ ആന്തരിക കണ്ണു തുറന്നു കിട്ടണം. ദുരാത്മാക്കളുടെ വലയിൽ വീഴാതെ നമ്മെ കാക്കുവാൻ ദൈവത്തിന്റെ മാലാഖമാർ ചുറ്റും നില്ക്കുന്നുണ്ടു എന്നും കാണുവാൻ സാധിക്കും.

ആ കാഴ്ച കണ്ടാൽ പിന്നെ കക്ഷി വ്യത്യാസമില്ല, സഭാ

വ്യത്യാസമില്ല, സമുദായ വ്യത്യാസമില്ല, കർത്താവെ, ഈ കാഴ്ചയില്ലാത്തവർക്കു കാഴ്ച നല്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഓടി നടക്കണം. അതാണ് ശരിയായ ക്രൈസ്തവ വീക്ഷണം.

നമുക്കു ആർക്കും കാഴ്ച കൊടുക്കുവാൻ സാധിക്കുകയില്ല. സാധിക്കുന്നതു ഒരേ ഒരു വ്യക്തിക്കു മാത്രം. അതാരാണ്? അതാണ് കർത്താവായ യേശുക്രിസ്തു. യേശുക്രിസ്തുവിനു മാത്രമേ കണ്ണു കാഴ്ചതരാൻ സാധിക്കുകയുള്ളൂ.

യേശുക്രിസ്തു സഭകൾക്കും മതങ്ങൾക്കും അതീതനായി നിലകൊള്ളുന്നവനാണ്. യേശുക്രിസ്തു മത സ്ഥാപകനല്ല. മതം സ്ഥാപിച്ചിട്ടുമില്ല. ക്രിസ്തു മതം സ്ഥാപിക്കാനല്ല വന്നത്. ക്രിസ്തു വന്നതു സർവ്വജനത്തിനും രക്ഷയൊരുക്കുവാനാണ്, എല്ലാവർക്കും വേണ്ടിയാണ്. ക്രിസ്തുവിനു മനുഷ്യർ തമ്മിൽ ഭേദമില്ല. ക്രിസ്തു ആരെയും വെറുക്കുന്നില്ല, ദ്വേഷിക്കുന്നില്ല, പകരം എല്ലാവരെയും സ്നേഹിക്കുന്നു.

പഴയ നിയമത്തിൽ കാണുന്ന ദൈവം ഭീകരനായ ഒരു ദൈവമായിട്ടാണ് അന്നത്തെ സമൂഹം കണ്ടിരുന്നത്. എപ്പോഴും മനുഷ്യനിൽ കുറ്റം കണ്ടുകൊണ്ടു മനുഷ്യനെ ശിക്ഷിക്കാൻ, ന്യായവിധിയിൽ പെടുത്താൻ ഉഗ്രമായി കോപിക്കുന്ന ഒരു ദൈവം, അതാണ് ആദിമകാലത്തെ ദൈവത്തെ കുറിച്ചുള്ള മനുഷ്യ സങ്കല്പം.

അതുമാറി. ആരു മാറ്റി? യേശുക്രിസ്തു മാറ്റി. നിത്യനായ ദൈവം ഈ ഭൂമിയിലേയ്ക്കു ഇറങ്ങി വന്നു, സാക്ഷാൽ ദൈവം മനുഷ്യനോടു ഇടപെട്ടപ്പോൾ മനുഷ്യന്റെ കാഴ്ചപ്പാടു മാറി. അപ്പോൾ മനുഷ്യന് മനസ്സിലായി.

ദൈവം ക്രൂരനല്ല. ദൈവം ഭയങ്കരനല്ല. ദൈവം കഠിനനല്ല. ദൈവം സ്നേഹമാണ്.

എന്താണ് ഈ സ്നേഹം? ദൈവസ്നേഹത്തിന്റെ ആഴം ചിന്തിക്കാനും വർണ്ണിക്കാനും സാദ്ധ്യമല്ല.

ദൈവം സ്നേഹമാണ്. ഉദയം അസ്തമയത്തോടു അകന്നരിക്കുന്നതുപോലെ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റുന്ന സ്നേഹമാണ്. ആകാശം ഭൂമിക്കുമീതേ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്ന സ്നേഹമാണ് ദൈവസ്നേഹം.

ഉദയവും അസ്തമയവും തമ്മിൽ ചേരുമോ? അതു തമ്മിൽ അതിരു കല്പിക്കുവാൻ പറ്റുമോ? അതുപോലെയുള്ള സർവ്വലൗകീക സ്നേഹമാണ്, സാർവ്വപ്രാപഞ്ചിക സ്നേഹമാണ് ദൈവസ്നേഹം. അതുകൊണ്ടാണ് പറയുന്നത് സഭമാറണ്ടാ, സമുദായം മാറണ്ടാ, ഹൃദയം മാറിയാൽ മതിയെന്ന്.

അതിനും ഒരു കാര്യമുണ്ട്. എന്താണ് കാര്യം? സത്യദൈവത്തെ അറിയുംതോറും നമുക്കു എല്ലാ മതങ്ങളെയും ബഹുമാനിക്കുവാൻ തോന്നും. ദൈവത്തെ അറിയുംതോറും എല്ലാ സമുദായങ്ങളെയും സഭകളെയും ആദരിക്കുവാൻ തോന്നും. ദൈവത്തെ അറിയുംതോറും ആരോടും നമുക്കു വിദ്വേഷമില്ലാതാകും. കണ്ണുകാഴ്ച കിട്ടുമ്പോഴുള്ള അനുഭവമാണിത്.

ആരോടും പിന്നെ പിണക്കമില്ല. നമ്മെ തെറ്റിദ്ധരിക്കുന്നവരോട് പിന്നെ വൈരാഗ്യമില്ല. നമുക്ക് പ്രയാസം വരുത്തുന്നവരോടു നമുക്കു നീരസമില്ല. ഈ മാറ്റം തരുന്നത് ക്രൂശിൽ മാതൃക കാണിച്ച് ജീവൻ ത്യജിച്ച യേശുക്രിസ്തുവിന്റെ

സ്നേഹമാണ്.

എല്ലാവരുടെയും ജീവിതത്തിൽ മാറ്റം വരുവാനാണ് ക്രിസ്തു ആഗ്രഹിക്കുന്നത്. അതു ഒരാൾക്കു വന്നില്ലെങ്കിൽ ക്രിസ്തു ആ ആളെ ഉപേക്ഷിക്കുന്നില്ല. ആ ആൾക്കുവേണ്ടി ക്രിസ്തു പിന്നെയും അദ്ധ്വാനിച്ചുകൊണ്ടു നില്ക്കും. ക്രിസ്തുവിന്റെ സ്നേഹം അതിരില്ലാത്ത സ്നേഹമാണ്. ആ ആളുടെ പിറകെ ഇറങ്ങിച്ചെല്ലുന്ന സ്നേഹമാണ്. ആ ആളെ കൈവിട്ടുകളയാത്ത സ്നേഹമാണ്. വഴിതെറ്റി പോകുന്നവനെയും തിരക്കി ചെല്ലുന്ന സ്നേഹമാണ്. അനുസരണം കെട്ടു പോകുന്നവനെ പിന്നെയും കൈക്കൊള്ളുന്ന സ്നേഹമാണ്.

തന്നെ മുഖത്ത് അടിക്കുകയും മുഖത്തു തുപ്പുകയും ശിരസ്സിൽ മുൾമുടി വയ്ക്കുകയും ചങ്കിലേയ്ക്കു കുന്തം കൊണ്ടു കുത്തുകയും കൈകളിലും കാലുകളിലും ആണി അടിച്ചു തറയ്ക്കുകയും ചെയ്തപ്പോൾ അവർക്കുവേണ്ടി "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നത് എന്നു ഇവർ അറിയായ്കയാൽ ഇവരോടു ക്ഷണിക്കണമേ" എന്നു പറഞ്ഞ സ്നേഹം. ആ സ്നേഹമാണ് നമ്മുടെ കർത്താവായ യേശു നമുക്കു കാണിച്ചുതന്നത്.

ആ സ്നേഹം എപ്പോൾ ലഭിക്കും? കണ്ണിനു കാഴ്ച കിട്ടുമ്പോൾ ലഭിക്കും. അകകണ്ണ് തുറക്കുമ്പോൾ ലഭിക്കും. ഭർത്താവു നിരന്തരം ഉപദ്രവിക്കുമ്പോഴും ആ മനുഷ്യനെ സ്നേഹിക്കാൻ സാധിക്കുന്ന സ്നേഹം.

ചില സ്ത്രീകൾ സാക്ഷിക്കും. ഞാൻ എന്നും അടികൊള്ളുന്നുണ്ട്. പക്ഷേ എനിക്ക് അദ്ദേഹത്തോടു വിരോധമില്ല.

"നിന്റെ സ്വഭാവമേന്മ കണ്ട് ഭർത്താവു തിരിഞ്ഞുകൊള്ളും. ഇന്നല്ലെങ്കിൽ നാളെ."

ഒരു ചെറുപ്പക്കാരൻ പറഞ്ഞു : എന്റെ ഭാര്യയ്ക്കു എന്നെയല്ല വില. എന്നെയവൾക്കു സ്നേഹമില്ല. വേറെ ചിലരോടാണ് സ്നേഹം. ഞാൻ അവൾക്കു വഴിമാറി കൊടുത്തു. അവളുടെ ഇഷ്ടത്തിന് പോയിക്കൊള്ളട്ടെ എന്നു വിചാരിച്ചു.

ഞാൻ പറഞ്ഞു "മോനേ, നീ അങ്ങനെയല്ല വേണ്ടത്? അവളെ നീ കൂട്ടായ്മയിലേക്ക് വിളിച്ചുകൊണ്ടു വരിക. അവൾ വചനം കേൾക്കട്ടെ. വചനം കേൾക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കും. അവൾ മാനസാന്തരപ്പെടട്ടെ. അവളുടെ ഹൃദയത്തിൽ അനുതാപം വരട്ടെ. അവൾ ചെയ്തത് തെറ്റ് എന്നു അവൾക്കു മനസ്സിലാകട്ടെ. അവൾക്കു കണ്ണു തുറന്നു കിട്ടട്ടെ. നീ അവളെ സ്നേഹത്തോടെ വിളിച്ചു കൊണ്ടുവന്നു വചനം കേൾപ്പിക്കുക."

ഈ നിഷ്കളങ്കസ്നേഹം ക്രിസ്തുവിന്റെ വചനത്തെ ആദരിക്കുന്ന സ്നേഹമാണ്. ക്രിസ്തുവിന്റെ വചനത്തെ ബഹുമാനിക്കുന്ന സ്നേഹമാണ്. ക്രിസ്തുവിന്റെ വചനത്തിലേയ്ക്ക് ആളുകളെ ആകർഷിക്കുന്ന സ്നേഹമാണ്.

ഒരു സഭയുണ്ടാക്കാനല്ല. ഒരു പള്ളിയുണ്ടാക്കാനല്ല. ഒരു പ്രസ്ഥാനം പടുത്തുയർത്തുവാനല്ല. രൂപാ സമാഹരിക്കാനല്ല. പിന്നെ എന്തിനാണ് വചനം കേൾക്കുന്നത്?

സ്വർഗ്ഗരാജ്യത്തിലേക്കു കടന്നു പോകാനുള്ള വഴി കാണിച്ചു കൊടുക്കുവാൻ, നിത്യ ജീവനിലേയ്ക്കു പ്രവേശിക്കുവാനുള്ള വഴി തെളിച്ചുകൊടുക്കുവാൻ.

ഇന്ന് ഈ വഴി കാണിച്ചു കൊടുക്കുവാൻ ആളില്ല. പട്ടണത്തിലേയ്ക്ക് പോകുന്ന വഴി കാണുവാൻ ആഗ്രഹിക്കുന്നവരുണ്ട്. "പട്ടണത്തിലേയ്ക്ക് പോകുന്ന വഴി അറിയാത്ത മൂഢന്മാർ തങ്ങളുടെ പ്രയ്തനങ്ങളിൽ ക്ഷീണിച്ചു പോകു

ന്നു. (സഭാപ്രസംഗി 10 : 15) പാവപ്പെട്ട മനുഷ്യനു പട്ടണത്തിൽ എത്തണമെന്നുണ്ട്. സ്വർഗ്ഗീയ സീയോൻ പുരിയിൽ എത്തണമെന്നുണ്ട്. എന്നാൽ പട്ടണത്തിലേയ്ക്കു പോകുന്ന വഴി പറഞ്ഞുകൊടുക്കുവാൻ ആളില്ല.

വഴി കണ്ടിട്ടില്ലാത്തവർ എങ്ങനെ കാണിച്ചുകൊടുക്കും? കുരുടൻ കുരുടനെ എങ്ങനെ വഴികാണിക്കും? സാദ്ധ്യമല്ല.

കുരുടൻ ആദ്യം കാഴ്ച പ്രാപിക്കണം. കണ്ണുകാഴ്ച പ്രാപിക്കുമ്പോൾ വഴി തെളിഞ്ഞുകിട്ടും. വഴി തെളിഞ്ഞുകിട്ടിയാൽ അനേകരെ ആ വഴിയിലേയ്ക്കു ആനയിക്കാം.

നിങ്ങൾ അങ്ങനെ ആകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നിങ്ങൾക്കും ആദ്യം കാഴ്ച കിട്ടണം. പിന്നെ അനേകരെ നിങ്ങൾ നിത്യജീവന്റെ വഴിയിലേയ്ക്കു ആനയിക്കണം. അനേകരെ സ്വർഗ്ഗരാജ്യത്തിന്റെ പാതയിലേയ്ക്കു വഴി നടത്തണം. അതാണ് സുവിശേഷ വേല.

മനസ്സു വീർപ്പുമുട്ടി കഴിയുന്നവർക്കു ആശ്വാസം പകർന്നു കൊടുക്കുവാൻ നിങ്ങൾക്കു കഴിയണം. നിങ്ങളെക്കൊണ്ടു സാധിക്കുന്നതൊക്കെ ചെയ്യണം.

കുരുടന്മാരുടെ കണ്ണു തുറന്നുവരും. ഊമൻ ആർപ്പോടെ, ആരവാരത്തോടെ, ആഘോഷത്തോടെ ആരാധിക്കും. മാത്രമല്ല ചെകിടൻ കേൾക്കും. കേൾവിയില്ലാത്തവൻ കേൾക്കും. കണ്ണു കാഴ്ചയില്ലാത്തവൻ കാണും. നടക്കുവാൻ വയ്യാത്തവർ തുള്ളിച്ചാടി ദൈവത്തെ മഹത്വപ്പെടുത്തും. നൃത്തം ചെയ്യും? കാലും നരിയാണിയും ഉറയ്ക്കും.

ചിലർ വിചാരിക്കും. പുറമെ കണ്ണു കുരുടനെ കൊണ്ടുവന്നാൽ ഒന്നു പ്രാർത്ഥിച്ചു കണ്ണുകാഴ്ച കിട്ടട്ടേ, എന്നാൽ

ഞങ്ങൾ വിശ്വസിക്കാം. അതല്ല അത്ഭുതം. അങ്ങനെയും അത്ഭുതം ചെയ്യുന്നുണ്ട്. മരിച്ച ഒരാളെ കൊണ്ടുവരട്ടെ. ഒന്നു കൈവച്ചു പ്രാർത്ഥിക്കുമ്പോൾ അയാൾ ജീവൻ പ്രാപിക്കട്ടെ. എന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്ന് പറയുന്നവരുണ്ട്.

ശരീരത്തിന്റെ മരണമല്ല. കർത്താവു കാണിച്ചു തന്നത്. ആത്മാവിൽ മരിച്ചവർ ഉയർത്തെഴുന്നേല്ക്കുന്നു. ആത്മാവിൽ കണ്ണുകാഴ്ചയില്ലാത്തവർ കണ്ണുകാഴ്ച പ്രാപിക്കുന്നു എന്നതാണ്, ആ തിരുവചനത്തിന്റെ പൊരുൾ.

മരിച്ച ആൾ ഉയർത്തെഴുന്നേറ്റാലും, ആ ആൾ മരണശേഷം ദൈവരാജ്യത്തിൽ പോയില്ലെങ്കിൽ നഷ്ടമല്ലേ. കുഷ്ഠരോഗിക്കു സൗഖ്യം കിട്ടിയാലും ആ ആൾ നരകത്തിലേയ്ക്കു പോയാൽ നഷ്ടമല്ലേ. സൗഖ്യം കൊണ്ടു ആത്യന്തിക പ്രയോജനം ഉണ്ടാകുമോ?

ഈ ലോകത്ത് രോഗസൗഖ്യം കിട്ടി. ഈ ലോകത്തു പരീക്ഷ പാസ്സായി, ഈ ലോകത്ത് ജോലി കിട്ടി. എന്തിന്? ഈ ലോകത്ത് പാപം ചെയ്തു ജീവിച്ച് ആത്മാവു നരകത്തിലേയ്ക്കു പോകാനാണോ? സഹോദരങ്ങളേ, ആന്തരീകമായ കണ്ണു കാഴ്ച കിട്ടണം.

മനോഹരമായ ഒരു ഉദാഹരണകഥ ഞാൻ വായിച്ചു. അങ്ങനെ നടന്നതാകണമെന്നില്ല. ഒരു ജയിലിൽ അനേകം കുറ്റവാളികൾ ഉണ്ട്. ഒരു ദിവസം രാജ്യം ഭരിക്കുന്ന രാജാവു ആ ജയിൽ സന്ദർശിച്ചു. രാജാവു ഒരു മുറിയിൽ ഇരുന്നിട്ടു കുറ്റവാളികളെ ഓരോരുത്തരായി തന്റെ മുന്നിലേയ്ക്കു വിളിപ്പിച്ചു.

രാജാവിന് കുറ്റവാളിയെ വെറുതെ വിടാനും ശിക്ഷ

വിധിച്ചു തൂക്കിക്കൊല്ലാനും അധികാരമുണ്ട്. ഓരോരുത്ത രോടും എന്തു കുറ്റം ചെയ്തിട്ടാണ് ഇവിടെ വരാനിടയായ തെന്ന് രാജാവ് തിരക്കി.

ഒന്നാമനെ വിളിച്ചു - "നീ എന്തു കുറ്റം ചെയ്തിട്ടാണ് ഇവിടെ വന്നത്?" രാജാവ് ചോദിച്ചു.

അവൻ പറഞ്ഞു "പൊന്നു തിരുമേനീ ഞാൻ ഒരു കുറ്റവും ചെയ്തതല്ല. വെറുതെ എന്നെക്കുറിച്ചു ഇല്ലാത്തതു പറഞ്ഞ് ജയിലിലാക്കിയതാണ്."

അടുത്ത ആളെ വിളിച്ചു. "നീ എന്തു കുറ്റം ചെയ്തി ട്ടാണ് വന്നത്?" "അയ്യോ, തിരുമേനി ഞാനല്ല കൊലപാതകം ചെയ്തത്. ഞാൻ നിരപരാധിയാണ്. എന്നെ വെറുതെ ശിക്ഷി ച്ചിരിക്കയാണ്."

ഓരോരുത്തരും ഇങ്ങനെയെല്ലാം പറഞ്ഞു. അതിനിട യിൽ ഒരാൾ വന്നു പറഞ്ഞു, എന്റെ തിരുമേനി ഞാൻ ഇപ്പോൾ തുറന്നു പറയാം. എനിക്കു ഇന്നു ഓർക്കുമ്പോൾ അതിദു:ഖം ഉണ്ട്. എനിക്ക് അതു ഓർക്കുമ്പോൾ അയ്യോ ഞാൻ എന്താണ് അങ്ങനെ ചെയ്തു പോയതു എന്ന ചിന്തയേ ഉള്ളൂ. എനിക്കു വലിയൊരു തെറ്റുപറ്റിപ്പോയി. ഞാൻ ഇവിടെ വരേണ്ടവനാണ്. എന്നെ ശിക്ഷിച്ചതു ന്യായ മാണ്. ഞാൻ എത്ര പണ്ടേ പിടിക്കപ്പെടേണ്ടവനായിരുന്നു. എന്റെ തെറ്റുകൾ എല്ലാം ഞാൻ സമ്മതിക്കുന്നു. എനിക്കു യാതൊരു വിധത്തിലും മോചനത്തിനു യോഗ്യതയില്ല. ഞാൻ ഇവിടെ തന്നേ കിടക്കേണ്ടവനാണ്. എന്നെതൂക്കി കൊല്ലേണ്ട വനാണ്.

പിന്നെയും പലരെയും വിളിച്ചു. ഓരോരുത്തരും താൻ ഒന്നും ചെയ്തില്ല എന്നു പറഞ്ഞു. ഒരാൾ മാത്രമാണ് താൻ

വലിയ കുറ്റവാളിയാണെന്ന് സമ്മതിച്ചത്. ഒടുവിൽ രാജാവ് എല്ലാവരെയും കൂട്ടി വരുത്തി, സംസാരിച്ചു.

ഞാൻ നിങ്ങൾ എല്ലാവരോടും സംസാരിച്ചല്ലോ. ഇവിടെ ഇത്രയും പേർ കൂടിയിരിക്കുന്നിടത്തു കുറ്റം ചെയ്ത ഒരാൾ മാത്രമേ ഉള്ളൂ. ബാക്കിയുള്ളവർ എല്ലാം നിരപരാധികളാണ്. ഇത്രയും ആളുകൾ, ഒരു തെറ്റും ചെയ്യാത്തവരായി ഇത്ര യേറെ പേരുള്ള ഈ ജയിലിൽ കുറ്റം ചെയ്ത ഒരാളെ നിർത്തുന്നതു ശരിയല്ല. ആ ആളെ ഞാൻ ഇവിടെ നിന്നു പറഞ്ഞു വിടുകയാണ്. കാരണം നിങ്ങൾ ഇത്രയും നീതിമാ ന്മാരുള്ള ഈ ജയിലിൽ ഒരു കുറ്റവാളി കിടന്നാൽ അതു നിങ്ങൾക്കു ദോഷമാണ്. അതുകൊണ്ടു കുറ്റം ചെയ്തു എന്നു പറയുന്ന ഒരാളെ ഇതിനകത്തു ഇനി ഇട്ടേക്കുന്നി ല്ല. ആ ആളെ ഞാൻ മോചിപ്പിക്കുകയാണ്.

അപ്പോഴാണ് മറ്റുള്ളവർ അയ്യോ എന്നോർത്തത്. അവർ ചിന്തിച്ചു. അയ്യോ എന്റെ തെറ്റു പറഞ്ഞു കൊള്ളാമായിരു ന്നു. എനിക്കും മോചനം കിട്ടുമായിരുന്നു. ആ മനുഷ്യനു മോചനം കിട്ടിയതു എന്തുകൊണ്ടാണ്? അവനു കുറ്റബോധ മുണ്ടായി, പാപബോധമുണ്ടായി.

ദൈവത്തിൽ നിന്നു നിങ്ങൾക്കു അനുഗ്രഹം കിട്ടണമെ ങ്കിൽ, ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ തൊടണമെങ്കിൽ, നിങ്ങൾ പാപബോധമുള്ളവരാകണം. നിങ്ങളുടെ ജീവിത ത്തിൽ എന്തെല്ലാം തെറ്റുകൾ വന്നു എന്നു ചിന്തിക്കണം. ദൈവത്തിന്റെ സുവിശേഷം നിങ്ങളുടെ ഹൃദയത്തിലേക്ക് കടക്കുമ്പോൾ, സുവിശേഷം അവിടെ പ്രവൃത്തിക്കണമെ ങ്കിൽ, സുവിശേഷത്തിന്റെ ശക്തി നിങ്ങളുടെ ഉള്ളത്തിലേ യ്ക്കു കടന്നു വരണമെങ്കിൽ നിങ്ങൾക്ക് എന്തെല്ലാം തെറ്റു പറ്റി എന്നുള്ള കുറ്റബോധത്താലുള്ള നെടുവീർപ്പു വരണം.

ഇന്നു നിങ്ങൾ കരയുന്നുണ്ട്. ഞാൻ ആദ്യം പറഞ്ഞതു പോലെ, പല പല ആവശ്യങ്ങളെ ഓർത്തു കരയുന്നുണ്ട്. പല പല ഭാരങ്ങളിൽ നിങ്ങൾ കരയുന്നുണ്ട്. അനേകം ദു:ഖവിഷയങ്ങൾ നിങ്ങൾക്കുണ്ട്. നിങ്ങൾ നെടുവീർപ്പിടുന്നുണ്ട്. നിങ്ങൾ കണ്ണുനീരൊഴുക്കുന്നുണ്ട്. സത്യമാണ്. പക്ഷേ നിങ്ങൾ നിങ്ങളുടെ പാപങ്ങളെ ഓർത്തു കരയുന്നുണ്ടോ?

ബഹുമാനപ്പെട്ട പഴമ്പിള്ളിൽ തോമസച്ചന്റെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്.

പല അപകടങ്ങൾ ജീവിതത്തിൽ വന്നു. പ്രിയപ്പെട്ട അമ്മ കടന്നുപോയി. അച്ചന്റെ മൂത്തപെങ്ങൾ കടന്നുപോയി. അന്നൊന്നും കരയാത്ത അച്ചൻ വചനം കേട്ടപ്പോൾ പാപത്തെ ഓർത്തു കരഞ്ഞു. ഒരു പട്ടക്കാരന്റെ നാവിൽ നിന്നു അതു കേൾക്കാനിടയായല്ലോ.

പിന്നെയും അച്ചൻ പറഞ്ഞു. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ എന്നു ഞാൻ പറയും. പള്ളിയകത്തു തിങ്ങിക്കൂടി നില്ക്കുന്ന ആളുകളെല്ലാവരും പറയും: അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

അച്ചനും സമാധാനമില്ല. കേൾക്കുന്ന ആളുകൾക്കും സമാധാനമില്ല, എന്നാണ് അച്ചൻ പറയുന്നത്. പിന്നെ അതൊക്കെ ഒരു ചടങ്ങുപോലെ എഴുതി വച്ചിരിക്കുന്നത് വായിച്ചുപോകും. അങ്ങനെയുള്ള അച്ചൻ സ്വന്തം നാവു കൊണ്ടു പറഞ്ഞു : പാപത്തെ ഓർത്തു കരഞ്ഞു എന്ന്.

ഇന്നു നിങ്ങൾ ഏതെല്ലാം തുറകളിലുള്ളവരായാലും, നിങ്ങളുടെ സ്വന്തം പാപത്തെയോർത്തു അനുതപിച്ച കരയാൻ കഴിഞ്ഞാൽ നിങ്ങൾക്കു കണ്ണു കാഴ്ച കിട്ടും. പാപത്തെയോർത്തു കരയുവാൻ കഴിഞ്ഞാൽ ക്രിസ്തുവിന്റെ ആ

സ്നേഹശീതളമായ കരങ്ങൾ നിങ്ങളെ തലോടും. ക്രിസ്തുവിന്റെ കരം വന്നു നിങ്ങളുടെ കണ്ണുനീർ തുടയ്ക്കും. ക്രിസ്തു വന്ന് നിങ്ങളുടെ കണ്ണ് തുറന്നു തരും. അകക്കണ്ണ് തുറന്നുതരും. നിങ്ങളുടെ ഹൃദയം സ്നേഹമായി മാറും, പാപത്തോടു വെറുപ്പു കിട്ടും.

അപ്പോൾ ചില അത്ഭുതങ്ങൾ നടക്കും. അപ്പോൾ നടക്കുന്ന അത്ഭുതങ്ങളാണ് രോഗസൗഖ്യം. അപ്പോൾ കിട്ടുന്ന അത്ഭുതമാണ് പരീക്ഷ പാസ്സാകാനുള്ള ബുദ്ധി. അപ്പോൾ കിട്ടുന്ന അത്ഭുതമാണ് നല്ല വിവാഹം. അപ്പോൾ കിട്ടുന്ന അത്ഭുതമാണ് നല്ല ബന്ധുക്കൾ, നല്ല മക്കൾ. അപ്പോൾ കിട്ടുന്ന അത്ഭുതമാണ് മക്കളുടെ നല്ല സ്വഭാവം. എല്ലാം ശരിയാകും, പഠിത്തം ശരിയാകും, തൊഴിൽ ശരിയാകും.

യേശുക്രിസ്തുവിനുവേണ്ടി നിങ്ങൾ ജീവിതം സമർപ്പിച്ച് ആന്തരീകമായ കണ്ണു തുറന്നു കിട്ടിയാൽ നിങ്ങളുടെ ജീവിതം ഭാസുരമാണ്, പ്രകാശമാനമാണ്. നിങ്ങളുടെ ജീവിതം സന്തോഷപ്രദമാണ്.

നിങ്ങൾക്കു നിങ്ങളുടെ കാര്യം നോക്കാൻ ഒരാൾ ഉണ്ടു എന്നു ബോദ്ധ്യം വരും. നിങ്ങൾക്കും ഒരു രക്ഷകർത്താവുണ്ടു എന്ന ബോദ്ധ്യം വരും. അപ്പനില്ലാത്തവർക്കു ഒരു അപ്പനുണ്ട് എന്ന ബോദ്ധ്യം വരും, ഉടമസ്ഥനില്ലാത്തവർക്ക് ഒരു ഉടയവനുണ്ട് എന്ന ബോദ്ധ്യം വരും. ഭർത്താവു നഷ്ടപ്പെട്ടു പോയവർക്കു അരുമ മണവാളനായി യേശു എന്റെ ജീവിതത്തിൽ എന്നെ താങ്ങാനുണ്ട് എന്നു ബോദ്ധ്യം വരും. ഭാര്യ നഷ്ടപ്പെട്ടു പോയവർക്കു യേശു എന്റെ തുണയും എനിക്കു തണലുമായിട്ടുണ്ട് എന്നു ബോദ്ധ്യം വരും. അതു വെറും ബോദ്ധ്യമല്ല. നിങ്ങളുടെ അനുഭവമായി മാറും. നിങ്ങൾ ഒറ്റയ്ക്കല്ല, ജീവനുള്ള ക്രിസ്തു നിങ്ങളെ താങ്ങുന്നു എന്ന

ബോദ്ധ്യം വരും.

നിങ്ങൾ പ്രാർത്ഥിക്കൂ. എനിക്കും ഒരു കണ്ണുകാഴ്ച തരേണമേ. എന്റെ കണ്ണു തുറന്നു തരേണമേ, ആന്തരീകമായ ഒരു കാഴ്ച എനിക്കു തരേണമേ, പ്രാർത്ഥിക്കുമ്പോൾ ചില പ്പോൾ നിങ്ങൾക്കു ഒരു തേങ്ങൽ വരും, ചിലപ്പോൾ നിങ്ങ ളുടെ തൊണ്ട ഇടറും. ചിലപ്പോൾ നിങ്ങളുടെ കണ്ണിൽ കണ്ണുനീർ നിറയും. എന്നിട്ടു കണ്ണുനീർ ഒഴുകാൻ തുടങ്ങും.

നിങ്ങൾക്കു പ്രാർത്ഥിക്കാം. എന്റെ കർത്താവെ ഇന്നു എന്റെമേൽ നിന്റെ കരം വയ്ക്കേണമേ, എന്റെ കണ്ണിൽ നിന്റെ കരം വയ്ക്കേണമേ, പോരാ എന്റെ ചങ്കിൽ നിന്റെ കരം വയ്ക്കേണമേ, എന്റെ മനസ്സിലും എന്റെ തലച്ചോറിലും നിന്റെ കരം വയ്ക്കേണമേ, എന്റെ രക്തത്തിലും എന്റെ സിരകളിലും നിന്റെ കരം വയ്ക്കേണമേ, എന്റെ ശരീര ത്തിലെ എല്ലാ കോശങ്ങളിലും നിന്റെ കരം വയ്ക്കേണമേ.

കർത്താവെ നിന്റെ കരം വച്ചാൽ അവിടെ വെളിവുണ്ടാ കും. നിന്റെ കരം വെച്ചാൽ അവിടെ അന്ധകാരം മാറും. യേശുവിന്റെ കരം വച്ചാൽ അവിടെ സ്വർഗ്ഗത്തിലെ തീ ഇറ ങ്ങും. യേശുവിന്റെ കരം വച്ചാൽ ഊമന്മാർ സംസാരിച്ചു തുടങ്ങും, യേശുവിന്റെ കരം വെച്ചാൽ ചെകിടന്മാർ കേട്ടു തുടങ്ങും. യേശുവിന്റെ കരം വച്ചാൽ അവിടെ കുരുടന്മാ രുടെ കണ്ണു തുറന്നുവരും. യേശുവിന്റെ കരം വച്ചാൽ രോഗികൾ സൗഖ്യം പ്രാപിക്കും. യേശുവിന്റെ കരം വച്ചാൽ മനോരോഗങ്ങൾ മാറും. മാനസീക വിഭ്രാന്തികൾ മാറും, ശരീര ക്ലേശങ്ങൾ മാറും.

കർത്താവേ നിന്റെ കരം വച്ചാൽ എന്റെ കുടുംബ ത്തിലെ അസ്വസ്ഥതകൾ മാറും. യേശുവേ നിന്റെ കരം

വച്ചാൽ എന്റെ പൈസയുടെ ബുദ്ധിമുട്ടു മാറും. യേശുവേ നിന്റെ കരം വെച്ചാൽ എന്റെ മോന്റെ സ്വഭാവം മാറും, യേശുവേ നിന്റെ കരം വച്ചാൽ എന്റെ മോൾക്കു മാനസാന്തരം ലഭിക്കും. യേശുവേ നിന്റെ കരം വച്ചാൽ എന്റെ അനാഥത്വം മാറും. എന്റെ അഗതിത്വം മാറും. ഞാൻ നാഥനുള്ളവനായിത്തീരും. നിന്റെ കരം വച്ചാൽ എനിക്കു ഒരു രക്ഷകനുണ്ട് എന്ന ബോദ്ധ്യം വരും. നാഥാ ഇപ്പോൾ ആ സ്വർഗ്ഗീയ കരം, ആ അത്ഭുതകരം, അനുഗ്രഹിക്കുന്ന കരം, തിരുരക്തം പുരണ്ടകരം ഇപ്പോൾ എന്റെ ശിരസ്സിൽ വെയ്ക്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

യേശുവേ നിന്റെ കരം വയ്ക്കേണമേ, എന്റെ കാഴ്ടപ്പാടുകൾ മാറ്റണമേ, എന്റെ ചിന്താഗതികൾ മാറ്റണമേ, എന്റെ മനോഭാവങ്ങൾ മാറ്റണമേ, എന്റെ ഹൃദയം മാറ്റണമേ, എന്റെ സ്വഭാവം മാറ്റണമേ, എന്റെ ദ്രവ്യാഗ്രഹം മാറ്റണമേ, എന്റെ അഹങ്കാരം മാറ്റണമേ, എന്റെ സ്വാർത്ഥത മാറ്റണമേ, എന്റെ കപട ഭക്തി മാറ്റണമേ, എന്റെ അശുദ്ധശീലങ്ങൾ മാറ്റണമേ, എന്റെ ദു:സ്വഭാവങ്ങൾ മാറ്റണമേ, എന്റെ വെറിക്കൂത്തുകൾ മാറ്റണമേ, ദുഷിച്ച കൂട്ടുകെട്ടുകൾ മാറ്റണമേ, യേശുവേ നിന്റെ അത്ഭുതകരം എന്റെ ശിരസ്സിൽ വയ്ക്കേണമേ, ദൈവജനമേ പ്രാർത്ഥിപ്പിൻ.

"അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും.
ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല."
യെശ 35 : 5

യെശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായത്തിൽ പ്രവാചകന്റെ കണ്ണു തുറന്നുകിട്ടിയ കാര്യമാണ് പറയുന്നത്. പ്രവാചകനാണ്, ദൈവത്തിന്റെ വചനം പറയുന്ന ദൈവപുരുഷനാണ്.

പ്രവാചകൻ പ്രവാചകശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന കാലത്ത് ഒരിക്കൽ കണ്ണു തുറന്നു കിട്ടി. ദൈവത്തിന്റെ വേലക്കാരനായി പ്രവർത്തിക്കുന്ന കാലത്തു കണ്ണു കാഴ്ച കിട്ടി. എങ്ങിനെയാണ് കണ്ണുകാഴ്ച കിട്ടിയത്? നമുക്കു നോക്കാം.

> ‘‘ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ കർത്താവു ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു, അവന്റെ വസ്ത്രത്തിന്റെ വിളമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു. സാറാഫുകൾ അവനുചുറ്റും നിന്നു; ഓരോരുത്തനു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു. ഒരുത്തനോടു ഒരുത്തൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.” യെശയ്യാവ് 6 : 1 – 3

ഇതിനുമുൻപ് പ്രവാചകൻ കർത്താവിനെ കണ്ടിട്ടില്ല. പ്രവാചകൻ കർത്താവിന്റെ ശബ്ദം കേട്ടിട്ടുണ്ട്. കർത്താവിന്റെ ശബ്ദം പറഞ്ഞിട്ടുണ്ട്.

കർത്താവിനെ മഹത്വത്തിൽ കണ്ടതിനു ശേഷം വചനം പറയുന്നതും, അല്ലാതെ കർത്താവിന്റെ വചനം പറയുന്നതും രണ്ടനുഭവമാണ്.

കർത്താവിനെ കാണാതെ കർത്താവിന്റെ വചനം പറയുന്നവരുണ്ട്. കണ്ണുകാഴ്ച ലഭിക്കാതെ തന്നെ, ക്രിസ്തുവിനെ ശരിയായി കാണാതെ തന്നെ ക്രിസ്തുവിനെ കുറിച്ചു പറയു

ന്നവരുണ്ട്. ക്രിസ്തുവിനെയല്ലോ പറയുന്നത്, അതിൽ അത്രയ്ക്ക് സന്തോഷിക്കാം.

അതിനെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് പറയും.

> ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു, ചിലരോ നല്ല മനസ്സോടെ തന്നേ. അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിനായിട്ടു ഞാൻ ഇവിടെ കിടക്കുന്നു എന്നു അറിഞ്ഞിട്ടു അതു സ്നേഹത്താൽ ചെയ്യുന്നു. മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്കു ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ടു നിർമ്മലതയോടെയല്ല, ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ പ്രസംഗിക്കുന്നതു. പിന്നെ എന്ത്? നാട്യമായിട്ടോ, പരമാർത്ഥമായിട്ടോ ഏതുവിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നത്. ഇതിൽ ഞാൻ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും."
>
> ഫിലിപിയർ 1 : 15 – 18

ചിലർ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു. അപ്പോസ്തലനായ പൗലോസിനെ വെറുത്തുകൊണ്ടു ദൈവത്തിന്റെ വചനം പറയുന്നവരുണ്ട്. എന്നാൽ സുവിശേഷമല്ലോ പറയുന്നത്. ക്രിസ്തുവിനെ ആത്മാവിൽ കാണാതെ ക്രിസ്തുവിനെക്കുറിച്ചു പറയുന്നതല്ല സുവിശേഷം. ക്രിസ്തുവിനെ അനുഭവിച്ച് ക്രിസ്തുവിനെ പറയുന്നതാണ് സുവിശേഷം.

യെശയ്യാ പ്രവാചകൻ ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ദൈവത്തെ കണ്ടു. ദൈവതേജസ്സ് ദേവാലയത്തെ നിറച്ചിരുന്നു. സ്രോപ്പേ മാലാഖമാർ ഈ നിത്യ

നായ ദൈവത്തിന്റെ ചുറ്റുംനിന്നു. ഈ മാലാഖമാർ രണ്ടുചിറകുകൊണ്ട് മുഖം മൂടി പിടിച്ചിരുന്നു. രണ്ടു ചിറകുകൊണ്ടു കാൽ മൂടിയിരിക്കുന്നു. രണ്ടു ചിറകുകൊണ്ട് പറന്നു നില്ക്കുന്നു. ഇത് പിതാക്കന്മാർ പാടിയിട്ടുണ്ട്.

സ്രാപ്പികളെക്കണ്ടേശായാ....
ബെസ്ക്കു ദിശായിൽ നിൻ മുമ്പിൽ....
ചിറകുകളാറാറുള്ളവരായ്.....
എരിതീയാമാത്മാക്കളവർ...
കാണായ്വാൻ നിൻ ദൈവത്വം....
മുഖമവർ മൂടുന്നിരുചിറകാൽ...
എരിയായ്വാൻ നിൻ ജ്വാലയതിൽ..
ഇരുചിറകാലേകാലുകളും..."

രണ്ടു ചിറകുകൊണ്ടു അവർ കാൽ മൂടി. മാലാഖമാരുടെ കാൽ തീയാണ്. അഗ്നിമയന്മാരാണല്ലോ. ദൈവത്തെ കാണുവാൻ ആഗ്രഹിക്കുന്നവർ മുകളിലേയ്ക്കു നോക്കുമ്പോൾ മാലാഖമാരുടെ കാൽ കണ്ടു അവിടം കൊണ്ടു കാഴ്ച നിർത്തിപ്പോകരുത്. ഈ കാൽ സുന്ദരമാണ്. ദൈവത്തിന്റെ മാലാഖമാരുടെ കാൽ തീയാണ്. ജ്വാലയാണ്. അവരുടെ കാലിലേയ്ക്കു മനുഷ്യൻ നോക്കി, കാണേണ്ടവനെ കാണാതെ പോയെങ്കിലോ എന്നോർത്തു അവർ രണ്ടു ചിറകുകൊണ്ടു കാൽ മറച്ചു.

മുഖം മൂടിയതു എന്താണ്? തേജോമയനായ ദൈവത്തെ മുഖാമുഖം കാണുവാൻ ഞങ്ങൾ യോഗ്യരല്ലല്ലോ എന്നോർത്തു അവർ മുഖം മൂടിപ്പിടിച്ചു. മാലാഖമാർ രണ്ടു ചിറകുകൊണ്ടു പറന്നു നിന്നു.

ഓരോരുത്തരും പരസ്പരം പറയുന്ന ഒരു സംഭാഷണമു

ണ്ട്. ദൈവത്തെക്കുറിച്ചു ആണ് അവർ സംസാരിക്കുന്നത്. ദൈവത്തെക്കുറിച്ച് അവർക്കു എന്താണു പറയാനുള്ളത്. ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു ആഘോഷത്തോടെ പറഞ്ഞുകൊണ്ടിരുന്നു. ദൈവത്തിന്റെ മഹത്വംകൊണ്ടു സർവ്വഭൂമിയും നിറഞ്ഞിരിക്കുന്നു എന്നു ഈ മാലാഖമാർ ആഘോഷിച്ചു പറഞ്ഞുകൊണ്ടിരുന്നു.

ആരാധനയാണ്. മേൽപ്പട്ട ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എന്ന് പ്രാർത്ഥിപ്പാൻ പൂർവ്വീക പിതാക്കന്മാർ പഠിപ്പിച്ചു. മേൽപ്പട്ട ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുകയാണ്.

നമ്മുടെ ഹൃദയത്തിൽ എപ്പോഴും സ്തുതിവേണം. നമ്മുടെ നാവിലും വേണം സ്തുതി.

നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തു ഇല്ലാത്ത ഒരു സെക്കന്റ് ഉണ്ടായിരിക്കരുത്. മാലിന്യം പിന്നെ വരികയില്ല. ശത്രു അടുക്കുകയില്ല. ഈ സ്വർഗ്ഗീയ തീ നിങ്ങളുടെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്നാൽ ഒരു പിശാചും അടുക്കുകയില്ല. ഒരു മന്ത്രവാദവും അടുക്കുകയില്ല. ആരെല്ലാം മന്ത്രവാദം ചെയ്താലും കൈവിഷം ചെയ്താലും നിങ്ങളെ തൊടുകയില്ല.

നിങ്ങൾ കൈവിഷം ഛർദ്ദിപ്പിക്കാനൊന്നും പോകണ്ടാ. നിങ്ങളെ മന്ത്രവാദം ചെയ്തെങ്കിൽ തിരിച്ചു ചെയ്യാനൊന്നും നിങ്ങൾ പോകണ്ടാ. നിങ്ങൾ ആകെ ചെയ്യേണ്ടതു ഒന്നു മാത്രം. പരിശുദ്ധാത്മാവിന്റെ തീ ഉള്ളിൽ കത്തിക്കൊണ്ടിരിക്കുക. എല്ലാ മന്ത്രവിദ്യയും കത്തിപ്പോകും. ആരെല്ലാം നിങ്ങൾക്കെതിരായി കൂടോത്രം ചെയ്താലും ഏതു ദശാന്ത്യ

ദോഷം വന്നാലും ഏതു ഗ്രഹനില വന്നാലും ഏതെല്ലാം വിഷുഫലം വന്നാലും ദൈവപൈതലേ, നീ പേടിക്കേണ്ടാ. നിന്നെ യാതൊന്നും തൊടുകയില്ല. ഒരു ബാധയും നിന്നോടു അടുക്കുകയില്ല. ഒരു ദോഷവും നിനക്കു തട്ടുകയില്ല. "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കുകയില്ല. ആദിത്യദശയും ചന്ദ്രദശയും നിന്നെ ഏശുകയില്ല."

സങ്കീ. 91 : 5 10, 121 : 5 – 6 വായിക്കുക.

പകൽ സൂര്യൻ ബാധിക്കയില്ല എന്നു പറഞ്ഞാൽ എന്താണ്? ജാതകം ഉള്ളവർക്കറിയാം. ഗ്രഹനിലയെന്നാൽ എന്ത് എന്ന്. ഇത്ര വയസ്സുമുതൽ ഇത്ര വയസ്സുവരെ ആദിത്യദശ, ഇത്ര വയസ്സുമുതൽ ഇത്ര വയസ്സുവരെ ശുക്രദശ, ഇത്ര വയസ്സു മുതൽ ഇത്ര വയസ്സുവരെ ശനിദശ. അയ്യോ കണ്ടകശനിയുടെ അപഹാര കാലമാണ്. ഏഴര ശനിയാണ്. കരകയറാൻ പ്രയാസമാണ്. ഇങ്ങനെയുള്ള ചിന്തകൾ എല്ലാം മൗഢ്യം ആണ്. എന്തു പേടിക്കാനാണ്? യേശുക്രിസ്തുവിന്റെ തീ അകത്തു കത്തിയാൽ ഒന്നിനെയും പേടിക്കേണ്ടാ. ഒരു സർപ്പക്കാവിനെയും പേടിക്കണ്ടാ. ആരെയും ഭയപ്പെടേണ്ടാ.

നിങ്ങൾ ഭയപ്പെടണം. ആരെ? ജീവനുള്ള ദൈവത്തെ ഭയപ്പെട്ടാൽ മതി. ക്രിസ്തുവിന്റെ തീ നിങ്ങളുടെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്നാൽ ഒന്നും നിങ്ങളെ തൊടുകയില്ല. നിങ്ങളിൽ പാപം വരാതെ സൂക്ഷിച്ചാൽ മാത്രം മതി.

ഭയങ്കരമായ ഉറുമ്പിന്റെ ശല്യമുള്ള ഒരു വീട്. എവിടെയെല്ലാമോ ഉറുമ്പിന്റെ കൂടുണ്ട്. എന്തു എടുത്തുവച്ചാലും ഉറുമ്പ് അരിച്ചുകൊണ്ടിരിക്കും. എന്താ ചെയ്യുക? പക്ഷേ ഒന്നു ചോദിക്കട്ടെ, അടുപ്പിൽ തീ കത്തിക്കൊണ്ടിരിക്കയാണ്. തീ കത്തുന്നിടത്തു ഉറുമ്പ് അടുക്കുമോ? ഇല്ലല്ലോ. ചൂടു

ള്ളിടത്തുനിന്നു ഉറുമ്പ് മാറിപ്പോകും. ഇത് നാം പ്രകൃതിയിൽ കാണുന്നതല്ലേ.

ദൈവപൈതലേ, നിന്റെ ഉള്ളിൽ ദൈവത്തിന്റെ തീ കത്തിക്കൊണ്ടിരുന്നാൽ ഒരു ശക്തിയെയും നീ പേടിക്കണ്ടാ. ആദിത്യനെയും ചന്ദ്രനെയും പേടിക്കണ്ടാ. ശനിദശയെയും രാഹുർദശയെയും നീ ഭയപ്പെടേണ്ടാ.

എനിക്കു രണ്ടു ജാതകം ഉണ്ടായിരുന്നു. എന്റെ അപ്പൻ മരിക്കുന്നതിനു മുമ്പ്. ആദ്യം നാട്ടിൽ തന്നെയുള്ള ഒരു ജ്യോത്സ്യനെകൊണ്ട് ഒരുജാതകം എഴുതിച്ചു. അതുകഴിഞ്ഞ് പോരാ കുറച്ചുകൂടെ വലിയ, നല്ല ഒരു ജ്യോത്സ്യനെക്കൊണ്ട് എഴുതിക്കണം എന്നുവെച്ച് കുറച്ചു ദൂരെയുള്ള ആളെക്കൊണ്ടു വേറൊരു ജാതകം എഴുതിച്ചു. അങ്ങനെ രണ്ടു ജാതകം.

എന്നും എനിക്കു ദു:ഖമല്ലേ? അപ്പൻ മരിച്ചു, ജീവിതത്തിൽ വലിയ ദുരിതങ്ങളായി. അപ്പോൾ എന്താണ് എന്റെ ജാതകത്തിൽ എഴുതിയിരിക്കുന്നത്. അതിനകത്ത് എന്നെങ്കിലും ഒരു കരകയറ്റമുള്ളതായി എഴുതിയിട്ടുണ്ടോ എന്നൊക്കെ കാണാൻ വേണ്ടി വായിക്കും.

വായിക്കുമ്പോൾ അന്നേരം ചിലപ്പോൾ ഒന്നുകൂടി ഞെട്ടും. കാരണം വലിയ വലിയ അപകടങ്ങളൊക്കെയാണ് പറയുന്നത്. വലിയ വലിയ അനർത്ഥങ്ങൾ. പല പല കാര്യങ്ങൾ. ഏതായാലും ഞാൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടപ്പോൾ ഞാൻ പല കാര്യങ്ങൾ ചെയ്തകൂട്ടത്തിൽ എന്റെ രണ്ടു ജാതകങ്ങളും കത്തിച്ചു കളഞ്ഞു. എന്റെ ജീവിതത്തിൽ പുതിയൊരു നക്ഷത്രം ഉദിച്ചു.

ദൈവമക്കളെ, ഈ സ്വർഗ്ഗീയ നക്ഷത്രം നിങ്ങളുടെ

ഹൃദയത്തിൽ ഉദിക്കണം. സ്വർഗ്ഗീയ നക്ഷത്രം നിങ്ങളുടെ ഹൃദയത്തിൽ ഉദിച്ചാൽ പകൽ സൂര്യനെയും, രാത്രി ചന്ദ്ര നെയും നിനക്കു പേടിക്കേണ്ടാ. ഒരു ബാധയും നിനക്കു തട്ടുകയില്ല. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. പകൽ പറക്കുന്ന അസ്ത്രത്തെയും ഉച്ചയിൽ ഊതുന്ന കാറ്റിനെയും രാത്രിയിൽ സഞ്ചരിക്കുന്ന വചനത്തെയും നീ പേടിക്കണ്ടാ. സങ്കീ. 91

ഈ അടുത്ത സമയത്തു ഒരു കുട്ടി അത്യാവശ്യമായി സാറിനെ കാണണം എന്നു പറഞ്ഞ്, എന്റെ അടുക്കൽ വന്നു. പ്ലസ്ടൂവിനു പഠിക്കുന്ന കുട്ടിയാണ്. ഞാൻ ചോദിച്ചു. എന്താണ് നിന്റെ പ്രശ്നം?

അവൻ പറഞ്ഞു. എന്റെ സാറെ എന്താണെന്നറിയില്ല, എനിക്കു എപ്പോഴും ഒരുപേടി വരികയാണ്. ഇന്നതാണെന്ന് എനിക്കറിയാൻ പാടില്ല. എപ്പോഴും ഒരു പേടി. എന്തോ ഒരു ആന്തൽ. എന്താണെന്നു അറിയാൻ പാടില്ല.

മോനെ, നിന്റെ ജീവിതത്തിൽ പാപം വല്ലതും ഉണ്ടോ? അതുണ്ട്. അതു പാടില്ല. പാപം മാറ്റണം. പാപം മാറട്ടെ, നിന്റെ പേടി പോകും. എന്തൊക്കെയാണ് പാപങ്ങൾ?

അവൻ ചിലകാര്യങ്ങളൊക്കെ പറഞ്ഞു. ഇതൊക്കെ മാരകമായ പാപങ്ങളല്ലേ, ഇതു പാടില്ല. നീ ഒരു കാര്യം ചെയ്യൂ. പാപം മാറ്റിയിട്ടു, പിന്നെയും നിനക്കു പേടി വരികയാണെങ്കിൽ 27-ാം സങ്കീർത്തനം വായിച്ചു ധ്യാനിച്ചുകൊണ്ടിരിക്കൂ. പിന്നെ പേടി വരില്ല.

സാറെ എനിക്ക് ഇപ്പോൾ ഉറങ്ങാൻ പറ്റുന്നില്ലല്ലോ. എടാ, കുഞ്ഞേ, നിന്നോടതല്ലേ പറഞ്ഞത്, നീ ഇങ്ങനെ ചെയ്യൂ,

അപ്പോൾ ഉറങ്ങും. നല്ല ഉറക്കം കിട്ടും.

നല്ല ഉറക്കം കിട്ടുമോ? മോനേ ഉറക്കം കിട്ടും. ഉറങ്ങാൻ പറ്റും.

പിറ്റേന്നു അവൻ തിരിച്ചു വിളിച്ചു സാറെ, ഞാൻ ഇന്നലെ രാത്രി സുഖമായിട്ടുറങ്ങി. എനിക്കിപ്പോൾ അങ്കലാപ്പില്ല.

ഞാൻ പറഞ്ഞു, "കുഞ്ഞേ നീ ഇനി പതിവായി വചനം കേൾക്കണം. വേദപുസ്തകം വായിക്കണം. 27-ാം സങ്കീർത്തനം രാവിലെയും വൈകുന്നേരവും വായിച്ചതിനു ശേഷമേ നീ ഓരോ കാര്യത്തിനു പോകാവൂ." ഇപ്പോൾ നല്ല ഐശ്വര്യമായി അവൻ യോഗത്തിനു വരുന്നുണ്ട്.

ജീവനുള്ള ദൈവം നമ്മുടെ ഹൃദയത്തിന്റെ നാഥനായി വന്നു കഴിയുമ്പോൾ, നമ്മുടെ ജീവിതം പ്രകാശമാനമായി തീരും. ഭയങ്ങൾ മാറും. ദുരിതങ്ങൾ മാറും. യാതനകൾ മാറും.

ആറാറു ചിറകുകൾ ഉള്ള സ്രോപ്പേമാർ, തീയ്ക്കടുത്ത മാലാഖമാർ ദൈവത്തെ വാഴ്ത്തുന്നു, സ്തുതിക്കുന്നു. എപ്പോഴും നമ്മുടെ ജീവിതത്തിൽ വാൾ ചുറ്റുന്നതുപോലെ സ്തുതിയുടെ വാൾ ചുറ്റിക്കൊണ്ടിരിക്കണം. അതു എപ്പോഴും ചുറ്റി കറങ്ങിക്കൊണ്ടിരിക്കണം.

സ്തുതിയുടെ വാൾ ലഭിക്കണമെങ്കിൽ ആത്മാവ് കാരാഗൃഹത്തിൽ നിന്നു പുറത്തു വരണം. കാരണം ദൈവവചനം പറയുന്നു, "കർത്താവെ ഞാൻ നിന്റെ നാമത്തിനു സ്തോത്രം ചെയ്യേണ്ടതിനു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കേണമേ."

കാരാഗൃഹത്തിൽ കിടക്കുമ്പോൾ സ്തുതിയില്ല. മിസ്രേ

യിമിൽ വസിക്കുമ്പോൾ സ്തുതിയില്ല. എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയ്ക്ക." പുറപ്പാട് 5 : 1, 8 : 1 ആരാധന തുടങ്ങണമെങ്കിൽ, പിശാചിന്റെ പിടിയിൽ നിന്നും മോചനം ലഭിക്കണം. പാപമോചനം ലഭിക്കണം. പാപത്തിന്റെ ബന്ധനങ്ങൾ പൊട്ടണം.

ആലയം ദൈവതേജസ്സുകൊണ്ടു നിറഞ്ഞു. സത്യമായ സ്തുതിമുഴങ്ങുമ്പോൾ ആലയം തേജസ്സുകൊണ്ടു നിറയും. ഏതാണ് ഈ ആലയം? നമ്മുടെ ശരീരം തന്നെ.

> നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്ന എന്നും അറിയുന്നില്ലയോ. 1 കൊരി 3 : 16

നിങ്ങൾ ദൈവത്തിന്റെ ആലയം. നിങ്ങൾ ദൈവത്തിന്റെ മന്ദിരം. ഈ ആലയം മഹത്വം കൊണ്ട് നിറയും. എപ്പോൾ? പുകകൊണ്ട്, സ്തുതി ഉയരുമ്പോൾ, അവർ ആർക്കുമ്പോൾ, ആർക്കുന്നു ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി, ആലയം പുകകൊണ്ടു നിറഞ്ഞു. ദൈവതേജസ്സു നിറയുകയാണ്. ഈ ശരീരം ദൈവതേജസ്സുള്ളതായിത്തീരും.

ദൈവത്തിന്റെ കൃപയാൽ നിങ്ങളുടെ ശരീരത്തിൽപോലും തേജസ്സു വരും. അതുകൊണ്ടല്ലേ, ഒരു വിശുദ്ധൻ തൊട്ടാൽ രോഗങ്ങൾ സൗഖ്യമാകുന്നത്. ശരീരം തേജസ്സുള്ളതായിത്തീരും. അപ്പോസ്തലനായ പൗലോസ് തൊട്ടാൽ രോഗം സൗഖ്യമാകുന്നു. അപ്പോസ്തലൻ കടന്നു പോകുമ്പോൾ വസ്ത്രത്തിൽ തൊട്ടാൽ രോഗികൾ സൗഖ്യമാകുന്നു. നിഴലടിച്ചാൽ രോഗികൾ സൗഖ്യമാകുന്നു.

നിങ്ങൾ ഇതുവരെ പ്രാപിക്കാത്ത ചില ഔന്നത്യങ്ങൾ ഉണ്ട്. അതു നിങ്ങൾ നേടിയെടുക്കണം. ഇതുവരെ കിട്ടാത്ത

ചില പദവികൾ ഉണ്ട്. നിങ്ങൾ ഇതുവരെയും പ്രാപിക്കാത്ത ചില ഉന്നതസ്ഥാനങ്ങൾ ഉണ്ട്. ചില ഐശ്വര്യങ്ങൾ ഉണ്ട്. ചില ആത്മീയ ഔന്നത്യങ്ങൾ ഉണ്ട്. ആത്മീയ ഔന്നത്യങ്ങൾ നേടിയെടുക്കണം.

ഈ ദൈവതേജസ്സുകൊണ്ടു നിറയണമെന്നു നിങ്ങൾ ഓരോരുത്തരും ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നെങ്കിൽ എന്തെല്ലാം നടക്കുമായിരുന്നു. നിങ്ങളുടെ മക്കൾ അനുഗ്രഹിക്കപ്പെടുമായിരുന്നു. നിങ്ങളുടെ മാതാപിതാക്കൾ രക്ഷ അനുഭവിക്കുമായിരുന്നു. നിങ്ങളുടെ ഭവനം സ്വർഗ്ഗമായി മാറുമായിരുന്നു. നിങ്ങളുടെ നാട് സൗഖ്യം പ്രാപിക്കുമായിരുന്നു.

എന്റെ കർത്താവെ, ദൈവതേജസ്സുകൊണ്ട് എന്നെ നിറയ്ക്കണമേ, ദൈവതേജസ്സുകൊണ്ട് എന്റെ ശരീരത്തെ നിറയ്ക്കേണമേ, ദൈവത്തിന്റെ മഹത്വം കൊണ്ട് ഈ നിന്റെ ആലയം നിറയ്ക്കണമേ,

പണം നിറഞ്ഞാൽ ഫലമൊന്നും ഇല്ല. കേൾക്കൂ: രോഗം മാറി ആരോഗ്യം വന്നാലും നേട്ടം ഒന്നുമില്ല. വിലയുള്ള ഡിഗ്രികൾ കരസ്ഥമാക്കിയാലും നേട്ടമില്ല. എല്ലാം ശവക്കുഴിയിൽ തീരും.

ഏറ്റവും വലിയ നേട്ടമെന്താണ്? ദൈവതേജസ്സുകൊണ്ടു നിറയുക, ക്രിസ്തുവിനെ കൊണ്ടു നിറയുക. അതാണ് ഏറ്റവും ശ്രേഷ്ഠമായത്.

ആലയം പുകകൊണ്ടു നിറഞ്ഞു. ദൈവതേജസ്സുകൊണ്ട് നിറഞ്ഞു. അപ്പോഴാണ് പ്രവാചകനു ശരിയായ കണ്ണുകാഴ്ച കിട്ടിയത്. ഈ ദൈവതേജസ്സുള്ള മാലാഖമാരുടെ ദൈവതേജസ്സുകൊണ്ട് ആലയം നിറഞ്ഞപ്പോൾ ആ നിറവിൽ മാലാ

ഖമാർ സ്തുതിക്കുന്ന നിത്യനായ ദൈവത്തെ പ്രവാചകൻ കണ്ടു. ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ കണ്ടു. അപ്പോൾ പ്രവാചകൻ തന്നെത്തന്നെ കാണുവാനും ഇടയായി.

അപ്പോൾ ഞാൻ എനിക്കു അയ്യോ കഷ്ടം! ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ എന്നു ബോദ്ധ്യമായി. ഇത്രയും നാൾ ഞാൻ വചനം പറഞ്ഞെങ്കിലും എന്റെ ചുണ്ട് അഴുക്കാണല്ലോ. ശുദ്ധിയില്ലാത്ത അധരമാണല്ലോ എന്റേത്. അയ്യോ ഞാൻ ഈ ചുണ്ടുകൊണ്ട് എന്തെല്ലാം പറഞ്ഞവനാണ്. എന്റെ കർത്താവേ, ഈ ചുണ്ടുകൊണ്ടു വേറെ എന്തെല്ലാമോ ഒക്കെ ചെയ്താണല്ലോ. പ്രവാചകനു സുബോധം കിട്ടുകയാണ്.

നിങ്ങൾ ഓരോരുത്തർക്കും ചിന്തിക്കാനുണ്ടല്ലോ. ഈ ചുണ്ടിലൂടെ മദ്യം എന്റെ വയറിലേയ്ക്കു ഒഴുകിയല്ലോ. കഞ്ചാവോ, പാൻപരാഗോ, ഹാൻസോ, മറ്റ് ഏതെങ്കിലും വിഷ വസ്തുക്കളോ എന്റെ ചുണ്ടിൽ കൂടി കടന്നു പോയതാണല്ലോ. മറ്റുള്ളവർ ഈ ചുണ്ടിനെ ചുംബിച്ചതാണല്ലോ. കർത്താവെ ഈ ചുണ്ടുകൾ മറ്റുള്ളവർക്ക് ചുംബനം കൊടുത്തതാണല്ലോ. ഈ ചുണ്ടുകൾ മ്ലേച്ഛതയുടെ ചുണ്ടാണല്ലോ. ഈ ചുണ്ടിൽ കൂടി അശ്ലീല സംഭാഷണങ്ങൾ വന്നിട്ടുണ്ടല്ലോ. തന്നെത്തന്നെ കാണുകയാണ്.

ഈ അശുദ്ധമായ ചുണ്ടുകൊണ്ടാണല്ലോ പരിശുദ്ധനായ ദൈവത്തെ ഞാൻ സ്തുതിച്ചത്. നിനക്കു ആയിരമായിരം സ്തോത്രം. പതിനായിരം പതിനായിരമായി സ്തുതി എന്നു പറഞ്ഞുപോയി. എന്റെ കർത്താവെ നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്നു ഒഴിഞ്ഞിരിപ്പാനും എനിക്കു ഇടയാകരുതേ എന്നു

ഞാൻ പ്രാർത്ഥിച്ചു.

ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു എന്നൊക്കെ വി:കുർബ്ബാന യിൽ പ്രതിവാക്യം ഞാനും ഏറ്റുചൊല്ലി. കർത്താവെ, ഞാൻ ഇതൊക്കെ പറഞ്ഞു എങ്കിലും ഈ ചുണ്ട് അശുദ്ധി പറ്റിയ ചുണ്ടാണല്ലോ, അഴുക്കു പറ്റിയ ചുണ്ടാണല്ലോ. എന്റെ ദൈവ മേ, മറ്റുള്ളവരെ മദിപ്പിക്കാനും, കൊതിപ്പിക്കാനും കാണിച്ചു കൊടുത്ത ചുണ്ടാണല്ലോ. പ്രിയരേ, നിങ്ങൾക്കും ഈ സമയം തിരിഞ്ഞു നോക്കി അനുതപിക്കാം.

കർത്താവേ എനിക്കയ്യോ കഷ്ടം! യെശയ്യാവു കരയു വാൻ തുടങ്ങി. യെശയ്യാവ് പരിശുദ്ധനായ ദൈവത്തെ കണ്ട പ്പോൾ താൻ ആരാണെന്നു കണ്ടു കരഞ്ഞു. അതാണ് സാക്ഷാൽ കാഴ്ച. യെശയ്യാവിന്റെ കണ്ണ് തുറന്നു കിട്ടി. ദൈവത്തിന്റെ പരിശുദ്ധി കാണുമ്പോൾ കുരുടന്മാരുടെ കണ്ണു തുറന്നുവരും.

നിങ്ങളുടെ അഴുക്കു പറ്റിയ ശരീരഭാഗങ്ങൾ, ഓർത്തു കൊണ്ട് അനുതപിച്ച് കരയുക. എന്റെ ദൈവമേ എന്റെ മാതാപിതാക്കൾക്ക് ഇത് അറിയാൻ വയ്യാത്തതാണ്. എന്റെ ഭർത്താവിന് ഇത് അറിയാൻ വയ്യാത്തതാണ്. എന്റെ ഭാര്യയ്ക്ക് തെല്ലും സംശമില്ലാത്തതാണ്. കർത്താവെ ഇന്നു ഞാൻ നിന്റെ തിരുമുമ്പാകെ തുറക്കുകയാണ്. എന്റെ കർത്താവേ, എനിക്കു അഴുക്കുപറ്റിപ്പോയല്ലോ. എനിക്കിപ്പോഴാണ് കാഴ്ച കിട്ടിയത്. എന്റെ നികൃഷ്ടാവസ്ഥ ഞാൻ കാണുകയാണ്. എന്റെ കർത്താവേ എന്റെ ജീവിതത്തിൽ തെറ്റുകളേറെ വന്നുപോയി. പിതാക്കന്മാർ പാടിയതുപോലെ പ്രാർത്ഥിക്കുക.

“നോക്കണമെൻ ദുരിതം നാഥാ-

പല തരദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു
ശരണമെനിക്കില്ല.
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം.
നൽ വൈദ്യാ നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു, നിങ്കൽ വരുന്നോൻ
സുഖമേൽക്കും നൂനം.
എൻ പാപത്തിൽ ഞാൻ ചാകാ
നിടയാകരുതയ്യോ നാഥാ എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ.
അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ, കാഴ്ചയതായി
ട്ടർപ്പിക്കുന്നില്ല.
ശെമ്ഓൻ തൻ ഭവനേ വന്ന
പാപിസ്ത്രീപോൽ ഇരുതുള്ളി കണ്ണീർ കണ്ടെ
ന്മേൽ ദയ തോന്നണമേ."

ദൈവത്തോടു പറയൂ. കർത്താവേ എന്റെ ജീവിതത്തിൽ അവയവം അവയവം പ്രതിയായി അഴുക്കു വന്നു പോയി. ഞാൻ സമ്പാദിച്ച ധനത്തിൽ അഴുക്കുണ്ട്. അതിൽ കള്ളക്കണക്കു ഉണ്ട്. അതിൽ കൊള്ളലാഭം ഉണ്ട്. അതിൽ അഴിമതിയുണ്ട്. അതിൽ കൈക്കൂലിയുണ്ട്.

അതിൽ മോഷണമുണ്ട്, അതിൽ കള്ളത്തരമുണ്ട്. സൂത്രവും കൗശലവും ഉണ്ട്.

എന്റെ ദൈവമേ എന്റെ ജീവിതത്തിൽ അനേകം അനേകം പാപങ്ങൾ വന്നു പോയി. ഞാൻ എന്നെത്തന്നെ അശുദ്ധമാക്കിപ്പോയി. ദൈവമേ, നീ ആഗ്രഹിക്കാത്ത ലൈംഗീകാ

സക്തി എന്നെ വശീകരിച്ചുപോയി. പൈശാചികൻ മ്ലേച്ഛത യിൽ എന്നെ കുളിപ്പിച്ചു പോയി. ചേറ്റുകുഴിയിൽ ഞാൻ വീണുപോയി. കർത്താവെ തെറ്റായ വഴിയിലൂടെ ഞാൻ നടന്നു പോയി. അനേകരെ വേദനിപ്പിച്ചു പോയി. അനേ കരെ മുറിപ്പെടുത്തിപ്പോയി.

എന്റെ കുടുംബം ഞാൻ കലക്കിപ്പോയി. ഞാൻ മൂലം എന്റെ ഭാര്യ അതിയായി ദു:ഖിക്കുവാൻ ഇടയായി. എന്റെ ഭർത്താവു അതിവേദനപ്പെടുവാൻ കാരണമായിപ്പോയി. എന്റെ മക്കൾ ഞാൻ മൂലം വേദനിക്കുവാൻ ഇടയായി. എന്റെ മാതാപിതാക്കൾ എന്നെക്കൊണ്ടു പൊറുതി മുട്ടിപ്പോയി.

എന്റെ ദൈവമേ ഞാൻ നാട്ടുകാർക്കു ഒരു പേടിസ്വപ്ന മായിപ്പോയി. അനേകരെ ഞാൻ വേദനിപ്പിച്ചു. അനേകരെ ഞാൻ ഉപദ്രവിച്ചു. അനേകർക്കു നഷ്ടം വരുത്തി. കർത്താവെ എന്റെ ജീവിതത്തിൽ അറിഞ്ഞും അറിയാ തെയും അനേകം അനേകം പാപങ്ങൾ വന്നുപോയി.

ഈ രീതിയിൽ എന്റെ പാപത്തിൽ മരിക്കാൻ ഇടയാക രുതേ! എന്റെ പാപത്തിൽ ഞാൻ മരിച്ചാൽ നിത്യാഗ്നിയി ലേയ്ക്കു പോകുമല്ലോ. നരകത്തീയിലേയ്ക്കു ഞാൻ പോകു മല്ലോ. നിത്യസ്വർഗ്ഗം എനിക്കു നഷ്ടപ്പെടുമല്ലോ. കർത്താവെ നരകത്തിന്റെ ഘോരയാതനയിലേയ്ക്കു ഞാൻ പോകുന്ന തിനു മുൻപ് ഇപ്പോൾ നാഥാ എന്റെ പാപങ്ങൾ ക്ഷമിച്ചു തരണമേ! ഒന്നും കൊണ്ടുവരുവാൻ എന്റെ കയ്യിലില്ല.

കുഞ്ഞാടിനെ യാഗം അർപ്പിക്കാനില്ല. കാളക്കിടാവിനെ യാഗം അർപ്പിക്കാനില്ല. കർത്താവേ ചെങ്ങാലിയെ യാഗം അർപ്പിക്കാനില്ല. പ്രാവിൻകുഞ്ഞിനെപ്പോലും യാഗം അർപ്പി ക്കുവാനില്ല. ശീമോന്റെ ഭവനത്തിൽ അനുതാപത്തോടെ വന്ന പാപിനിയായ സ്ത്രീയെപ്പോലെ രണ്ടുതുള്ളി കണ്ണുനീർ

മാത്രമേ അർപ്പിക്കാനുള്ളൂ. കർത്താവേ അനുതാപത്തിന്റെ കണ്ണുനീർ പൊഴിച്ചുകൊണ്ട് ഞാനിതാ വരുന്നു.

കണ്ണുകാഴ്ച തരണമേ, പാപബോധം തരണമേ, എന്നെ വീണ്ടെടുക്കണമേ. യേശുവേ എനിക്കുവേണ്ടി ക്രൂശിൽ ഒഴുക്കിയ തിരുരക്തത്താൽ എന്നെ കഴുകി എടുക്കേണമേ, എന്റെ പാപക്കറകൾ കഴുകണമേ. എന്റെ അവയവം അവയവം പ്രതിയായി കഴുകണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ, യേശുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

കരുണയുള്ള കർത്താവേ, അവിടുന്നു ഞങ്ങളെ കാണുന്നതിനായി സ്തോത്രം. അവിടുന്നു ഞങ്ങളെ സ്നേഹിക്കുന്നതിനായി സ്തോത്രം. ഒരു പാപവും ചെയ്യാത്ത ദൈവപുത്രാ, അവിടുന്നു കുറ്റമില്ലാത്ത രക്തം പാപികളായ ഞങ്ങൾക്കുവേണ്ടി ചീന്തിയതിനായി സ്തോത്രം. എല്ലാവരെയും തൊടേണമേ. ഇത് വായിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കേണമേ. കർത്താവെ തീരുമാനമെടുത്തവരെ ആശിർവദിക്കേണമേ. തീരുമാനം എടുത്തവരുടെ പേരു ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കണമേ.

എന്റെ നാഥാ തീരുമാനം എടുത്തവരുടെ മേൽ കൃപ പകർന്നു രോഗസൗഖ്യം അയയ്ക്കണമേ. കടത്തിന്റെ ഞെരുക്കം മാറ്റിക്കൊടുക്കണമേ. ആകുലങ്ങൾ അകറ്റണമേ. പ്രശ്നങ്ങൾക്കു ഒരു പൊറുതി കൊടുക്കണമേ.

മനസ്സു വിഷമിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കണമെ, മരിച്ചാൽ മതിയെന്നു വിചാരിക്കുന്നവർക്കു ജീവിക്കാൻ ആശ കൊടുക്കണമേ. കർത്താവെ ഇനിയും ഒരു നല്ലകാലം

ഉണ്ടെന്നു തിരിച്ചറിയാൻ വിവേകം കൊടുക്കണമേ. സമാധാനം കൊടുക്കണമേ. തകർന്നുപോയ ജീവിതങ്ങളെ പുതുക്കി മെനയണമേ. എല്ലാവരെയും അനുഗ്രഹിക്കേണമേ.

## നാല്

"ഞാൻ രട്ടു എന്റെ ത്വക്കിന്മേൽ കൂട്ടി തുന്നി, എന്റെ കൊമ്പിനെ പൊടിയിൽ ഇട്ടിരിക്കുന്നു. കരഞ്ഞു കരഞ്ഞു എന്റെ മുഖം ചുവന്നിരിക്കുന്നു. എന്റെ കണ്ണിന്മേൽ അന്ധതമസ്സു കിടക്കുന്നു." ഇയ്യോബു 16 : 15 – 16

കണ്ണിന്മേൽ കൂരിരുട്ടു കിടക്കുന്നു. കണ്ണുകാഴ്ച ഇല്ലാതായിരിക്കുന്നു. അന്നു കുരുടന്റെ കണ്ണു തുറന്നുവരും. യെശയ്യാ പ്രവാചകന്റെ കണ്ണു തുറന്നകാര്യം കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചു. അതിനോടുള്ള ബന്ധത്തിൽ ഏഴുകാര്യങ്ങൾ ചിന്തിക്കാനാണ് ഞാൻ ആരംഭിക്കുന്നത്.

ഒന്ന് : Conviction - കുറ്റബോധം കിട്ടും.

രണ്ട് : Contrition - തകർന്ന ഹൃദയം കിട്ടും.

മൂന്ന് : Conversion - മാനസാന്തരം കിട്ടും.

നാല് : Confession - കുമ്പസാരം ഉണ്ടാകും. അഥവാ

ഏറ്റുപറച്ചിൽ ഉണ്ടാകും.

അഞ്ച് : Communion - തിരുശരീര രക്തങ്ങളാകുന്ന സ്വർഗ്ഗത്തിലെ തീക്കനൽ തൊടും.

ആറ് : Commission - ദൈവത്തിന്റെ നിയോഗം ലഭിക്കുന്നു.

ഏഴ് : Communication - തിരുശരീര രക്തങ്ങളുമായുള്ള കമ്മ്യൂണിയൻ കഴിഞ്ഞാൽ ആ ലഭിച്ച അനുഗ്രഹം മറ്റുള്ളവരിലേക്കു പകരുന്നു.

ആ അനുഭവത്തിൽ കമ്മ്യൂണിക്കേഷൻ നടക്കുമ്പോഴാണ് ഞാൻ ആരെ അയയ്ക്കേണ്ടൂ, ആർ നമുക്കുവേണ്ടി പോകും എന്നുള്ള കർത്താവിന്റെ വിളി കേട്ടത്, ജീവിതം സമർപ്പിക്കുമ്പോൾ ആണ്, കമ്മ്യൂണിക്കേഷനുള്ള അവസരങ്ങൾ ഉണ്ടാകുന്നത്. അതിനുള്ള അധികാരം ലഭിക്കുന്നത്.

നമുക്കു ലഭിച്ച അനുഗ്രഹം മൂടി വയ്ക്കാനുള്ളതല്ല. ആ ആത്മീയ അനുഭവം, സ്വർഗ്ഗീയ സമ്പത്ത് തനിക്കു തന്നെ സൂക്ഷിച്ചു വയ്ക്കാതെ വ്യാപാരം ചെയ്തു വർദ്ധിപ്പിക്കേണ്ടതാണ്. അനേകർക്കു പകർന്നു കൊടുക്കേണ്ടതാണ്. അതാണ് അനുഗ്രഹം.

അപ്പോൾ എലിമാളങ്ങളിൽ പോകേണ്ടുന്ന നെന്മണികൾ നിലവറയ്ക്കകത്ത് എത്തും. സ്വർഗ്ഗീയ കലവറയിലേക്കു അതു സംരക്ഷിക്കപ്പെടുന്നു. നിത്യനരകത്തിലേക്കു നീങ്ങിയിരുന്ന അനേകർ നിത്യ ജീവങ്കലേക്കു തിരിഞ്ഞു വരുന്നു.

യെശയ്യാ പ്രവാചകനു കണ്ണുകാഴ്ച ലഭിച്ചു. ശരിയായ കാഴ്ചപ്പാടു ഉണ്ടായിരുന്നില്ല. എന്നാൽ ശരിയായ കാഴ്ചപ്പാടു ലഭിച്ചു. നിങ്ങൾ ഓരോരുത്തർക്കും ഈ കാഴ്ചപ്പാടു

ലഭിക്കണം.

മെർളിൻ കെറോതേഴ്സ് ഒരു ദൈവഭക്തനാണ്, ശക്ത മായി ദൈവവേല ചെയ്യുന്ന ആളാണ്. അനുഗ്രഹിക്കപ്പെട്ട ഒരു ദൈവദാസനാണ്. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിക്കുന്ന ആളാണ്. അദ്ദേഹം എഴുതിയ ഒരു പുസ്തകമാണ് "Prison to praise". ആ ഇംഗ്ലീഷു ഗ്രന്ഥം മലയാളത്തിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. "തടവറയിൽ നിന്നു പുകഴ്ചയിലേക്ക്."

അദ്ദേഹം ദൈവത്തിന്നായി ജീവിതം സമർപ്പിച്ചു. ഇങ്ങനെ ആത്മഭാരം ഉള്ളിൽ തിങ്ങി ആത്മാവിന്റെ വിവശതയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം കർത്താവിനോടു പറഞ്ഞു. "Lord use me, Lord use me" "കർത്താവേ എന്നെ ഉപയോഗിക്കണമേ, കർത്താവേ എന്നെ ഉപയോഗിക്കണമേ.

മറുപടിയില്ല, ദൈവശബ്ദം കേൾക്കുന്നില്ല. വീണ്ടും പറ ഞ്ഞുകൊണ്ടിരുന്നു "Lord use me".

കുറച്ചു കഴിഞ്ഞപ്പോൾ ഇങ്ങനെ കേട്ടു : "I don't want to use you, but I want you to use me"

'I want you to use me' - നീ എന്നെ ഉപയോഗിക്കുന്ന വനാകാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിന്നെ ഉപയോ ഗിക്കുകയല്ല, നീ എന്നെ ഉപയോഗപ്പെടുത്തുകയാണ് വേണ്ട ത്. ഞാൻ ആർക്കും (available) വിധേയനാണ്. ആരെല്ലാം ആഗ്രഹിക്കുന്നുവോ അവർക്കെല്ലാം ഉപയോഗിക്കുവാൻ ഞാൻ എന്നെത്തന്നെ കൊടുക്കുന്നവനാണ്. നീ എന്നെ ഉപ യോഗിക്കുന്നവനാകാൻ ഞാൻ നിന്നെ കുറിച്ചു ആഗ്രഹിക്കു ന്നു.

ഇതാണ് ശരിയായ കാഴ്ചപ്പാട്. നാം അതാണ് നേടുന്ന

ത്. കർത്താവു എന്നെ ഉപയോഗിക്കുകയല്ല, ഞാൻ അവനായിട്ടു എന്നെ കൊടുക്കുമ്പോൾ ഞാൻ യേശുവിനെ ഉപയോഗിക്കുകയാണ്.

മനുഷ്യർക്കെല്ലാമുണ്ടു പ്രശ്നങ്ങൾ. ആർക്കാണ് സ്വസ്ഥതയുള്ളത്? എവിടെയാണ് സ്വസ്ഥതയുള്ളത്? എല്ലായിടത്തും ഞെരുക്കം തന്നെ. എല്ലായിടത്തും ദുരിതം തന്നെ. എന്തുദുരിതപൂരിതമാണ് ജീവിതം. എവിടെയുണ്ടു സമാധാനം? ഒന്നുമാറി ഒന്നുമാറി ദുരിതങ്ങൾ തന്നെ.

ഓരോരുത്തരുടെയും കാര്യങ്ങൾ അടുത്തറിയുമ്പോൾ എല്ലാവരും വിങ്ങുന്നവരാണെന്ന്, മനസ്സിലാകും. എന്തെല്ലാം ഉണ്ടെങ്കിലും അകത്തു സ്വസ്ഥതയില്ല, സമാധാനമില്ല.

അതുകൊണ്ട് ചിലർ മദ്യത്തിൽ അഭയം തേടുന്നു. ചിലർ കഞ്ചാവിൽ ആശ്രയിക്കുന്നു. ചിലർ സിനിമായിൽ സന്തോഷം തേടുന്നു. കുറച്ചു നേരത്തേയ്ക്കെങ്കിലും ദു:ഖം മറക്കാമല്ലോ എന്നു കരുതിയാണ് ഓരോ വഴികളിലേക്കു തിരിയുന്നത്. എല്ലാം സമാധാനം കിട്ടുവാനുള്ള യത്നങ്ങളാണ്.

ജീവിതത്തിലെ ദുരിതങ്ങൾ അല്പനേരത്തേയ്ക്കെങ്കിലും മറക്കുന്നതിനുവേണ്ടിയാണ് ഓരോരോ ദുശ്ശീലങ്ങൾ അനുവർത്തിക്കുന്നത്. പിന്നീട് ആ ശീലങ്ങൾക്കടിമപ്പെട്ടുപോകയും കാര്യങ്ങൾ അപകടത്തിലേക്കു നീങ്ങുകയും ചെയ്യുന്നു. അനേക ദോഷങ്ങളിലേക്കു അറിയാതെ വഴുതി വീഴുന്നു.

ഇങ്ങനെ കരഞ്ഞു കരഞ്ഞു മുഖം ചുവന്നിരിക്കുന്ന മനുഷ്യരുടെ ജീവിതത്തിൽ യേശുക്രിസ്തു വരുമ്പോൾ മാത്രമേ സ്വസ്ഥതയുണ്ടാകൂ. ക്രിസ്തു അകത്തു വരുമ്പോൾ സമാധാനം കിട്ടും.

പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്കതു കിട്ടും.

ക്രിസ്തു എല്ലാവർക്കും നല്കുവാൻ തക്കവണ്ണം സമ്പന്നൻ ആണ് മനസ്സലിവുള്ളവനാണ്.

ഇയ്യോബു പറയുന്നത് “കരഞ്ഞു കരഞ്ഞു എന്റെ മുഖം ചുവന്നിരിക്കുന്നു. എന്റെ കണ്ണിന്മേൽ അന്ധതമസ്സു കിടക്കുന്നു” വിലാപം കൊണ്ടു, എന്റെ കണ്ണുകൾ ചുവന്നുപോയിരിക്കുന്നു. കരഞ്ഞു കരഞ്ഞു മുഖം ചുവന്നിരിക്കുന്നു എന്ന്.

ഈ വാക്യം ഇംഗ്ലീഷിൽ 'My eyes are red with weeping' എന്റെ കണ്ണുകൾ കരച്ചിൽ കൊണ്ടു ചുവന്നിരിക്കുന്നു എന്നാണ്. and on my eye lids is the shadow of death - എന്റെ കൺപോളകളിൽ മരണത്തിന്റെ കരിനിഴൽ വീശിയിരിക്കുന്നു. ഇയ്യോബിന്റെ ജീവിതത്തിൽ അന്ധതപറ്റി എന്നാണ് നാം വായിക്കുന്നത്.

ഒന്നാമത്ത അന്ധത : The blindness of disasters.

അതു ആപത്തുകളുടെ അന്ധതയാണ്. ഒന്നൊന്നായി ആപത്തുകൾ. ഒന്നൊന്നായി ദുരിതങ്ങൾ, ഒന്നൊന്നായി വലിയ വലിയ അത്യാഹിതങ്ങൾ. ഇയ്യോബിനു ഏഴു ആൺമക്കളും മൂന്നുപെൺമക്കളും ഉണ്ട്. ഈ പത്തു മക്കളും ഒരു വീട്ടിൽ വിരുന്നു കഴിച്ച് സന്തോഷിച്ചിരിക്കുമ്പോൾ ഒരു ദിവസം പെട്ടെന്നു പത്തുപേരും ഒരുമിച്ചു മരിക്കുന്നു.

എന്താണ് പറ്റിയത്, ഒരു വലിയ ആപത്തു ഉണ്ടാവുകയാണ്. ഒരു ചുഴലിക്കാറ്റ്. അടുത്ത വീടുകളിലൊന്നും ചുഴലിക്കാറ്റ് അടിച്ചില്ല. അവർ കൂടിയിരിക്കുന്ന വീട്ടിൽ മാത്രം ചുഴലിക്കാറ്റ് അടിക്കുന്നു. അതു വീടിന്റെ നാലു മൂലയ്ക്കും

അടിക്കുന്നു. വീടിനെ ചുഴറ്റി വീശി അടിച്ചു വീടു ഉലഞ്ഞു നിലം പൊത്തുന്നു.

എന്താ ഇങ്ങനെ വന്നത്? അതിന്റെ പിന്നിൽ സാത്താനാണ്. ഇയ്യോബിന്റെ പുസ്തകം ഒന്നാം അദ്ധ്യായം വായിക്കുമ്പോൾ കാണാം ഇയ്യോബിനെ തകർക്കുവാൻ സാത്താൻ ദൈവത്തോടു അനുവാദം ചോദിക്കുകയാണ്.

എന്തുകൊണ്ടാണ് അനുവാദം കൊടുത്തത്? അതു വേദഭാഗം പഠിക്കുമ്പോഴാണ് മനസ്സിലാകുന്നത്. ദൈവം അനുവദിക്കാതെ സാത്താൻ തൊടുകയില്ല. ആരും സാത്താനെ പേടിക്കേണ്ടാ, ഉടയതമ്പുരാൻ അനുവദിക്കാതെ സാത്താൻ നമ്മെ തൊടുകയില്ല.

ചിലർ പറയും, "ഞാൻ ഒരുപാടു പാപം ചെയ്തു ഇനി ഞാൻ എന്തു ചെയ്യും"? മകനെ നീ പേടിക്കേണ്ട, നിരാശപ്പെടേണ്ട, പല തെറ്റുകളും നിനക്കുവന്നു. നീ അനുതപിക്കുമോ, ദൈവം നിനക്കു തുണയായി വരും. സാത്താന്റെ ആക്രമണങ്ങളെയെല്ലാം പരാജയപ്പെടുത്തിക്കൊള്ളും.

പലരും ഭയചകിതരായിരിക്കുകയാണ്. വചനം കേൽക്കുമ്പോൽ ഭയപ്പെടുന്നവരുണ്ട്. ഭയം നല്ലതാണ്. കാരണം വചനം കേൾക്കുമ്പോൾ ഭയപ്പെടേണ്ടതുണ്ട്. പക്ഷേ നിങ്ങൾ നിരാശപ്പെടരുത്.

കൊച്ചുകുട്ടികൾ ബ്ലെയിഡ് എടുക്കുന്നു. ഒരു വയസ്സു പ്രായമുള്ള കുട്ടിക്ക് അറിഞ്ഞു കൂടാ എവിടെയെങ്കിലും തൊട്ടാൽ മുറിയുമെന്ന്. നല്ല മൂർച്ചയുള്ള ബ്ലെയിഡ് ആണ്. പാവം കുട്ടിക്കറിഞ്ഞു കൂടാ. "അയ്യോ മോനെ തൊടല്ലേ" - കുഞ്ഞിന്റെ കൈയ്ക്ക് അപകടം വരാതെ മേടിക്കുന്നു. കുഞ്ഞിനു സങ്കടം വരും. അതു കരയും. അതിനറിയില്ല

അതിൽ അപകടം പതിയിരിപ്പുണ്ടെന്ന്. അതുകൊണ്ടാണ് മുതിർന്നവർ വളരെ സൂക്ഷിച്ചു പിടിച്ചു മാറ്റുന്നത്. കുഞ്ഞു കരഞ്ഞാലും അതു കൊടുക്കില്ല. കുട്ടി ശാഠ്യം പിടിച്ചാലും കൊടുക്കില്ല. കുഞ്ഞിനു തോന്നും എന്നോടു സ്നേഹമില്ലാത്തതുകൊണ്ടാണ് എനിക്കു തരാത്തത് എന്ന്.

പലപ്പോഴും നമ്മളും ഇങ്ങനെയാണ്. സ്വർഗ്ഗത്തിലെ ദൈവത്തിന്നറിയാം നമുക്കു എന്തു അപകടമാണ് പതിയിരിക്കുന്നതു എന്ന്. അതുകൊണ്ടാണ് ദൈവം നമുക്കു നിർദ്ദേശ മുന്നറിയിപ്പുകൾ തരുന്നത്.

എത്രയോ നല്ല ശോഭനമായ ഭാവിയിലേക്കു നടന്നെത്തേണ്ട ചെറുപ്പക്കാരെയാണ് പ്രേമങ്ങളിൽ കുടുക്കി പിശാചു നശിപ്പിക്കുന്നത്. ചിലരെ പ്രേമബന്ധങ്ങളിൽ കുടുക്കുന്നു. ചിലരെ കൊള്ളരുതാത്ത ബന്ധത്തിൽ കെട്ടിയിടുന്നു. ചിലരെ ചില ഊരാക്കുടുക്കുകളിൽ ബന്ധിക്കുന്നു. "കരഞ്ഞു കരഞ്ഞു എന്റെ കണ്ണു ചുവന്നിരിക്കുന്നു, എന്റെ കൺപോളകളിൽ അന്ധതമസ്സ് തങ്ങി നില്ക്കുന്നു. എന്റെ കൺപോളകളിൽ മരണത്തിന്റെ കരിനിഴൽ തങ്ങി നില്ക്കുന്നു".

ഇയ്യോബിനു അടിക്കടി ആപത്തുകൾ വന്നു. അതുപോലെ പിശാചു നിങ്ങളെ വേട്ടയാടികൊണ്ടിരിക്കുകയാണ്. ചുഴലിക്കാറ്റ് അടിച്ചുകൊണ്ടിരിക്കുകയാണ്. മറ്റാർക്കുമില്ലാത്തതുപോലെ നിങ്ങൾക്കു പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

നിങ്ങൾക്കു പലതും നഷ്ടപ്പെട്ടുപോയി. വെട്ടുക്കിളിയും വിട്ടിലും, തുള്ളനും, പച്ചപ്പുഴുവും പലതും തിന്നുകളഞ്ഞു. ആയുസ്സിന്റെ നല്ലഭാഗം പല ദുശ്ശീലങ്ങളും വിഴുങ്ങിക്കളഞ്ഞു.

എന്നാൽ ദൈവം പറയുന്നു. "മഹാസൈന്യമായ വിട്ടിലും വെട്ടുക്കിളിയും, തുള്ളനും, പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും -യോവേൽ 2 : 25 എന്തു ഭാഗ്യമാണത്!

അതുകൊണ്ട് ആരും നിരാശപ്പെടണ്ട. നിങ്ങൾക്കു നല്ല നാളെകൾ തരാൻ യേശു ജീവിക്കുന്നുണ്ട്.

ഇയ്യോബിനോടു ദൈവം അങ്ങനെ പറയുന്നുണ്ട് : "ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും." 8 : 21. നിന്റെ വായിൽ ചിരി തരും. നിന്റെ വായിൽ ആർപ്പു തരും. ഇയ്യോബു പറയുന്നു. കർത്താവെ കരഞ്ഞു കരഞ്ഞ് എന്റെ കണ്ണു ചുവന്നിരിക്കുന്നു. വിലാപം കൊണ്ട്, ഏങ്ങലടികൊണ്ട്, നെടുവീർപ്പുകൊണ്ട്, ഊഷ്മളനിശ്വാസം കൊണ്ട് എന്റെ കണ്ണു ചുവന്നിരിക്കുന്നു. എന്റെ കൺപോളകളിൽ അന്ധതമസ്സു തങ്ങി നില്ക്കുന്നു.

മരണത്തിന്റെ കൂരിരുട്ട് ഒന്നാം അദ്ധ്യായം വായിക്കുമ്പോൾ കാണാം. ഒന്നാം അദ്ധ്യായത്തിന്റെ രണ്ടാം ഖണ്ഡിക മുതൽ വായിക്കുമ്പോൾ ഇയ്യോബിനു വന്ന അപകടങ്ങൾ കാണാം. 13-ാം വാക്യം മുതൽ വായിക്കുമ്പോൾ, മക്കൾ പത്തുപേരും കൂടിയിരിക്കുന്ന വീട്ടിൽ, ഒരു വലിയ അപകടം സംഭവിച്ചു.

അപകടം എന്താണ്?

> "പെട്ടെന്ന് ശെബായർ വന്നു അവയെ പിടിച്ചു കൊണ്ടുപോകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്തു..."
>
> ഇയ്യോബ് 1 : 15

"..ദൈവത്തിന്റെ തീ ആകാശത്തുനിന്നു വീണുകത്തി, ആടുകളും വേലക്കാരും അതിന്നു ഇരയായിപ്പോയി...." ഇയ്യോബ് 1 : 16

വീണ്ടും ബാക്കിയുണ്ടായിരുന്ന ആടുകളെയും വേലക്കാരെയുമെല്ലാം തീ മുകളിൽ നിന്ന് വന്ന് കത്തി, എല്ലാം കത്തി ചാമ്പലയായിപ്പോയി. അന്നുതന്നെയാണ് ഇതും. അന്നു തന്നെ വീണ്ടും.

"...പെട്ടെന്നു കല്ദയർ മൂന്നു കൂട്ടമായി വന്നു ഒട്ടകങ്ങളെ പിടിച്ചുകൊണ്ടു പോകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്തു..." ഇയ്യോബ് 1 : 17

ഒട്ടകങ്ങൾ ഉണ്ടായിരുന്നു. അതിനെ കല്ദയർ വന്നു പിടിച്ചുകൊണ്ടുപോയി. വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊന്നു. മക്കൾ പത്തുപേരും ഒരു ചുഴലിക്കാറ്റ് വന്നടിച്ചു മരിച്ചുപോയി. അന്നു തന്നെയാണ്, ഒറ്റ ദിവസമാണ് ഇതെല്ലാം സംഭവിക്കുന്നത്. മാറി മാറി അപകടങ്ങൾ വന്നിരിക്കുന്നു.

ഇതുപോലെ നിങ്ങൾക്കും പറയാൻ കാണും. മാറിമാറി അപകടം വരുന്നവർ, ദുരിതങ്ങൾ വരുന്നവർ! എത്രയോ ദുരിതങ്ങളിൽപെട്ടു വലഞ്ഞവരാണ് നിങ്ങൾ. എത്രയോ കഷ്ടപ്പാടിൽപെട്ട് ഉലഞ്ഞവരാണ് നിങ്ങൾ.

പട്ടിണി കിടന്നവരില്ലേ. ആഹാരത്തിനു പഞ്ഞം പിടിച്ചു വലഞ്ഞവരില്ലേ. വലിയ കെടുതിയിൽ പെട്ടുപോയവർ, നിരാശയിൽ ആണ്ടുപോയവർ, ചികിത്സയ്ക്കു മാർഗ്ഗമില്ലാത്തതിനാൽ ചികിത്സ മുടങ്ങിപ്പോയവർ അങ്ങനെ എല്ലാ തരത്തിലും വലഞ്ഞുപോയ കാലങ്ങൾ നിങ്ങൾക്കുണ്ട്.

രണ്ടാമത്തെ അന്ധത: രോഗങ്ങളുടെ അന്ധത. സാത്താനു തൃപ്തിയായില്ല. സ്വത്തല്ലേ പോയുള്ളൂ. മക്കളെല്ലേ പോയുള്ളൂ. ഇയ്യോബു സുഖമായിട്ടിരിക്കുന്നു. സ്വത്ത് പോയി, മക്കൾ പോയി, ഇനിയുണ്ട് ശരീരം, ആരോഗ്യം. ശരീരത്തിൽ കയറിപ്പിടിച്ചു പിശാച്, പക്ഷെ ദൈവം പറഞ്ഞു, "ശരീരത്തിൽ തൊട്ടോളൂ പക്ഷേ ഒരു കാര്യം, അവന്റെ പ്രാണനെ തൊട്ടുപോകരുത്" പ്രാണനെ തൊടാൻ നിനക്കു അധികാരം തന്നിട്ടില്ല. ഇയ്യോബിന്റെ ശരീരത്തിൽ പിശാചു ബാധിച്ചു. എങ്ങനെ ബാധിച്ചു?

> "അങ്ങനെ സാത്താൻ യഹോവയുടെ സന്നിധി വിട്ടു പുറപ്പെട്ടു ഇയ്യോബിനെ ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കുകളാൽ ബാധിച്ചു. അവൻ ഒരു ഓട്ടിൻ കഷണം എടുത്തു തന്നെത്താൻ ചുരണ്ടിക്കൊണ്ടു ചാരത്തിൽ ഇരുന്നു." ഇയ്യോബ് 2 : 7, 8

ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കൾ. ഓട്ടിൻ കഷണം എടുത്തു തന്നെത്താൻ ചുരണ്ടിക്കൊണ്ടു ചാരത്തിൽ ഇരുന്നു. ഭയങ്കര ചൊറിച്ചിൽ ആണ്. ശരീരമാസകലം പുകയുന്നു. വ്രണമുണ്ട്. വ്രണങ്ങൾക്കിടയ്ക്കു ഉഗ്രമായ ചൊറിച്ചിൽ. അവിടം ഓടിൻ കഷണം കൊണ്ടു മാന്തിക്കൊണ്ടിരിക്കുകയാണ്. ആ ചൊറിച്ചിൽ ഭയങ്കരമായതുകൊണ്ടു മാന്തുമ്പോൾ തൊലി പോകും. പിന്നെ അവിടെ പഴുക്കും. പഴുക്കുമ്പോൾ ദുർഗ്ഗന്ധം വരും. വേലക്കാരും വീട്ടിലുള്ള ഭാര്യയും മൂക്കു പൊത്തിപ്പിടിച്ചുകൊണ്ടു മാറിനില്ക്കും. ദുർഗന്ധം!

ഇയ്യോബു ചാരത്തിൽ ഇരുന്നു. ഇയ്യോബു ചാക്കുശ്ശീല വിരിച്ചിട്ടു ചാരത്തിൽ ഇരുന്നു. ചാക്ക് ഉടുത്തുകൊണ്ട് ചാര

ത്തിൽ ഇരുന്നു. ഓട്ടിൻ കഷണം കൊണ്ടു ചുരണ്ടിക്കൊണ്ടി രുന്നു. എങ്ങനെ കഴിഞ്ഞ മനുഷ്യനാണ്!

രണ്ടാമത് രോഗങ്ങളുടെ അന്ധത - The blindness of disease

ആന്തരികമായ പ്രത്യാശ മങ്ങുകയാണ്. ശരീരം വല്ലാതെ വേദനിക്കുകയാണ്. വിങ്ങുകയാണ്. പഴുത്തു പഴുത്തു ശരീരം വിങ്ങുന്നു. ഇയ്യോബു വലഞ്ഞുപോയി.

ഇങ്ങനെ ഒറ്റപ്പെട്ട ഏതെങ്കിലും അനുഭവത്തിൽ ഇരുന്നി ട്ടുണ്ടെങ്കിൽ അപ്പോഴറിയാം നമ്മുടെ വിശ്വാസത്തിന്റെ മാറ്റ്. നമ്മുടെ ജീവിതത്തിൽ ഇതുപോലെ ഒറ്റപ്പെട്ടു ആരും തിരി ഞ്ഞുനോക്കാനില്ലാതെ ഭാര്യപോലും മൂക്കുപൊത്തിപ്പിടിച്ചു കൊണ്ട് മാറി നിന്ന്, തള്ളിപ്പറയുന്ന സമയം വരുമ്പോൾ അതിനെയെല്ലാം അഭിമുഖീകരിക്കുവാൻ സാധിക്കുമോ? പ്രയാ സമുണ്ട്. എല്ലാ ദുരിതവും വേദനയും ഇയ്യോബ് അനുഭവി ച്ചു.

ഒന്ന് : ദുരിതങ്ങളുടെ അന്ധത - Blindness of disarters.

രണ്ട് : രോഗങ്ങളുടെ അന്ധത - Blindness of disease

മൂന്ന് : നിരാശയുടെ അന്ധത - Blindness of despair

> “ഭാര്യ അവനോടു, നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക എന്നു പറഞ്ഞു.” ഇയ്യോബ് 2 : 9

ഭാര്യ പറഞ്ഞു. നിങ്ങൾ ഇനിയും ഈ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കയാണോ? വലിയ ഭക്തനായിട്ടു എന്തു

കിട്ടി? വലിയ പ്രാർത്ഥനാക്കാരനായിട്ടു എന്തു കിട്ടി. വലിയ കൂട്ടായ്മക്കാരനാണല്ലോ. കൂട്ടായ്മക്കാരുണ്ടായിട്ടു അവരാരും തിരിഞ്ഞു നോക്കാത്തതെന്താണ്? അവരൊക്കെ എവിടെ പോയി? നിങ്ങൾ ഇനിയും ഭക്തി മുറുകെ പിടിച്ചു കൊണ്ടിരുന്നിട്ടു എന്താണ് കാര്യം? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക എന്നു പറഞ്ഞു.

ആത്മഹത്യ ചെയ്യരുതോ, നിങ്ങൾക്കു ചാകരുതോ, എന്നാണ് സ്വന്തം ഭാര്യ പറയുന്നത്!

പ്രിയസഹോദരീ, നിങ്ങൾ വേണം ഭർത്താക്കന്മാർക്കു താങ്ങ് കൊടുക്കാൻ, തുണകൊടുക്കാൻ. അദ്ദേഹത്തെ നിങ്ങൾ ആകുന്നതും ആശ്വസിപ്പിക്കാനല്ലാതെ ദു:ഖിപ്പിക്കാൻ നോക്കരുത്. എത്ര ദുഷ്ടഹൃദയമുള്ള മനുഷ്യനായാൽ പോലും അദ്ദേഹത്തെ നിങ്ങൾ വേദനിപ്പിക്കരുത്.

മാതാപിതാക്കന്മാർ മക്കളെ വേദനിപ്പിക്കരുത്. ഭർത്താക്കന്മാർ നിങ്ങളുടെ ഭാര്യമാരെ ദു:ഖിപ്പിക്കരുത്. അവരെ നൊമ്പരപ്പെടുത്തരുത്. അവരെ കരുതണം, അവരെ സ്നേഹിക്കണം. അവർ നിങ്ങളെക്കാൾ കൂടുതൽ സഹിക്കുന്നവരല്ലേ. അവർ നിങ്ങളെക്കാൾ കൂടുതൽ കഷ്ടപ്പെടുന്നവരല്ലേ. അവർ എങ്ങനെയുള്ളവർ ആണെങ്കിലും, ദുശ്ശാഠ്യമോ, പിണക്കമോ, പരിഭവമോ ഉള്ളവരാണെങ്കിലും അവരെ നിങ്ങൾ സ്നേഹിക്കുക.

ഭാര്യ പറഞ്ഞു. നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിക്കുക. ഭക്തി കളയൂ. ഭക്തികൊണ്ട് എന്ത് പ്രയോജനം! ഈ ഭക്തിയുണ്ടായിട്ടു ആരു സഹായിച്ചു? ദൈവം സഹായിച്ചോ, ഇല്ലല്ലോ. ദൈവം സർവ്വശക്തനാണെന്നു പറയുന്നു.

ദൈവത്തിന്റെ ശക്തി എവിടെപ്പോയി. ദൈവത്തെ തള്ളിപ്പറ യാനാണു പറയുന്നത്.

ഭാര്യ കുത്തുവാക്കു പറഞ്ഞപ്പോൾ പാവം ഇയ്യോബ് ഓർത്തു: എന്റെ സ്നേഹിതന്മാർ ഒന്നു വന്നിരുന്നെങ്കിൽ! അവർ സ്നേഹമുള്ളവരാണ്. കൂട്ടായ്മക്കാരല്ലേ, അവർക്കു ശരിയായ സ്നേഹമുണ്ട്. അവർ എന്തെങ്കിലും അങ്ങോട്ടു കിട്ടും എന്നു വിചാരിച്ച് സ്നേഹിക്കുന്നവരല്ലല്ലോ. അതു കൊണ്ടു അവർ വരും. അവർ എന്റെ അടുത്ത് ഇരിക്കും. അവർ വന്നു പ്രാർത്ഥിക്കും. അപ്പോൾ എനിക്കു സമാധാനം കിട്ടും.

കൂട്ടായ്മക്കാർ പരസ്പരം സഹായിക്കണെ! കൂട്ടായ്മ ക്കാർ പരസ്പരം താങ്ങണേ. നിങ്ങളെത്തന്നെ മറന്നു മറ്റുള്ള വരെ സഹായിച്ചു കൊള്ളണേ.

ഞാൻ സന്തോഷത്തോടെ പറയട്ടെ, എന്റെ കാര്യങ്ങ ളെല്ലാം കൂട്ടായ്മയിലെ ദൈവമക്കളാണു നടത്തുന്നത്. എന്റെ മക്കൾ അവരാരും തന്നെ നാട്ടിൽ ഇല്ല. എവിടെയെങ്കിലും ഞാൻ പോകണമെങ്കിൽ അതിനുവേണ്ടി ഓടുന്നത്, അതിനു വേണ്ടി ബദ്ധപ്പെടുന്നത്, അതിനുവേണ്ടി കഷ്ടപ്പെടുന്നതു, അതിനുവേണ്ടി ഉറക്കിളക്കുന്നതു എല്ലാമെല്ലാം കൂട്ടായ്മക്കാ രാണ്. ഇവരാണ് എന്നെ ഇന്നു വളർത്തിക്കൊണ്ടിരിക്കുന്ന തെന്ന് ഞാൻ പറയും.

ആത്മീയ സ്നേഹിതന്മാർ പ്രധാനമായിട്ടു മൂന്നുപേരുണ്ട്. തേമാന്യമായ എലീഫസ്, ശൂഹ്യനായ ബിൽദാദ്, നയമാത്യ മായ സോഫർ ഇവരൊന്നു വന്നിരുന്നെങ്കിൽ എന്റെ ഒപ്പം ഒന്നു ഇരുന്നെങ്കിൽ, അവരൊന്നു പ്രാർത്ഥിച്ചിരുന്നെങ്കിൽ ഇയ്യോബു കാത്തിരിക്കുകയാണ്. ഭാര്യ തള്ളിപ്പറയുമ്പോൾ

ഇയ്യോബു ഗേയ്റ്റിങ്കലേയ്ക്കു ആണ് നോക്കുന്നത്. അവരിപ്പോൾ വരും, എന്റെ കൂടെയിരുന്നു പ്രാർത്ഥിക്കുവാൻ, അവർ എനിക്കൊരു ബലം തരും. എനിക്കൊരു ആശ്വാസം തരും.

എന്റെ ഒരനുഭവം ഞാൻ നിങ്ങളോടു പറയാം. യാത്ര ചെയ്തു കഷ്ടപ്പെട്ടു യോഗത്തിനു വരുന്നു. നിങ്ങൾ വരുന്നതു ധൈര്യമാണ്. വലിയ ആശ്വാസമാണ്. ബലമാണ്. വലിയ ശക്തിയാണ്. വലിയ സന്തോഷമാണ്. എനിക്കു വലിയ സമാധാനം നല്കുന്ന കാര്യമാണ്.

പക്ഷെ ചിലപ്പോൾ നിങ്ങളെ കാണുമ്പോൾ കർക്കശമായി സംസാരിച്ചെന്നു വരും. കർക്കശമായിട്ടു പറയുന്നതു ആത്മാവിന്റെ ഗൗരവമുള്ള കാര്യമായതുകൊണ്ടാണ്. അതു അവിടെ ലാഘവമായി പറയാൻ പറ്റില്ലാത്തതുകൊണ്ടാണ്. മയപ്പെടുത്തി പറയാൻ പറ്റാത്ത കാര്യമായതുകൊണ്ടാണ്. മയപ്പെടുത്തി പറഞ്ഞാൽ കർത്താവു എന്നെ ശിക്ഷിക്കും എന്ന പേടിയുള്ളതുകൊണ്ടാണ്. ആത്മാവു കാണുന്നതു പോലെ പറയുന്നു എന്നേയുള്ളൂ.

ഉടയ തമ്പുരാൻ എങ്ങനെ കാണുന്നുവോ ആ ഭാവത്തോടുകൂടി പറയുവാൻ ശ്രമിക്കാറുണ്ട്. അതിൽ എപ്പോഴെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അപ്പോഴെല്ലാം ഞാൻ തളർന്നിട്ടുമുണ്ട്, തകർന്നിട്ടുമുണ്ട്. അതെല്ലാം ആത്മീയ ജീവിതത്തിലെ ചില മർമ്മങ്ങൾ ആണ്.

ഇയ്യോബ് കൂട്ടായ്മയിലെ സഹോദരങ്ങളെ കാണുവാൻ നോക്കിയിരിക്കുകയാണ്. നിരാശയുടെ അന്ധത. അവരാരും വരുന്നില്ല. എന്നാലും ഇയ്യോബു ആശയോടെ നോക്കിയിരിക്കയാണ്. അപ്പോഴാണു, ഇതാ, അവർ കടന്നു വരുന്നുണ്ട്!

ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഇവർ മൂന്നുപേരും വർത്ത മാനം പറഞ്ഞു വരികയാണ്. അവിടെ പടിക്കൽ എത്തിക്ക ഴിഞ്ഞപ്പോൾ വർത്തമാനമൊക്കെ നിർത്തി. പിന്നെ മുഖ മൊക്കെ മ്ലാനമാണ്. വളരെ മൗനമായി വന്നിരുന്നു. മിണ്ടാതെ അവർ ഇയ്യോബിന്റെ അരികെ നിലത്തിരുന്നു. ഏഴു ദിവസം മൗനമായിരുന്നു. ഒന്നും മിണ്ടിയില്ല.

> "അവന്റെ വ്യവസനം അതികഠിനമെന്നു കണ്ടിട്ടു അവർ ആരും ഒരു വാക്കും മിണ്ടാതെ ഏഴു രാപ്പകൽ അവനോടു കൂടെ നിലത്തിരുന്നു." ഇയ്യോബ് 2 : 13

ഭാര്യ പറയരുതാത്തതു പറഞ്ഞു കൂട്ടുകാർ പറയേണ്ടതു പറഞ്ഞില്ല. രണ്ടും തെറ്റാണ്. പറയരുതാത്തതു പറയുന്നതു പാപം. പറയേണ്ടതു പറയാത്തതു പാപം. ഓർത്തുകൊള്ള ണം. പറയേണ്ടതു തക്കസമയത്തു പറഞ്ഞില്ലെങ്കിൽ അതു പാപം. "നന്മ ചെയ്യാൻ അറിഞ്ഞിട്ടും അതു ചെയ്യാത്തതു പാപം തന്നെയാണ്" എന്നു യാക്കോബു ശ്ലീഹ പറയും. നിരാശയുടെ അന്ധത. യാക്കോബ് 4 : 17

നിങ്ങളാരും നിരാശയുടെ അന്ധത ബാധിച്ചിരിക്കരുത്. എന്റെ ദൈവം മൗനമായിരിക്കുന്നവനല്ല. അവനെല്ലാം കാണു ന്നുണ്ട്. അവനെല്ലാം അറിയുന്നുണ്ട്, പിശാച് ഉപദ്രവിക്കു ന്നതു കാണുന്നുണ്ട്, കർത്താവു എന്നെ ഓർക്കുന്നു. എന്റെ വഴികളൊക്കെയും അവനറിയുന്നു. നമ്മുടെ തലമുടി നാരിഴ എത്രയെന്നു ഉടയതമ്പുരാൻ എണ്ണി വച്ചിരിക്കുന്നു. ഒരെണ്ണം താഴെ വീഴുന്നതു കർത്താവു അറിയാതെ വരികയില്ല.

നിങ്ങൾ വ്യക്തമായി ഗ്രഹിച്ചുകൊള്ളൂ. സ്നേഹിതാ, കട ത്തിൽ മുങ്ങുന്നതു, നീ കുടുംബത്തിൽ വിഷമിക്കുന്നതു

കർത്താവ് അറിയുന്നു. സഹോദരീ നീ അമ്മായിയമ്മയുടെ പോരുകൊണ്ടു സഹിച്ചു വലയുന്നതു, മോനേ നീ പഠിത്തത്തിൽ മുന്നോട്ടു പോകാൻ പറ്റാതെ വിഷമിച്ചു കഴിയുന്നതു, എല്ലാം നമ്മുടെ കർത്താവു അറിയുന്നുണ്ട്. സ്വർഗ്ഗത്തിലെ ദൈവം കാണുന്നുണ്ട്. അവന്റെ സന്നിധിയിൽ എല്ലാറ്റിനും പരിഹാരം ഉണ്ട്.

കരുണയുള്ള കർത്താവിനു നിങ്ങൾക്ക് അനുഗ്രഹത്തിന്റെ കാലങ്ങൾ തരാൻ മനസ്സാണ്, അവന്റെ ആണിപ്പാടുള്ള തൃക്കരം നിങ്ങളുടെ ശിരസ്സിൽ വെച്ച് ആശ്വസിപ്പിക്കുവാൻ അവനു കൊതിയാണ്. കർത്താവ് നിങ്ങളുടെ മുഖത്തെ ആദരിക്കുവാൻ പോകുകയാണ്. എല്ലാം ഇരട്ടിയായി നമ്മുടെ ദൈവം മടക്കിത്തരും.

# അഞ്ച്

"ഇയ്യോബ് പറഞ്ഞതെന്തെന്നാൽ, ഞാൻ ജനിച്ച ദിവസവും ഒരു ആൺ ഉല്പാദിച്ചു എന്ന പറഞ്ഞ രാത്രിയും നശിച്ചു പോകട്ടെ."

ഇയ്യോ 3 : 3

ഇയ്യോബ് സ്വയം ശപിക്കാൻ തുടങ്ങി. ഇയ്യോബിനു നിരാശ വന്നതെന്തുകൊണ്ടാണ്? ഇയ്യോബിനു ഒരു സ്വയം മതിപ്പുണ്ട്. എന്തുകൊണ്ടു എനിക്കിങ്ങനെ വന്നു എന്ന ചിന്തയാണ് നിരാശമൂലം ഉണ്ടായത്.

ഞാൻ ഭക്തനല്ലേ. ഞാൻ നിഷ്കളങ്കനല്ലേ. എനിക്കിതു വരാതെ ദൈവം കാക്കാതിരുന്നത് എന്ത്. ഇയ്യോബിനു അങ്ങനെ ഒരു തോന്നലുണ്ടായി.

അവൻ ജന്മദിവസത്തെ ശപിച്ചു. ഞാൻ ജനിച്ച ദിവസം നശിച്ചു പോകട്ടെ. ഞാൻ ജനിക്കാതിരുന്നെങ്കിൽ മതിയായി രുന്നു. ഗർഭപാത്രത്തിൽ നിന്നു പുറത്തു വരാതിരുന്നെങ്കിൽ മതിയായിരുന്നു. ചാപിള്ള പോലെ തീർന്നു പോയാൽ മതി

യായിരുന്നു. ഇയ്യോബ് പറയുകാണയാണ്!

"ഞാൻ ജനിച്ച ദിവസവും ഒരു ആൺ ഉല്പാദിച്ചു എന്നുപറഞ്ഞ രാത്രിയും നശിച്ചുപോകട്ടെ. ആ നാൾ ഇരുണ്ടുപോകട്ടെ. മേലിൽനിന്ന് ദൈവം അതിനെ കടാക്ഷിക്കരുതേ, പ്രകാശം അതിന്മേൽ ശോഭിക്കയുമരുതേ. ഇരുളും അന്ധതമസ്സും അതിനെ സ്വാധീനമാക്കട്ടെ, ഒരു മേഘം അതിന്മേൽ അമരട്ടെ, പകലിനെ ഇരുട്ടുന്നതൊക്കെയും അതിനെ പേടിപ്പിക്കട്ടെ. ആ രാത്രിയെ കൂരിരുൾ പിടിക്കട്ടെ, അത് ആണ്ടിന്റെ നാളുകളുടെ കൂട്ടത്തിൽ സന്തോഷിക്കരുത്, മാസങ്ങളുടെ എണ്ണത്തിൽ വരികയും അരുത്. അതേ, ആ രാത്രി മച്ചിയായിരിക്കട്ടെ; ഉല്ലാസഘോഷം അതിലുണ്ടാരുത്; മഹാസർപ്പത്തെ ഇളക്കുവാൻ സമർത്ഥരായി ദിവസത്തെ ശപിക്കുന്നവർ അതിനെ ശപിക്കട്ടെ. അതിന്റെ സന്ധ്യാനക്ഷത്രങ്ങൾ ഇരുണ്ടുപോകട്ടെ, അത് വെളിച്ചത്തിനു കാത്തിരുന്നു കിട്ടാതെ പോകട്ടെ. അത് ഉഷസ്സിന്റെ കണ്ണിമ ഒരിക്കലും കാണരുത്." ഇയ്യോബ് 3 : 3 - 9

ഞാൻ ഗർഭപാത്രത്തിൽ വച്ചു മരിക്കാഞ്ഞതു എന്ത്?

ഉദരത്തിൽ നിന്നു പുറപ്പെട്ടപ്പോൾ എന്റെ പ്രാണൻ പോകാഞ്ഞതു എന്ത്! ഞാൻ എന്തിനു ജനിച്ചു? എന്റെ ദൈവമേ ഞാൻ ജനിക്കാതിരുന്നെങ്കിൽ! നിരാശ.

ഉന്നത വിദ്യാഭ്യാസം ലഭിച്ച ഒരു പെൺകുട്ടി എന്നോടു പറഞ്ഞതിങ്ങനെയാണ് "എനിക്കെന്തിനാ കല്യാണം വന്നപ്പോൾ ഞാൻ സമ്മതിച്ചത്. സാറെ കല്യാണം കഴിക്കണ്ടായി

രുന്നു. ഇന്നെനിക്കു ജീവിക്കണമെന്നില്ല” ഞാൻ അത്ഭുതത്തോടെ കേട്ടുകൊണ്ടിരുന്നു. “ഞാൻ എന്റെ ജീവനെപ്പോലെ ഭർത്താവിനെ സ്നേഹിച്ചുകൊണ്ടിരുന്നു. സാറേ എങ്കിലും എന്നോടു ഇങ്ങനെ ചെയ്തല്ലോ. അദ്ദേഹത്തിനു വേറെ ഒരു സ്ത്രീയോടൊണു താല്പര്യം. ഞാൻ അല്പമെങ്കിലും അറിഞ്ഞില്ലല്ലോ. എങ്കിൽ എനിക്കു വിവാഹം വേണ്ടാ എന്ന് വെയ്ക്കാമായിരുന്നു.

ദൈവജനമേ, നിങ്ങളുടെ ഭാര്യയെകൊണ്ടു ഇതു പറയിപ്പിക്കരുത്. നിങ്ങളുടെ ഭർത്താവിനെകൊണ്ടു ഇതു പറയിപ്പിക്കരുത്. നിങ്ങളുടെ കുടുംബജീവിതം ഐക്യംകൊണ്ടു ദൃഢമാകണം. സ്നേഹം കൊണ്ടു ദൃഢമാകണം. മാതാപിതാക്കളെ നൊമ്പരപ്പെടുത്തരുത്.

ഇയ്യോബിന് നിരാശ വന്നു. അതു മരണകരമായ പാപമത്രേ. എങ്ങിനെയാണ് മരണകരമായ പാപമായത്? അതു സ്വയം നീതി അഥവാ സ്വന്തം നീതികരണം ആണ്.

ഇയ്യോബ് പറയുന്നതിങ്ങനെയാണ്. ഞാൻ ഭക്തനാണ്. ഞാൻ കണ്ണുമായി നിയമം ചെയ്തു. ഒരു പരസ്ത്രീയെ നോക്കിയിട്ടില്ല. ഞാൻ ഒരു അന്യസ്ത്രീയെ മോഹത്തോടു കൂടി നോക്കിയിട്ടില്ല. ഞാൻ ആളുകൾക്കു സഹായി ആയിരുന്നു. വസ്ത്രമില്ലാത്തവനു വസ്ത്രം കൊടുത്തിട്ടുണ്ട്. ദരിദ്രന്മാർക്കു ഞാൻ അപ്പനായിരുന്നു. പുതപ്പില്ലാത്തവർക്കു ഞാൻ പുതപ്പു കൊടുത്തിട്ടുണ്ട്. ഞാൻ ആരെയും സഹായിച്ചിരുന്നു. നീതികിട്ടാത്തവനു ഞാൻ നീതി നടത്തിക്കൊടുത്തിട്ടുണ്ട്. എവിടെയും ഉപകാരം ഞാൻ ചെയ്തിട്ടുണ്ട്. എന്നിട്ടും എനിക്കെന്താണു ഇങ്ങനെവന്നത്. സ്വയം നീതി മരണകരമായ പാപം ആണ്. ഇയ്യോബിന്റെ പുസ്തകം 31–ാം അദ്ധ്യായം വായിക്കുക.

എന്നാൽ കരുണയുള്ള കർത്താവു കൃപയാൽ ഏറെ നേരം കേട്ടുകൊണ്ടിരുന്നില്ല. ദൈവം ഇയ്യോബിനോടു സംസാരിച്ചു - എങ്ങനെ?

അവസാനത്തെ അദ്ധ്യായങ്ങളിലേക്കു വരുമ്പോൾ യഹോവ ചുഴലിക്കാറ്റിൽ സംസാരിച്ചു എന്ന് കാണാം. "കരഞ്ഞു കരഞ്ഞു എന്റെ മുഖം ചുവന്നിരിക്കുന്നു. എന്റെ കണ്ണിന്മേൽ അന്ധതമസ്സു കിടക്കുന്നു." ഇയ്യോബ് 16 : 16 എന്നുപറഞ്ഞ് കരഞ്ഞ ഇയ്യോബിനോട് ദൈവം നേരിട്ടു സംസാരിച്ചു. സ്വർഗ്ഗത്തിലെ ദൈവം ഇയ്യോബിനോടു കർശനമായി ഇടപ്പെട്ടു.

ദൈവം ഇയ്യോബിനോടു ചുഴലിക്കാറ്റിൽ സംസാരിച്ചത് കേട്ടപ്പോൾ ഇയ്യോബ് പറയുകയാണ്.

> "അതിനു ഇയ്യോബ് യഹോവയോടു ഉത്തരം പറഞ്ഞതു : ഞാൻ നിസ്സാരനല്ലോ, ഞാൻ നിന്നോടു എന്തുത്തരം പറയേണ്ടൂ? ഞാൻ കൈകൊണ്ടു വായിപൊത്തിക്കൊള്ളുന്നു. ഒരു വട്ടം ഞാൻ സംസാരിച്ചു, ഇനി ഉത്തരം പറകയില്ല."
>
> ഇയ്യോബ് 40 : 3 - 5

'എന്റെ കർത്താവേ ഞാൻ നിസ്സാരനാണ്. ഞാൻ നിന്നോടു എന്താണ് ഉത്തരം പറയേണ്ടത്. എനിക്കു ഒന്നും പറയാനില്ല. ഇത്രയും നേരം ഞാൻ നിന്നോടു വാദിച്ചുകൊണ്ടിരുന്നതു തെറ്റിപ്പോയി. ഞാൻ നീതിമാനാണെന്നു പറഞ്ഞുകൊണ്ടിരുന്നതു തെറ്റിപ്പോയി. ഞാൻ അഭിമാനിച്ചതെല്ലാം തെറ്റിപ്പോയി. ഞാൻ നിസ്സാരനല്ലോ. ഞാൻ എന്തുത്തരം പറയേണ്ടൂ. ഞാൻ കൈകൊണ്ടു വായ് പൊത്തിക്കൊള്ളുന്നു. ഞാൻ രണ്ടുവട്ടം സംസാരിച്ചുപോയി. ഇനി മിണ്ടുകയില്ല.

ദൈവപൈതൽ കാര്യം തിരിച്ചറിയാൻ തുടങ്ങി. കർത്താവേ നിന്നോടു വാദിക്കുവാൻ ഞാൻ ആരാണ്? നിത്യനായ അത്യുന്നത ദൈവത്തിന്റെ കൃപകളെക്കുറിച്ചു വർണ്ണിക്കുവാൻ ഞാൻ ആരാണ്? നിന്റെ സർവ്വശക്തിയെ ചോദ്യം ചെയ്യാൻ ഞാൻ ആരാണ്? നിനക്ക് എന്നോടു സ്നേഹമില്ല എന്നു തോന്നുവാൻ ഞാൻ ആരാണ്? ഞാൻ കൈകൊണ്ടു എന്റെ വായ് പൊത്തിക്കൊള്ളുന്നു. ഞാൻ നിസ്സാരനല്ലോ. ഞാൻ നിന്നോടു എന്തുത്തരം പറയേണ്ടൂ?

നാല്പത്തിരണ്ടാം അദ്ധ്യായത്തിലേക്കു വരുമ്പോൾ ഇയ്യോബ് പറയുന്നു.

> "അതിനു ഇയ്യോബ് യഹോവയോടു ഉത്തരം പറഞ്ഞതു : നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു." ഇയ്യോബ് 42 : 1 – 2

കർത്താവെ, എനിക്കൊരു കാര്യം മനസ്സിലായി. നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു. എന്റെ ദൈവമേ ഞാൻ തിരിച്ചറിവില്ലാതെ എന്തെല്ലാമോ പറഞ്ഞത് എന്റെ കണ്ണിന്മേൽ അന്ധതയായിരുന്നു. എന്റെ മനസ്സിൽ അന്ധകാരമായിരുന്നു.

ഇയ്യോബ് വീണ്ടും പറയുന്നു.

> "...ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി. ....ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു. പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു." ഇയ്യോബ് 42 : 3 – 6

എനിക്കു നിന്നെക്കുറിച്ചു ഒരുകേൾവി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ എന്റെ സ്വന്തകണ്ണുകൊണ്ടു നിന്നെ കാണുകയാണ്. എനിക്കറിവില്ലായിരുന്നു. എനിക്കൊന്നും അറിയാൻ പാടില്ലായിരുന്നു.

ഇപ്പോഴോ സ്വന്തകണ്ണാൽ നിന്നെ കാണുന്നു. കർത്താവെ, എന്റെ ജീവിതത്തിൽ നിന്നെ കാണേണ്ടതുപോലെ ഒന്നു കണ്ടെത്താൻ പിശാചിനു നീ എന്റെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ അനുവദിച്ചതാണെന്നു എനിക്കു മനസ്സിലായി. നിന്നെ ഞാൻ ഇതുവരെ വേണ്ടരീതിയിൽ കണ്ടെത്തിയില്ലായിരുന്നു. നിന്നെക്കാണുവാൻ എന്റെ കണ്ണ് തുറന്നില്ലായിരുന്നു. അന്ധതമസ്സ് കണ്ണിൽ വ്യാപരിച്ചിരുന്നു.

എന്റെ കർത്താവെ, ആപത്തുകളുടെ അന്ധതമസ്സ്, രോഗത്തിന്റെ അന്ധതമസ്സ്, നിരാശയുടെ അന്ധതമസ്സ്, സ്വയം നീതിയുടെ അന്ധതമസ്സ് ഇതെല്ലാം എന്നെ ബാധിച്ചിരുന്നു. എന്നാൽ ഞാനോ നിന്നെ തിരിച്ചറിഞ്ഞില്ല.

ഇപ്പോൾ ഞാൻ നിന്നെ തിരിച്ചറിയുന്നു. സ്വന്തകണ്ണാൽ ഞാൻ നിന്നെ കാണുന്നു. നീ എന്നോടു സംസാരിച്ചപ്പോൾ, നിന്റെ വചനം കേട്ടപ്പോൾ നിന്നെ കാണുന്നു. സ്വന്തകണ്ണാൽ ഞാൻ നിന്നെ കാണുന്നു. ആകയാൽ അഭിമാനിക്കുവാൻ ഒന്നുമില്ല. ഇപ്പോൾ ഞാനിതാ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

സാക്ഷാൽ കണ്ണുകാഴ്ച കിട്ടി. അനുതാപം തുടങ്ങി. ഇയ്യോബ് അനുതപിച്ചപ്പോൾ എന്തുണ്ടായി?

> "...യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്കു

> ഭേദം വരുത്തി മുമ്പെ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു.”
> ഇയ്യോബ് 42 : 9 – 10

യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു. ഇയ്യോബിന്റെ സ്ഥിതിക്കു ദൈവം ഭേദം വരുത്തി. മുമ്പെ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു. ഒന്നും കുറച്ചില്ല. ഏഴു ആൺമക്കളും മൂന്നു പെൺമക്കളും പിന്നെയും ഉണ്ടായി. പത്തുമക്കൾ.

നിരാശപ്പെട്ടുപോയ ഭാര്യ മടങ്ങിവന്നു. സന്തോഷമായി. അകന്നുപോയ വേലക്കാരെല്ലാം മടങ്ങിവന്നു. നഷ്ടപ്പെട്ടുപോയ സമ്പത്തെല്ലാം ഇരട്ടിയായി തിരികെ കിട്ടി. ഇയ്യോബിന്റെ സ്ഥിതിക്കു യഹോവ ഭേദം വരുത്തി. കണ്ണുകാഴ്ച കിട്ടിക്കഴിഞ്ഞപ്പോൾ.

> “ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തെക്കാൾ അധികം അനുഗ്രഹിച്ചു...” ഇയ്യോബ് 42 : 12

നിങ്ങൾക്കും അനുഗ്രഹത്തിന്റെ നല്ല കാലങ്ങൾ തരുവാൻ കരുണയുള്ള കർത്താവിനു മനസ്സാണ്. നഷ്ടപ്പെട്ടുപോയ കാലങ്ങൾക്കു പകരം എല്ലാം ഇരട്ടിയായി മടക്കിത്തരുവാൻ കർത്താവ് മനസ്സുള്ളവനാണ്. തുള്ളനും, വെട്ടുക്കിളിയും, വിട്ടിലും, പച്ചപ്പുഴുവും തിന്നു കളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി പകരം തരാം എന്നു കരുണയുള്ള കർത്താവു പറയുന്നു. യോവേൽ 2 : 25

ഈ അനുഗ്രഹത്തിനു എന്താണ് കാരണം? എന്നെ അനുഗ്രഹിക്കുവാൻ അവൻ ക്രൂശിന്മേൽ ശാപമായിത്തീർന്നു. എനിക്കും നിങ്ങൾക്കും വേണ്ടി ശാപമേറ്റവൻ, കുരിശു വ

ഹിച്ചവൻ വാടിത്തളർന്നു അവശനായി പ്രാഞ്ചി പ്രാഞ്ചി കിതച്ചുകൊണ്ടു മല കയറി പോവുകയാണ്. അവന്റെ ചുമ ലിൽ കുരിശുണ്ട്. അതാണ് നമ്മുടെ സകല അനുഗ്രഹത്തി ന്റെയും നിദാനം.

അവൻ കുരിശും ചുമന്നുകൊണ്ടു ഒരിക്കൽ ഗോഗുൽത്താ മല കയറി. അവൻ വേച്ചുവേച്ചു നടന്നു. ആ ഭാരമേറിയ കുരിശു ചുമന്നപ്പോൾ അവന്റെ കാൽ ഇടറിപ്പോ യി. ചിലപ്പോൾ അവൻ വീണു. വീണപ്പോഴെല്ലാം പുറത്തു ചാട്ടവാറ് ആഞ്ഞുകൊണ്ടു. ചാട്ടവാറിൽ കൊരുത്തിരുന്ന ആണികൾ, വലിയ ഇരുമ്പുകട്ടകൾ, ആണിപോലെത്തെ കൊളുത്തുള്ള കട്ടകൾ, അവന്റെ ശരീരത്തിൽ തുളഞ്ഞുക യറി. കർത്താവിന്റെ ശരീരം മുറിഞ്ഞുകീറി. ചോര ചീറി ചീറി തെറിച്ചു. ആ ചാട്ടയുടെ ഓരോ അറ്റം വയറിൽ വന്നു തിരിഞ്ഞ് വളഞ്ഞുവന്നുകൊണ്ടിട്ട് വയറിലെ മാംസവും കൂടെ ചീന്തിക്കൊണ്ടാണ് ചാട്ട തിരിച്ചെടുത്തത്.

യേശുവിന്റെ ശരീരം പിച്ചിച്ചീന്തി. കാലുകളും കൈകളും തുളയ്ക്കപ്പെട്ടു. ഭാരമേറിയ കുരിശു ചുമന്നുകൊണ്ടു പോയ പ്പോഴാണ് കർത്താവു വേച്ചു വീണത്. കർത്താവു പിന്നെയും ഭാരത്തോടെ ആ കുരിശു താങ്ങിക്കൊണ്ടു പിന്നെയും മുട്ടി ന്മേൽ പൊങ്ങി പൊങ്ങി, അതു എടുത്തുകൊണ്ടു നടന്നു.

അപ്പോഴാണ് കുറേനക്കാരനായ ശീമോൻ യാദൃച്ഛയാ അതു വഴിവന്നു. അവൻ കരുതിക്കൂട്ടി വന്നതല്ല. ഒരാൾ വലിയൊരു കുരിശും പേറി പോവുന്നു. ചാട്ടവാറുകൊണ്ടു അടികൊള്ളുന്നു. എന്താണെന്നു അറിയുവാൻ അടുത്തു ചെന്നതാണ്. ഭാഗ്യവശാൽ ആ കുരിശിന്റെ അറ്റം ഒന്നു താങ്ങി കൊടുക്കാൻ അവനു ഒരു അവസരം കിട്ടി. അവൻ ആ അറ്റമൊന്നു താങ്ങിക്കൊടുത്തു. കർത്താവ് ദയാവാ

യ്പോടെ, കാരുണ്യത്തോടെ, സ്നേഹത്തോടെ ഒന്നു പുഞ്ചിരിച്ച് അവന്റെ മുഖത്തേയ്ക്കു ഒന്നു നോക്കി.

കുറേനക്കാരനായ ശീമോന്റെ കുടുംബം അനുഗ്രഹിക്കപ്പെട്ടു. അവന്റെ മക്കൾ അനുഗ്രഹിക്കപ്പെട്ടു. അവന്റെ ഭാര്യ അനുഗ്രഹിക്കപ്പെട്ടു. വയലിൽനിന്നു വന്ന അവൻ ഒരു പാവപ്പെട്ട കൃഷിക്കാരനാണ്. എന്നാൽ കുറേന എന്ന കുഗ്രാമത്തിലെ ആ കൃഷിക്കാരൻ, ലോകചരിത്രത്തിൽ എണ്ണപ്പെട്ട സ്ഥാനം സമ്പാദിച്ചു, നിങ്ങൾക്കും താങ്ങാം ആ കുരിശ്. നിങ്ങളുടെ ശാപം മാറ്റി അനുഗ്രഹം തരാനാണ് അവൻ കുരിശിൽ ശാപം ഏറ്റത്. അവൻ സാത്താന്റെയും മനുഷ്യരുടെയും അടിയേറ്റു തളർന്നു വീണു.

ദൈവപൈതലേ, നീയും സാത്താന്റെ അനേകം അനേകം അടികൾ കൊണ്ടു. രോഗം വന്നു. ആപത്തു വന്നു. പീഡ വന്നു. പലതും സംഭവിച്ചു പോയി. പല പാപങ്ങൾ വന്നു. എല്ലാം സാത്താന്റെ ഉഗ്രപ്രഹരങ്ങൾ തന്നെ.

എന്നാൽ ഇവ എല്ലാറ്റിന്റെയും ശിക്ഷ യേശു വഹിച്ചു. നിനക്കുമോചനം തരാൻ ക്രൂശിന്മേൽ അവൻ മൂന്നാണികളിൽ തൂങ്ങി. അവന്റെ കൈകാലുകൾ ആണിയടിച്ചു. ചോര ചീറി ചീറി തെറിച്ചൊഴുകി. അവന്റെ ശിരസ്സിൽ മുൾമുടി വച്ചപ്പോൾ ഒഴുകിയ ചോര വിയർപ്പോടു കലർന്ന് മുഖത്ത് അവർ തുപ്പിയ തുപ്പലും കൂടികലർന്ന് താഴോട്ടു ഒലിച്ചൊലിച്ചു ഇറങ്ങി - അവന്റെ ശരീരമാസകലം വിണ്ടുകീറി. അവനെ കണ്ടാൽ ആളല്ല എന്നു തോന്നുമാറ് രൂപഗുണമില്ല, സൗന്ദര്യമില്ല. അവനിതാ ത്യജിക്കപ്പെട്ടവനായി രോഗം ശീലിച്ചവനായി, വ്യസനപാത്രമായി കുരിശിന്മേൽ കിടന്നു. യെശയ്യാവ് 53 : 1 – 5 നോക്കുക.

കർത്താവെ നിന്റെ ശരീരത്തിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ ഓരോ കണികയും എന്റെ ശാപവും പാപവും മാറ്റുകയായിരുന്നല്ലോ. എന്റെ ജീവിതത്തിൽ വന്നുപോയ കെടുതികൾ മാറ്റുകയായിരുന്നല്ലോ. ആ ഒരു തുള്ളി എന്റെ കണ്ണിൽ വന്നു വീണതു കൊണ്ടാണല്ലോ എനിക്കു കാഴ്ച കിട്ടിയത്. ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെ ശരീരത്തിൽ വീണതു കൊണ്ടാണല്ലോ ഞാനിന്നു ജീവിക്കുന്നത്. ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെ രോഗമുള്ള ഭാഗത്തു വീണതു കൊണ്ടാണല്ലോ ഞാനിന്നു എഴുന്നേറ്റു നിൽക്കുന്നത്. ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെ തലയിൽ വീണതു കൊണ്ടാണല്ലോ എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം മാറിയത്.

ആ തിരുരക്തം ഇപ്പോൾ നിങ്ങളുടെ മേൽ തളിക്കുവാൻ കർത്താവിനു ആഗ്രഹമുണ്ട്. ആ തിരുരക്തം പരിശുദ്ധന്റെ പരിപാവന രക്തമാണ്. ആ തിരുരക്തം അന്ധത മാറ്റുന്ന രക്തമാണ്. ആ തിരുരക്തം ആപത്തുമാറ്റുന്ന രക്തമാണ്. ആ തിരുരക്തം പാപം മാറ്റുന്ന രക്തമാണ്. ആ തിരുരക്തം സ്വഭാവം മാറ്റുന്ന രക്തമാണ്. ആ തിരുരക്തം പാപിയെ വീണ്ടെടുക്കുന്ന രക്തമാണ്. ആ തിരുരക്തം ശാപങ്ങൾ മാറ്റുന്ന രക്തമാണ്. ആ തിരുരക്തം അനുഗ്രഹത്തിന്റെ രക്തമാണ്. ആ തിരുരക്തം ശക്തി പകരുന്ന രക്തമാണ്. ആ തിരുരക്തം സൗഖ്യം നല്കുന്ന രക്തമാണ്. ആ തിരുരക്തം കുടുംബസമാധാനം പകരുന്ന രക്തമാണ്. ആ തിരുരക്തം നിങ്ങളെ നരകത്തിന്റെ വാതിൽക്കൽ നിന്നു വലിച്ചു കൊണ്ടു വന്നു, സ്വർഗ്ഗത്തിലാക്കുന്ന തിരുരക്തമാണ്.

ആ തിരുരക്തം ഇപ്പോൾ നിങ്ങളെ സമീപിക്കുകയാണ്. ആ തിരുരക്തം നിങ്ങളെ വിളിക്കുകയാണ്. ആ തിരുരക്തം

നിങ്ങളോടു ഗുണകരമായി സംസാരിക്കുകയാണ്. ആ തിരു രക്തം നിങ്ങളുടെ തലമേൽ വീഴണമെന്ന് ആഗ്രഹിക്കുന്നു വെങ്കിൽ, ആ തിരുരക്തം ഇപ്പോൾ നിങ്ങൾക്കു മുദ്രയായി കിട്ടണെന്നു ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ കർത്താവി നോടു ഒരു വാക്കു പറയൂ. കർത്താവേ സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹാതമ്പുരാനെ ഞാൻ എന്നന്നേയ്ക്കു മായി സ്വീകരിക്കുന്നു.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം

*(Contd..)*

23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. Glittering Future (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERTS (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും!
48. നന്മയുടെ പാനപാത്രം

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |
| ശനി | SW 25 മീറ്റർ | : 7.30 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| ഒന്നാം ചൊവ്വാഴ്ച | 10.00AM – 12.30PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | ● 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ.ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ.എസ്. പോൾ കോർണർ, **കണ്ണൂർ** |
| | 2.30PM – 5.300PM | സി.ആർ.എഫ്. സെന്റർ, **മീനങ്ങാടി** |
| | 6.30 – 08.30 PM | കല ഓഡിറ്റോറിയം, **കോതമംഗലം** |
| | 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| | 6.00 PM – 8.0 PM | വൈ.എം.സി.എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| | 6.00 PM – 8.30 PM | പഴയ പ്രൈവറ്റ് ബസ് സ്റ്റാന്റിന് എതിർവശം, ലൂർദ്ദ് സെന്റർ, **ആലുവ** |

Contd...

| | | |
|---|---|---|
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേളച്ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| | 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയകോട്** |
| | 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |